VOL NO: 06 | ISSUE 18
www.nerpatham.com
mail@nerpatham.com
2022 APRIL 30 | ₹10

# നേർപഥം
വാരിക



## ഹൃദയവും ഗ്രാഹ്യശക്തിയും

അസഹിഷ്ണുതയുടെയും പരമതവിദ്വേഷത്തിന്റെയും പാരമ്യതയാണ് ബുൾഡോസർ രാഷ്ട്രീയത്തിലൂടെ ഭരണ സിരാകേന്ദ്രം കഴിഞ്ഞ നാളുകളിൽ കാണിച്ചുതന്നത്! സംരക്ഷകർതന്നെ സംഹാരകരാവുന്ന അനുഭവങ്ങൾ പൗരന്മാരുടെ പ്രതീക്ഷകളെ പാതാളക്കുഴിയിലേക്കാണ് കൊണ്ടിടുന്നത്. ഭരണഘടനക്കു നേരെ നീണ്ട ബുൾഡോസർ ബ്ലേഡുകൾ ജുഡീഷ്യറിയെയും വെറുതെ വിടുമെന്ന് വിശ്വസിക്കുക വയ്യ

# ബുൾഡോസറുകൾ ഇന്ത്യയുടെ മാറിടം പിളർത്തുന്നു

|| റമദാനിനു ശേഷം?
|| കടത്തിന്റെ സകാത്ത്
|| സ്വവർഗരതി: വിശുദ്ധ ക്വുർആനിലെ പ്രയോഗങ്ങൾ




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm

0275

# നേർപഥം

വാരിക

2022 ഏപ്രിൽ 30
1443 റമദാൻ 28
പുസ്തകം 06 / ലക്കം 18






Printed, published
& owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Design, Cover & Layout:
Musthafa Mannarottil



Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






05
മുഖമൊഴി
റമദാനിനു ശേഷം

06
ലേഖനം
കടത്തിന്റെ സകാത്ത്
പി. എൻ അബ്ദുർറഹ്മാൻ

09
ലേഖനം
നോക്കി ഭയപ്പെടുത്തരുത്
സ്വലാഹുദ്ദീൻ ഇബ്നു സലീം

16
ലേഖനം
മാസനിർണയത്തിന് പ്രവാചക വിരുദ്ധ മാനദണ്ഡങ്ങൾ സ്വീകരിക്കാത്തത് യാഥാസ്ഥിതികതയോ?
പി. ഒ. ഉമർഫാറൂഖ്

18
ലേഖനം
രോഗവും മരുന്നും
ഇമാം ഇബ്നുൽ ക്വയ്യിം അൽജൗസിയ്യ
വിവർത്തനം: ബിൻത് മുഹമ്മദ്

23
ക്വുർആൻ ദർശനം
അൽഫത്ഹ് (വിജയം)
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

26
ചരിത്രപഥം
നബി(സ്വ)യുടെ വിവാഹങ്ങൾ
ഹുസൈൻ സലഫി

29
ലേഖനം
ഹൃദയവും ഗ്രാഹ്യശക്തിയും
ഡോ. ടി. കെ യൂസുഫ്

32
ലേഖനം
സ്വവർഗരതി: വിശുദ്ധ ക്വുർആനിലെ പ്രയോഗങ്ങൾ
സലീം പട്‌ല

34
മധുരം ജീവിതം
നമുക്കായ് ജനിച്ചവർ
ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

ചലനങ്ങൾ

# പ്രതിപക്ഷ നേതാവിനെ ആശങ്കയറിയിച്ചു

രാജ്യത്ത് ന്യൂനപക്ഷങ്ങൾക്ക് നേരെയുള്ള അക്രമങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ നിയമവാഴ്ചയും മതനിരപേക്ഷ കക്ഷികളും ദുർബലപ്പെടുന്നതിലൂടെ സംഭവിക്കുന്ന അപകടത്തിന്റെ ആഴം, പ്രതിപക്ഷനേതാവ് വി.ഡി സതീശനുമായി വിസ്ഡം നേതാക്കൾ പങ്കുവച്ചു. തിരുവനന്തപുരത്ത് കണ്ടോൺമെന്റ് ഹൗസിലായിരുന്നു കൂടിക്കാഴ്ച.

കേരളത്തിൽ വർധിച്ചുവരുന്ന കൊലപാതകങ്ങളും വർഗീയ ധ്രുവീകരണവും തടയാനുള്ള യോജിച്ച മുന്നേറ്റങ്ങൾക്ക് കോൺഗ്രസ് നേതൃത്വം നൽകണമെന്ന് ആവശ്യപ്പെട്ടു. സ്വതന്ത്രവാദം തീർക്കുന്ന അതിരുകളില്ലാത്ത ലോകം വിളിച്ചുവരുത്തുന്ന അപകടങ്ങൾ ചർച്ചചെയ്തു. മതേതരത്വത്തിന്റെ മറവിൽ മതരഹിത സമൂഹത്തെ സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ ചൂണ്ടിക്കാട്ടി. ലിംഗനീതി ഉറപ്പുവരുത്തുന്നതിന് പകരം, ജെൻഡർ ഡിസ്ഫോറിയയിലേക്ക് നയിക്കുന്ന ജെൻഡർ ന്യൂട്രൽ എന്ന ആശയം ഉണ്ടാക്കാനിടയുള്ള അപകടങ്ങൾ ശ്രദ്ധയിൽപ്പെടുത്തി.

മുസ്‌ലിം സമുദായത്തെ പൊതുസമൂഹത്തിൽനിന്ന് കൂടുതൽ ഒറ്റപ്പെടുത്തുന്ന നിലപാടുകൾ സ്വീകരിച്ച് സ്വന്തം സംഘടനയെ ശക്തിപ്പെടുത്താൻ ശ്രമിക്കുന്നവർ ആയുധമാക്കുന്നത് മതേതര കക്ഷികളുടെ നിഷ്‌ക്രിയത്വമാണെന്ന യാഥാർഥ്യം തിരിച്ചറിഞ്ഞുള്ള നീക്കങ്ങൾ ശക്തിപ്പെടുത്തുമെന്ന് അദ്ദേഹം വ്യക്തമാക്കി. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ടി.കെ അശ്‌റഫ്, ഡോ.പി.പി നസീഫ് എന്നിവരാണ് പ്രതിപക്ഷ നേതാവുമായി കൂടിക്കാഴ്ച നടത്തിയത്.

വായനക്കാർ എഴുതുന്നു

# ഏലസ്സിലൂടെ സ്വർഗം നഷ്ടപ്പെടുത്തുന്നവർ

'നേർപഥം' ലക്കം 274 ൽ സഹ്‌റ സുല്ലമിയ്യ എഴുതിയ 'ഏലസ്സ് പൊട്ടിച്ചെറിഞ്ഞവർ' എന്ന കുറിപ്പ് ശ്രദ്ധേയമായിരുന്നു. സമൂഹത്തിൽ ഏലസ്സും ഐക്കല്ലും മന്ത്രിച്ചൂതിയ നൂലുമൊക്കെ അരയിലും കഴുത്തിലും കൈയിലും കെട്ടിനടക്കുന്ന അനേകം സ്ത്രീകളും പുരുഷന്മാരും കുട്ടികളുമുണ്ട്. അധികമാളുകൾക്കും അതിന്റെ അപകടമെന്തെന്നറിയില്ല എന്നതാണ് വസ്തുത. അവ ശരീരത്തിലുണ്ടെങ്കിൽ യാതൊരാപത്തും വരികയില്ല എന്നവർ വിശ്വസിക്കുന്നു. അഥവാ പടച്ചവനിൽ ഭരമേൽപിക്കാതെ ഏലസ്സിലും മറ്റും ഭരമേൽപിക്കുന്നു. അത് പച്ചയായ ശിർക്കാണെന്ന് അവർ തിരിച്ചറിയുന്നില്ല. ശിർക്കിന്റെ ഗൗരവം തിരിച്ചറിയുന്നവർക്കേ ഈ തെറ്റിൽനിന്നും മോചിതരാകാൻ കഴിയൂ.

"തീർച്ചയായും ശിർക്ക് വലിയ അക്രമം തന്നെയാണ്" (ക്വുർആൻ 31:13). ശിർക്ക് ചെയ്തവനായി മരണപ്പെടുന്നവന് അല്ലാഹുവിൽനിന്നുള്ള പാപമോചനം സിദ്ധിക്കുകയില്ല. അല്ലാഹു പറയുന്നു: "തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്" (ക്വുർആൻ 4:48).

ശിർക്ക് ചെയ്യുന്നവന് എന്നെന്നേക്കുമായി സ്വർഗം നിഷിദ്ധമാണെന്ന് അല്ലാഹു അറിയിക്കുന്നു: "അല്ലാഹുവിനോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം തീർച്ചയായും അല്ലാഹു അവന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും" (5: 72).

ശിർക്ക് ചെയ്യുന്നവൻ വ്യക്തമായ വഴികേടിലകപ്പെട്ടവനാണ്. ഏകദൈവവിശ്വാസത്തിന്റെ ഔന്നിത്യത്തിൽനിന്ന് അവൻ നിലംപൊത്തിയിരിക്കുന്നു. അല്ലാഹു പറയുന്നു: "അല്ലാഹുവിൽ വല്ലവനും പങ്കുചേർക്കുന്ന പക്ഷം അവൻ ആകാശത്തുനിന്ന് വീണതുപോലെയാകുന്നു. അങ്ങനെ പക്ഷികൾ അവനെ റാഞ്ചിക്കൊണ്ടു പോകുന്നു. അല്ലെങ്കിൽ കാറ്റ് അവനെ വിദൂരസ്ഥലത്തേക്ക് കൊണ്ടുപോയി തള്ളുന്നു" (22:31).

**-ഉമ്മു ഹംദാൻ, മഞ്ചേരി**

# റമദാനിനു ശേഷം?

അങ്ങനെ ഒരു റമദാൻ മാസംകൂടി വിടപറഞ്ഞിരിക്കുന്നു. കോവിഡിന്റെ ഭീതിയില്ലാതെ തന്നെ ഇത്തവണ വിശ്വാസികൾ നോമ്പിന്റെ മാസം കഴിച്ചുകൂട്ടി. പള്ളികൾ രാത്രിയും പകലും സജീവമായിരുന്നു. ക്വുർആൻ പാരായണം ചെയ്യുന്നതിലും പഠിക്കുന്നതിലും പഠനക്ലാസ്സുകളിൽ പങ്കെടുക്കുന്നതിലും വിശ്വാസികൾ പ്രത്യേകം ശ്രദ്ധ ചെലുത്തി. ഇന്ധനത്തിനും നിത്യോപയോഗ സാധനങ്ങൾക്കുമെല്ലാം വില കുത്തനെ ഉയർന്നിട്ടുണ്ടെങ്കിലും ഇഫ്താർ സംഗമങ്ങൾക്ക് കുറവുണ്ടായിരുന്നില്ല. ദാനധർമങ്ങളിലും വിശ്വാസികൾ പിശുക്കു കാട്ടിയില്ല. സർവശക്തനായ സ്രഷ്ടാവിന്റെ പ്രീതിയാഗ്രഹിച്ചുകൊണ്ടാണ് ഇതെല്ലാം ചെയ്തത്. വിശ്വാസത്തോടെയും പ്രതിഫലേച്ഛയോടെയും ചെയ്യുന്ന ആരാധനാകർമങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട പ്രതിഫലത്തിലാണ് പ്രതീക്ഷ.

റമദാനിൽ കാണിച്ച ഭയഭക്തിയും സൂക്ഷ്മതയും റമദാനിനുശേഷവും ജീവിതത്തിൽ നിലനിർത്താൻ കഴിയുന്നുണ്ടോ ഇല്ലേ എന്ന് സ്വയം പരിശോധിക്കേണ്ടതുണ്ട്. ഉണ്ട് എന്നാണ് ഉത്തരമെങ്കിൽ നോമ്പ് സാർഥകമായി എന്നു മനസ്സിലാക്കാം. എല്ലാ കാലത്തും എല്ലാ മേഖലകളിലും സ്രഷ്ടാവിന്റെ വിധിവിലക്കുകൾ അനുസരിച്ചു ജീവിക്കുവാൻ കരാർ ചെയ്തവനാണ് സത്യവിശ്വാസി. ശരീരവും സമ്പത്തും ആരാധനയും എന്നു മാത്രമല്ല ജീവിതവും മരണവും സ്രഷ്ടാവിന് സമർപ്പിക്കുവാൻ സന്നദ്ധനാകുന്നവനാണ് അവൻ. "പറയുക: തീർച്ചയായും എന്റെ പ്രാർഥനയും എന്റെ ആരാധനാകർമങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു" (ക്വുർആൻ 6:162).

വിശ്വാസത്തിൽ മായം കലരാതിരിക്കാൻ ജാഗ്രത കാണിക്കേണ്ടതുണ്ട്. സ്രഷ്ടാവിലുള്ള വിശ്വാസം അതിന്റെ ശരിയായ രൂപത്തിലല്ലെങ്കിൽ നിഷ്ഫമായ ഒരു സങ്കൽപം മാത്രമായിരിക്കും അത്. വിശ്വാസം ശരിയാകാത്തിടത്ത് കർമങ്ങളും നിഷ്ഫലമായിരിക്കുക സ്വാഭാവികമാണ്. വിശുദ്ധ ക്വുർആൻ പറയുന്നു: "ആണാകട്ടെ പെണ്ണാകട്ടെ, ആർ സത്യവിശ്വാസിയായിക്കൊണ്ട് സൽപ്രവൃത്തികൾ ചെയ്യുന്നുവോ അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അവർ ഒരു തരിമ്പും അനീതി കാണിക്കപ്പെടുന്നതല്ല" (4:124).

സ്രഷ്ടാവിൽ വിശ്വസിക്കുമ്പോൾ ആ സ്രഷ്ടാവിന്റെ മാർഗദർശനം ജീവിതത്തിൽ പ്രായോഗികമാക്കേണ്ടത് ആവശ്യമാണ്. അത് ഏതെങ്കിലുമൊരു മാസത്തിൽ മാത്രം പ്രാവർത്തികമാക്കേണ്ടതല്ല. സ്രഷ്ടാവിന്റെ താൽപര്യപ്രകാരമുള്ള ജീവിതം നയിക്കുകയെന്നതാണ് വിശ്വാസാധിഷ്ഠിതമായ ജീവിതത്തിന്റെ അടിത്തറ. "നിങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് നിങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നിങ്ങൾ പിൻപറ്റുക..." (7:3).

വ്യക്തിയുടെ ജീവിതത്തിൽ സമൂലമായി സ്വാധീനം ചെലുത്തുകയും വാക്കുകളെയും വികാരങ്ങളെയും വിചാരങ്ങളെയും സ്വാധീനിക്കുകയും ചെയ്യുന്ന ഘടകമായി വിശ്വാസം മാറേണ്ടതുണ്ട്. കർമങ്ങളിലേക്കുള്ള പ്രേരണകൾ വിശ്വാസത്തിൽനിന്നും ലഭിച്ചില്ലെങ്കിൽ വിശ്വാസം കേവലം മാനസികമായ പ്രവൃത്തി മാത്രമായിത്തീരും.

"വിശ്വാസികളേ, നിങ്ങൾ വിശ്വാസികളാവുക' എന്ന വിശുദ്ധ ക്വുർആനിന്റെ ആഹ്വാനം ഏറെ അർഥതലങ്ങൾ ഉൾക്കൊള്ളുന്നതാണ്: "സത്യവിശ്വാസികളേ, അല്ലാഹുവിലും അവന്റെ ദൂതനിലും അവന്റെ ദൂതന്ന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും മുമ്പ് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും നിങ്ങൾ വിശ്വസിക്കുവിൻ..." (ക്വുർആൻ 4: 136).

വിശ്വാസികളെ വിളിച്ചുകൊണ്ട് വിശ്വാസികളാകുവിൻ എന്ന് കൽപിക്കുമ്പോൾ വിശ്വാസം ദൃഢീകരിക്കേണ്ടതിന്റെ ആവശ്യം ബോധ്യമാകുന്നു. അതോടൊപ്പം പ്രവർത്തനങ്ങളിലൂടെയുള്ള വിശ്വാസ പ്രതിഫലനത്തിന്റെ ആവശ്യകതയും അത് മനസ്സിലാക്കിത്തരുന്നു. റമദാനിലൂടെ നേടിയെടുത്ത വിശ്വാസദാർഢ്യവും ഭയഭക്തിയും നിലനിർത്തി മുന്നേറാൻ ശ്രമിക്കുക.



ലേഖനം

# കടത്തിന്റെ സകാത്ത്

## പി. എൻ അബ്ദുർറഹ്മാൻ

കടം രണ്ടുവിധമുണ്ട്. ഒന്ന്, മറ്റുള്ളവരിൽനിന്നും തനിക്ക് ലഭിക്കുവാനുള്ള കടം. രണ്ട്, മറ്റുള്ളവർക്ക് താൻ നൽകുവാനുള്ള കടം.

**ലഭിക്കുവാനുള്ള കടത്തിന്റെ സകാത്ത്:**

മറ്റൊരാളിൽനിന്നും തനിക്ക് ലഭിക്കുവാനുള്ള പണത്തിന് സകാത്ത് നൽകേണ്ടതുണ്ടോ എന്ന വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായഭിന്നതയുണ്ട്. ഒരാളിൽനിന്നും തനിക്ക് ലഭിക്കാനുള്ള കടം രണ്ടുവിധമാണ്; തിരിച്ചുകിട്ടാനുള്ള സമയമെത്തിയതും സമയമെത്താത്തതും.

തിരിച്ചുകിട്ടാൻ സമയമെത്തിയതും തിരിച്ചുകിട്ടും എന്ന് ഉറപ്പുള്ളതുമായ പണത്തിന് സകാത്ത് കൊടുക്കണം. കാരണം അത് എപ്പോൾ നാം ആവശ്യപ്പെടുന്നോ അപ്പോൾ നമുക്ക് ലഭിക്കുന്നു. അതിനാൽത്തന്നെ നമ്മുടെ കൈവശമുള്ള പണത്തെപ്പോലെത്തന്നെയാണത്. എന്നാൽ അവധിയെത്താത്ത, പിന്നീട് തിരിച്ചുലഭിക്കാനുള്ള കടത്തിന്റെ വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായഭിന്നതയുണ്ട്. അവയെ രണ്ടായി തരംതിരിക്കാം; തിരിച്ചുകിട്ടാൻ സാധ്യതയുള്ളതും തിരിച്ചുകിട്ടാൻ സാധ്യതയില്ലാത്തതും.

തിരിച്ചുകിട്ടാൻ സാധ്യതയില്ലാത്ത കടമാണെങ്കിൽ, അഥവാ കടക്കാരനായ ആൾ പാപ്പരായത് കാരണത്താൽ കടം തിരിച്ചുതരാൻ സാധിക്കാതെ വരുകയോ, അതല്ലെങ്കിൽ കടം മനപ്പൂർവം തിരിച്ചു തരാതിരിക്കുകയോ ചെയ്യുന്നപക്ഷം അതിന് സകാത്ത് ബാധകമല്ല എന്നതാണ് പ്രബലമായ അഭിപ്രായം. എന്നാൽ ശൈഖ് ഇബ്നുബാസ്(റഹി), ശൈഖ് ഇബ്നു ഉസൈമീൻ(റഹി) തുടങ്ങിയവർ തിരികെ ലഭിക്കുമെന്ന് പ്രതീക്ഷയില്ലാത്ത കടത്തിന് സകാത്ത് ബാധകമല്ല എന്ന അഭിപ്രായമാണ് പ്രബലം എന്ന് രേഖപ്പെടുത്തിയതായി കാണാം. കാരണം അയാളുടെ പണംതന്നെ നഷ്ടപ്പെട്ടതുപോലെയാണ്. അതു കിട്ടുമെന്ന പ്രതീക്ഷയും ഇല്ല. പിന്നെ സകാത്ത് കൂടി നൽകണം എന്ന് പറയുന്നതിൽ അർഥമില്ലല്ലോ. മാത്രമല്ല സാമ്പത്തികമായ പ്രയാസം കാരണത്താലാണ് കടക്കാരൻ അത് തിരിച്ചുനൽകാത്തതെങ്കിൽ അയാൾക്ക് കുറച്ചുകൂടി ഇട നൽകുക എന്നത് ഇസ്‌ലാം ഏറെ പ്രോത്സാഹിപ്പിച്ച കാര്യം കൂടിയാണ്. അയാൾക്ക് കൂടുതൽ സമയം അനുവദിച്ചുകൊടുക്കുന്നതോടൊപ്പം അതിന്റെ സകാത്ത് കൂടി അയാൾ നൽകണം എന്ന് പറയുന്നത് ഇസ്‌ലാമിന്റെ പൊതുതത്ത്വങ്ങളോട് യോജിക്കുന്നതുമല്ല. അതിനാൽതന്നെ തിരിച്ചുകിട്ടുമെന്ന് പ്രതീക്ഷയില്ലാത്ത പണത്തിന് സകാത്ത് ബാധകമല്ല എന്ന അഭിപ്രായം ശറഇന്റെ പൊതുതത്ത്വങ്ങളെ അന്വർഥമാക്കുന്ന ഏറെ ഉചിതമായ അഭിപ്രായമാണ് എന്നതിൽ സംശയമില്ല.

അവധിയെത്താത്ത, തിരിച്ചുകിട്ടുമെന്ന് ഉറപ്പുള്ള കടത്തിന് വർഷാവർഷം സകാത്ത് നൽകേണ്ടതുണ്ടോ എന്നതാണ് മറ്റൊരു ചർച്ചാവിഷയം. കടത്തിന്റെ വിഷയത്തിലുള്ള പണ്ഡിതാഭിപ്രായങ്ങൾ വളരെ സംക്ഷിപ്തമായി വിലയിരുത്തുന്നത് കാര്യങ്ങൾ കൂടുതൽ വ്യക്തതയോടെ ഗ്രഹിക്കാൻ സഹായകമാകും. തിരിച്ചു ലഭിക്കുവാനുള്ള കടത്തിന്റെ വിഷയത്തിലുള്ള അഭിപ്രായങ്ങൾ:

കടം തിരിച്ചുനൽകാനുള്ള വ്യക്തി തിരിച്ചുനൽകാൻ പ്രാപ്തിയുള്ള ആളാണെങ്കിൽ, തന്റെ സകാത്ത് കണക്കുകൂട്ടുന്നതോടൊപ്പം കടമായി തിരിച്ചുകിട്ടാനുള്ള സംഖ്യയും കൂട്ടണം. അഥവാ ആ കടത്തിന് വർഷാവർഷം സകാത്ത് നൽകണം. ഇതാണ് ശാഫിഈ മദ്ഹബിലെ പ്രബലമായ അഭിപ്രായം, അതുപോലെ ഇമാം അഹ്മദിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട ഒരഭിപ്രായവും ഇതാണ്. അബൂ ഉബൈദ് (റഹി), ഇസ്ഹാക്ബ്നു റാഹവൈഹി (റഹി) എന്നിവരുടെ അഭിപ്രായവും ഇതാണ്. അതുപോലെ ഉമറുബ്നുൽ ഖത്ത്വാബ് (റ), ജാബിർ(റ) ഇബ്നു ഉമർ(റ) തുടങ്ങിയവരിൽനിന്നും ഇത് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

കടം തിരിച്ചുതരാനുണ്ട് എന്നത് അംഗീകരിക്കുന്ന ആളിൽനിന്നും തിരികെ ലഭിക്കാനുള്ള കടമാണ് എങ്കിലും, ഇനി കടം മനപ്പൂർവം തിരിച്ചുനൽകാത്ത ആളാണെങ്കിൽ അയാൾക്കെതിരിൽ തന്റെ കൈവശം തെളിവുണ്ട് എങ്കിലും, തന്റെ കൈവശമുള്ള പണത്തെപ്പോലെത്തന്നെ കിട്ടാനുള്ള കടത്തിന്റെ സകാത്തും വർഷാവർഷം ബാധകമാണ്. എന്നാൽ അത് കടം തിരിച്ചുകിട്ടിയതിനു ശേഷം ഒരുമിച്ച് നൽകുകയോ, അതത് വർഷം നൽകുകയോ ചെയ്യാം. ഇതാണ് ഇമാം അബൂഹനീഫ(റഹി)യുടെ അഭിപ്രായം. അവധി എത്തിയോ എത്തിയിട്ടില്ലേ എന്നുള്ളത് ഇമാം അബൂഹനീഫ പരിഗണിക്കുന്നില്ല.

കടം തിരിച്ചുനൽകാനുള്ളയാൾ തിരിച്ചുനൽകാൻ പ്രാപ്തിയുള്ള ആളാണെങ്കിലും അല്ലെങ്കിലും ആ

**കടം തിരിച്ചുതരാനുണ്ട് എന്നത് അംഗീകരിക്കുന്ന ആളിൽനിന്നും തിരികെ ലഭിക്കാനുള്ള കടമാണ് എങ്കിലും, ഇനി കടം മനപ്പൂർവം തിരിച്ചുനൽകാത്ത ആളാണെങ്കിൽ അയാൾക്കെതിരിൽ തന്റെ കൈവശം തെളിവുണ്ട് എങ്കിലും, തന്റെ കൈവശമുള്ള പണത്തെപ്പോലെത്തന്നെ കിട്ടാനുള്ള കടത്തിന്റെ സകാത്തും വർഷാവർഷം ബാധകമാണ്. എന്നാൽ അത് കടം തിരിച്ചുകിട്ടിയതിനു ശേഷം ഒരുമിച്ച് നൽകുകയോ, അതത് വർഷം നൽകുകയോ ചെയ്യാം. ഇതാണ് ഇമാം അബൂഹനീഫ(റഹി)യുടെ അഭിപ്രായം. അവധി എത്തിയോ എത്തിയിട്ടില്ലേ എന്നുള്ളത് ഇമാം അബൂഹനീഫ പരിഗണിക്കുന്നില്ല.**

പണം തിരികെ ലഭിച്ചാൽ ഉടനെ ഒരു വർഷത്തെ സകാത്ത് മാത്രം നൽകുക. പിന്നിട്ടുപോയ വർഷങ്ങളുടെ സകാത്ത് നൽകേണ്ടതില്ല. ഇമാം മാലികി(റഹി)യുടെ അഭിപ്രായം ഇതാണ്. ഹമ്പലി മദ്ഹബിലെ അഭിപ്രായങ്ങളിൽ ഒന്നും ഇതാണ്. ഉമറുബ്നു അബ്ദുൽ അസീസി(റഹി)ൽനിന്നും ഇബ്നു അബ്ദുൽ ബർറ്(റഹി) അദ്ദേഹത്തിന്റെ 'ഇസ്തിദ്കാർ' എന്ന ഗ്രന്ഥത്തിൽ ഇതേ അഭിപ്രായം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉമറുബ്നു അബ്ദുൽ അസീസ് (റഹി) ഇത് നിർദേശിച്ചുകൊണ്ട് മൈമൂൻ ബിൻ മഹ്റാന് കത്തെഴുതിയതായി സുഫ്‌യാനുബ്നു ഉയയ്ന(റഹി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പക്ഷേ, ആ റിപ്പോർട്ടുകൾ പരിശോധിച്ചാൽ അത് തിരിച്ചുകിട്ടുമെന്ന് ഉറപ്പില്ലാത്ത പണം ആയതുകൊണ്ടാണ് ഉമറുബ്നു അബ്ദുൽ അസീസ് (റഹി) ഒരു സകാത്ത് മാത്രം നൽകാൻ ആവശ്യപ്പെട്ടത് എന്നു കാണാം. എന്നാൽ തിരിച്ചു കിട്ടുമെന്ന് ഉറപ്പുള്ളതാണ് എങ്കിൽ എല്ലാ വർഷത്തെ സകാത്തും നൽകണം എന്നതാണ് ഉമറുബ്നു അബ്ദുൽ അസീസി(റഹി)ന്റെ അഭിപ്രായമെന്ന് മനസ്സിലാക്കാം.

തിരിച്ചുകിട്ടാനുള്ള അവധിയെത്താത്ത കടത്തിന് സകാത്ത് ബാധകമല്ല. ഇതാണ് ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ(റഹി)യുടെ അഭിപ്രായം. ശാഫിഈ മദ്ഹബിലെ പഴയ അഭിപ്രായവും ഇതാണ്. ഇബ്നുൽ മുൻദിർ ഇബ്നു ഉമറി(റ)ൽനിന്നും, ആഇശ(റ)യിൽ നിന്നും, ഇക്‌രിമ(റഹി), അത്വാഇ(റഹി)ൽനിന്നും ഉദ്ധരിക്കുന്നതായി ഇമാം ബൈഹഖി അദ്ദേഹത്തിന്റെ സുനനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അഥവാ ഈ അഭിപ്രായപ്രകാരം കടം തിരിച്ചുകിട്ടിയാൽ പിന്നീട് ഹൗൽ തികയുമ്പോൾ അതിന്റെ സകാത്ത് നൽകിയാൽ മതി.

കടത്തിന്റെ സകാത്തിനെ സംബന്ധിച്ച് പ്രതിപാദിക്കുന്ന സുവ്യക്തമായ പ്രമാണങ്ങൾ വരാത്തതാണ് പണ്ഡിതന്മാർക്കിടയിൽ അഭിപ്രായഭിന്നതയുണ്ടാകാൻ കാരണം. സകാത്ത് ബാധകമാണ് എന്ന് പറയുന്നവർ പൊതുവെ സമ്പത്തുക്കളിൽ സകാത്ത് ബാധകമാണ് എന്ന തെളിവുകളെ അവലംബിച്ചുകൊണ്ടാണ് അപ്രകാരം അഭിപ്രായപ്പെട്ടത്. സകാത്ത് ബാധകമല്ല എന്ന അഭിപ്രായക്കാരാകട്ടെ അത് ബാധകമല്ല എന്ന് പ്രതിപാദിക്കപ്പെട്ട അസറുകളെ അവലംബിച്ചുകൊണ്ടും. ഏതായാലും ഇതൊരു ഇജ്തിഹാദിയായ (ഗവേഷണാത്മകമായ) വിഷയമാണ്.

കൂടുതൽ പ്രബലമായ അഭിപ്രായമായി മനസ്സിലാക്കുവാൻ സാധിക്കുന്നത് തിരിച്ചുകിട്ടാനുള്ള അവധിയെത്തിയിട്ടില്ലാത്ത കടത്തിന് സകാത്ത് ബാധകമല്ല എന്ന അഭിപ്രായമാണ്. അത് പ്രബലമാണ് എന്ന് പറയാനുള്ള കാരണം ഇവയാണ്:

1. അവധി എത്തിയിട്ടില്ലാത്ത കടം കിട്ടുമെന്ന് ഇപ്പോൾ ഉറപ്പുണ്ടെങ്കിൽ പോലും അതൊരുപക്ഷേ ഭാവിയിൽ കിട്ടാതിരിക്കുന്ന സാഹചര്യം ഉണ്ടായേക്കാം. അതിനാൽത്തന്നെ കിട്ടുമെന്ന് ഉറപ്പിക്കാൻ സാധ്യമല്ല.

2. കടം വാങ്ങിച്ച ആളുടെ കൈവശം ആ പണം സകാത്ത് ബാധകമാകുന്ന രൂപത്തിൽ ഉണ്ടെങ്കിൽ അതിന്റെ സകാത്ത് കൊടുക്കാൻ അയാൾ ബാധ്യസ്ഥനാണ്. കടം നൽകിയ ആൾ കൂടി കൊടുക്കണം എന്ന് പറയുമ്പോൾ ഒരേ പണത്തിന് രണ്ടുപേർ സകാത്ത് കൊടുക്കുന്ന അവസ്ഥ വരുന്നു. ഒരേ പണത്തിന് രണ്ട് സകാത്ത് ഇല്ല.

3. കടം വാങ്ങുക എന്നത് പ്രോത്സാഹിപ്പിക്കപ്പെട്ട കാര്യമല്ലെങ്കിലും കടം നൽകുക എന്നത് ഇസ്‌ലാം അങ്ങേയറ്റം പ്രോത്സാഹിപ്പിച്ച കാര്യമാണ്. എന്നാൽ ആ പണത്തിന് യാതൊരു പ്രത്യുപകാരവും പ്രതീക്ഷിക്കാതെ തന്റെ സഹോദരന് നൽകുന്ന ഒരാൾ അതിന്റെ സകാത്ത് കൂടി നൽകണം എന്നത് ഇസ്‌ലാമിന്റെ ലക്ഷ്യങ്ങളോട് പൊരുത്തപ്പെടുന്നില്ല. ആരാണോ ആ പണത്തിന്റെ ഉപഭോക്താവ് സകാത്ത് ബാധകമാകുന്ന അവസ്ഥയിൽ അയാളുടെ കൈവശം ആ പണം ഉണ്ട് എങ്കിൽ അതിന്റെ സകാത്ത് നൽകാനുള്ള ബാധ്യസ്ഥനും അയാൾതന്നെയാണ്. അതുകൊണ്ടാണ് ഒരാളുടെ കൈവശം അമാനത്തായി ഏൽപിച്ചതാണ് എങ്കിൽ അതിന്റെ സകാത്ത് കൊടുക്കാൻ, ഏൽപിച്ചയാൾ ഉത്തരവാദിയാണ് എന്ന് പറയുന്നത്. ഏതുസമയത്തും അയാൾക്കത് തിരിച്ചുവാങ്ങാമല്ലോ. എന്നാൽ അവധിയെത്താത്ത കടം അവധി യെത്താതെ തിരിച്ചുവാങ്ങാൻ സാധിക്കില്ല. അപ്പോൾ അതിനെ നിക്ഷേപമായി പരിഗണിക്കാൻ സാധിക്കില്ല.

പ്രബലമായ അഭിപ്രായം അവധിയെത്താത്ത, തിരിച്ച് ലഭിക്കാനുള്ള കടത്തിന് സകാത്ത് ബാധകമല്ല എന്നതാണെങ്കിലും തിരിച്ചുകിട്ടുമെന്ന് ഏകദേശം ഉറപ്പുള്ള കടമാണ് എങ്കിൽ തന്റെ സകാത്ത് കണക്കു കൂട്ടുമ്പോൾ ആ പണം കൂടി കൂട്ടുക എന്നത് തന്നെയാണ് സൂക്ഷ്മത. ശൈഖ് ഇബ്നു ഉസൈമീൻ(റഹി) ശൈഖ് ഇബ്നുബാസ് (റഹി) തുടങ്ങിയ പണ്ഡിതന്മാർ പ്രബലമായ അഭിപ്രായമായി രേഖപ്പെടുത്തിയിട്ടുള്ളതും അതാണ്.

4. ഒരു ധനത്തിന്റെ സകാത്ത് ഒരാളുടെ മേൽ ബാധകമാകണമെങ്കിൽ അയാൾക്ക് അതിൽ സമ്പൂർണമായ ഉടമസ്ഥതയുണ്ടാകണം എന്നത് തർക്കമില്ലാത്ത കാര്യമാണ്. കടം നൽകപ്പെട്ട തുക തനിക്ക് അർഹിക്കുന്നതാണെങ്കിലും അതിൽ തന്റെ മില്കിയ്യത്ത് അഥവാ ഉടമസ്ഥത അപൂർണമാണ്. കാരണം അത് തിരികെ ലഭിച്ചാലല്ലാതെ യാതൊരു ക്രയവിക്രയവും സാധ്യമല്ല. ഇനി കടം വാങ്ങിച്ച വ്യക്തിക്കാകട്ടെ ആ പണം തന്റെ കയ്യിലേക്ക് വന്നതോടെ അതിന്റെ പൂർണ ഉടമസ്ഥതയും ക്രയവിക്രയ സ്വാതന്ത്ര്യവും കൈവന്നു. അതിന് സമാനമായ തുക തിരികെ നൽകണം എന്നത് അയാളുടെ ബാധ്യതയിൽ നിലനിൽക്കുന്ന ഒരു കാര്യം മാത്രവുമാണ്. അപ്പോൾ പൂർണമായ ഉടമസ്ഥത എന്നത് പരിഗണിക്കുമ്പോഴും കടം വാങ്ങിച്ച ആൾ തന്നെയാണ് അയാളുടെ കൈവശം സകാത്ത് ബാധകമാകുന്ന രൂപത്തിൽ ആ പണം ഉണ്ടെങ്കിൽ അതിന്റെ സകാത്ത് കൊടുക്കേണ്ടത്. അതുപോലെ കടം നൽകിയ വ്യക്തിയുടെ ഉടമസ്ഥത അപൂർണമാകുന്നു എന്ന് പറഞ്ഞുവല്ലോ. അത് കൂടുതൽ വ്യക്തമാക്കുന്ന ഒരു കാര്യമാണ് താൻ മറ്റൊരാൾക്ക് കടം നൽകിയ പണം അയാളുടെ അനുവാദം കൂടാതെ അയാളുടെ കയ്യിൽ നിന്നും അയാൾ അറിയാതെ എടുത്താൽ അത് മോഷണമായി പരിഗണിക്കപ്പെടും എന്നത്.

5. സകാത്ത് ധനത്തിൽ ബാധകമാകുന്ന ഒരു കാര്യമാണല്ലോ. അതുകൊണ്ട് ആ ധനം എവിടേക്ക് നീങ്ങുന്നുവോ അതിന്റെ സകാത്തും അതിനെ പിന്തുടരും. ആ നിലക്ക് ആ തുക സകാത്ത് ബാധകമാകുന്ന അവസ്ഥയിൽ ആരുടെ ഉടമസ്ഥതയിലാണോ ഉള്ളത് അയാൾക്കാണ് സകാത്ത് ബാധകമാകുക.

**നൽകുവാനുള്ള കടം**

അഥവാ സകാത്ത് കണക്കുകൂട്ടുന്ന വ്യക്തി മറ്റുള്ളവർക്ക് നൽകുവാനുള്ള കടം. സകാത്ത് കണക്കു കൂട്ടുമ്പോൾ ഈ സംഖ്യ അതിൽനിന്നും കുറക്കാമോ എന്നതാണ് ഇവിടെയുള്ള ചർച്ച. ഈ വിഷയത്തിലെ പ്രബലമായ അഭിപ്രായം ഒരാൾ സകാത്ത് കണക്കുകൂട്ടുന്നതിന് മുമ്പ് അയാളുടെ കടം വീട്ടുകയാണ് എങ്കിൽ ആ പണത്തിന് സകാത്ത് ബാധകമാകുകയില്ല എന്നതാണ്. ശൈഖ് ഇബ്നു ഉസൈമീൻ(റഹി) ഈ വിഷയം വിശദീകരിച്ചശേഷം രേഖപ്പെടുത്തിയത് ഒരാൾ സകാത്ത് കണക്കുകൂട്ടുന്നതിനു മുമ്പായി അയാളുടെ കടം വീട്ടുന്നതിലേക്ക് അഥവാ കടക്കാരന് നൽകുന്നത്തിലേക്ക് നീക്കിവെക്കുന്ന പണത്തിന് സകാത്ത് നൽകേണ്ടതില്ല എന്നതാണ്. കാരണം ഉസ്മാനുബ്നു അഫ്ഫാൻ(റ) 'ഇതാകുന്നു നിങ്ങളുടെ സകാത്ത് നൽകാനുള്ള മാസം. അതിനാൽ നിങ്ങളുടെ കടങ്ങൾ കൊടുത്ത് വീട്ടുകയും ശേഷം സകാത്ത് നൽകുകയും ചെയ്യട്ടെ' എന്ന് ജനങ്ങളോട് പറയാറുണ്ടായിരുന്നു. ആ നിലയ്ക്ക് കടം വീട്ടിയശേഷം ബാക്കി കൈവശമുള്ള പണത്തിന് നിസ്വാബ് തികയുന്നുണ്ട് എങ്കിൽ സകാത്ത് നൽകിയാൽ മതി. എന്നാൽ ശൈഖ് ഇബ്നു ബാസ്(റഹി) രേഖപ്പെടുത്തിയിട്ടുള്ളത് തന്റെ കൈവശമുള്ള നിസ്വാബെത്തിയ പണത്തിന് ഹൗൽ തികഞ്ഞാൽ അതിന്റെ സകാത്ത് നൽകാൻ അയാൾ ബാധ്യസ്ഥനാണ് എന്നതാണ്. കടം വീട്ടുന്നുവെങ്കിൽ അത് ഹൗൽ തികയുന്നതിന് മുമ്പ് ചെയ്യുകൊള്ളട്ടെ.

ഏതായാലും ഇപ്പോൾ തിരിച്ചുനൽകാൻ ഉദ്ദേശിക്കാത്ത കടം സകാത്ത് കണക്കുകൂട്ടുന്നതിൽനിന്നും കിഴിക്കാൻ പാടില്ല എന്ന് മനസ്സിലാക്കാം. അതാണ് പ്രബലമായ അഭിപ്രായം. ഒന്നുകിൽ കടം വീട്ടുക. ഇനി കടം ഇപ്പോൾ വീട്ടുന്നില്ല എങ്കിൽ കടം പരിഗണിക്കാതെത്തന്നെ കൈവശമുള്ള പണം കണക്കുകൂട്ടി സകാത്ത് നൽകുക.

ഉദാ: ഒരാൾക്ക് രണ്ടുവർഷത്തിനുശേഷം തിരിച്ചുനൽകേണ്ടതായ അഞ്ചുലക്ഷം രൂപ കടമുണ്ട്. അയാളുടെ കൈവശം ആകെ പത്തുലക്ഷം രൂപയുമുണ്ട്. ഇന്ന് അയാളുടെ കൈവശമുള്ള പണത്തിന് ഹൗൽ തികയുന്ന ദിവസമാണ് എന്ന് കരുതുക. അയാൾ ആ പത്തുലക്ഷം രൂപക്കും സകാത്ത് നൽകേണ്ടതുണ്ടോ, അതല്ല ആ പത്തുലക്ഷം രൂപയിൽനിന്നും കടമുണ്ട് എന്ന പേരിൽ അഞ്ചുലക്ഷം കുറച്ചതിന് ശേഷം ബാക്കി അഞ്ചുലക്ഷത്തിന് സകാത്ത് നൽകിയാൽ മതിയോ? ഇതാണ് ചർച്ച. അയാൾ അയാളുടെ കടം ഇപ്പോൾ വീട്ടുകയാണ് എങ്കിൽ ആ വീട്ടുന്ന പണം കഴിച്ച് ബാക്കിക്ക് സകാത്ത് നൽകിയാൽ മതി. എന്നാൽ കടം ഇപ്പോൾ വീട്ടുന്നുമില്ല; എങ്കിൽ കടത്തിന്റെ പേരിൽ സകാത്ത് നൽകേണ്ട പണത്തിൽനിന്നും ആ സംഖ്യ കിഴിക്കാൻ പാടില്ല. അഥവാ കടം വീട്ടുകയുമില്ല സകാത്ത് കണക്കുകൂട്ടുമ്പോൾ കൈവശമുള്ള പണത്തിൽ നിന്നും അത് കിഴിക്കുകയും വേണം എന്ന രണ്ടാഗ്രഹവും ഒരുമിച്ച് സാധിക്കില്ല എന്നർഥം.

ശൈഖ് ഇബ്നു ഉസൈമീൻ (റഹി) അശ്ശറഹുൽ മുംതിഇൽ പറയുന്നു: "അല്ലാഹുവിനെ സൂക്ഷിക്കുകയും തന്റെ മേലുള്ള കടം തിരിച്ചടക്കുകയും ചെയ്യുന്ന ആളാണ് എങ്കിൽ, അയാളെ സംബന്ധിച്ചിടത്തോളം ബാക്കി കൈവശമുള്ള പണത്തിന്റെ സകാത്ത് നൽകിയാൽ മതി. എന്നാൽ കടം തിരിച്ചടക്കാതെ ആ പണം പ്രയോജനപ്പെടുത്തുന്ന ആളാണെങ്കിൽ അയാളുടെ മേൽ അതിന്റെ സകാത്ത് ബാധകമാണ്."

പ്രബലമായ അഭിപ്രായം അവധിയെത്താത്ത, കിട്ടാനുള്ള കടം തിരികെ ലഭിക്കുമെന്ന് ഉറപ്പുള്ളതാണെങ്കിലും അല്ലെങ്കിലും അതിന് സകാത്ത് ബാധകമല്ല എന്നതാണ്. ഇനി തിരികെ കിട്ടും എന്ന് ഉറപ്പുണ്ടെങ്കിൽ അവധി എത്തിയില്ലെങ്കിലും സകാത്ത് നൽകണം എന്ന് പറഞ്ഞ ഉലമാക്കളുടെ അഭിപ്രായം സ്വീകരിച്ചുകൊണ്ട് കൂടുതൽ സൂക്ഷ്മത എന്ന അർഥത്തിൽ ഒരാൾ കിട്ടാനുള്ള കടത്തിന്റെ സകാത്ത് നൽകാൻ ആഗ്രഹിക്കുന്നുവെങ്കിൽ അയാൾക്ക് അതാകാം. ■




# നോക്കി ഭയപ്പെടുത്തരുത്

സ്വലാഹുദ്ദീൻ ഇബ്നു സലീം
:94954 67259

ഒരിക്കൽ അവിഹിതബന്ധത്തിൽ ഗർഭിണിയായ ഒരു സ്ത്രീ 'ഞാനൊരു മഹാപാപം ചെയ്തിരിക്കുന്നു, എന്റെ മേൽ ശിക്ഷ നടപ്പിലാക്കണം'എന്നു പറഞ്ഞ് നബി(സ്വ)യുടെ അടുക്കൽ വന്നു. അവർ പ്രസവിച്ച ശേഷം ശിക്ഷ നടപ്പിലാക്കി. ശേഷം പ്രവാചകൻ (സ്വ) അവർക്കുവേണ്ടി നമസ്കരിച്ചപ്പോൾ ചോദിക്കപ്പെട്ടു: 'ഈ വ്യഭിചാരിണിയുടെ മേൽ താങ്കൾ നമസ്കരിക്കുകയാണോ?' പ്രവാചകൻ(സ്വ) പറഞ്ഞു: 'അവൾ പശ്ചാത്തപിച്ചവളാണ്. അവളുടെ പശ്ചാത്താപം മദീനക്കാരിൽ എഴുപത് പാപികൾക്ക് ഭാഗിച്ചാൽ അതവർക്ക് ധാരാളമായിരിക്കും''(മുസ്‌ലിം).

'ആദമിന്റെ സന്തതികൾ എല്ലാവരും തെറ്റുചെയ്യുന്നവരാണ്; അവരിൽ ഉത്തമർ പശ്ചാത്തപിക്കുന്നവരാണ്' എന്ന പ്രവാചക വചനം പശ്ചാത്താപത്തിന്റെ പ്രാധാന്യം ഓർമിപ്പിക്കുന്നു.

പാപങ്ങൾ പറ്റാത്തവരുണ്ടാകില്ല. അതിൽനിന്ന് ഖേദിച്ചുമടങ്ങുകയും ഒരിക്കലും അത്തരം ഒന്ന് ആവർത്തിക്കാതിരിക്കുകയും ചെയ്യുമ്പോൾ അല്ലാഹുവിന്റെ പക്കൽ അയാൾക്കുള്ള സ്ഥാനം മഹത്തരമായിരിക്കും. തെറ്റുപറ്റിയ വ്യക്തിയെ കാണുമ്പോൾ അവജ്ഞയോടെയും ഭയപ്പെടുത്തിയും നോക്കുന്നത് അയാളെ ആ തെറ്റിലേക്ക് വീണ്ടും വലിച്ചിടുന്നതിന് തുല്യമായി മാറും. മാറ്റത്തെ ഉൾക്കൊള്ളാനും മാറുന്നവനെ വിശ്വസിക്കാനും പഠിക്കണം. കുട്ടികളിൽ കാണുന്ന ചെറിയ മാറ്റത്തെപ്പോലും അംഗീകരിക്കാനും അവരെ വിശ്വാസത്തിലെടുക്കാനും കഴിയാത്തതാണ് പേരന്റിംഗിലെ ഒരു പരാജയം. മറ്റുള്ളവർ നൽകുന്ന വിശ്വാസമാണ് കുട്ടികൾക്കാവട്ടെ മുതിർന്നവർക്കാവട്ടെ നിലനിർത്താൻ സാധിക്കുക.

തെറ്റ് ചെയ്തവന് പ്രതീക്ഷയുടെ കിരണങ്ങളാണ് നൽകേണ്ടത്. തൊണ്ണൂറ്റി ഒമ്പത് പേരെ കൊന്നയാൾ പശ്ചാത്താപത്തിനുള്ള സാധ്യതയന്വേഷിച്ചപ്പോൾ ഒരു പണ്ഡിതൻ നിനക്ക് പശ്ചാത്താപം ഇല്ലെന്ന് പറഞ്ഞു. അവിടെ ആ പണ്ഡിതൻ ചെയ്തത് അയാളുടെ പാപത്തിന്റെ ആഴത്തെ അളക്കുകയും അയാളുടെ പ്രതീക്ഷയെ അറുത്തുകളയുകയുമാണ്. അപ്പോൾ ആ പണ്ഡിതനെയും കൊന്ന് നൂറ് തികച്ച അയാൾ പോയി കണ്ട രണ്ടാമത്തെ പണ്ഡിതൻ അയാൾക്ക് പാപമോചനവും മാറ്റത്തിന് അവസരവും ഉണ്ടെന്നു ബോധ്യപ്പെടുത്തി. അത് അയാളുടെ മാറ്റത്തിനു കാരണമായി.

നബി(സ്വ) തന്നെ വധിക്കാൻ വന്നയാളെ വെറുതെവിട്ടതും മക്കയിൽനിന്ന് തങ്ങളെ പീഡിപ്പിച്ച് പുറത്താക്കിയവർക്ക് മക്കാവിജയത്തിന്റെ ദിവസം 'ഇത് കാരുണ്യത്തിന്റെ ദിവസമാണ്' എന്നു പറഞ്ഞ് മാപ്പുനൽകിയതും വിട്ടുകൊടുക്കലിന്റെ വലിയ ഉദാഹരണങ്ങളാണ്.

മറ്റുള്ളവർക്ക് തെറ്റിൽനിന്ന് പിൻമാറാൻ കഴിയുമെന്ന് വിശ്വസിക്കുകയും അതിനായി അവരെ പ്രേരിപ്പിക്കുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുക. അവർ നന്നാവുമ്പോൾ അവരുടെ ഹൃദയത്തിലെ കറ മായുന്നതോടൊപ്പം നമ്മുടെ മനസ്സിൽ അവരെപ്പറ്റിയുള്ള കറയും മാഞ്ഞുപോകും. അല്ലാഹുവിൽ നിന്നുള്ള പൊറുക്കൽ ആഗ്രഹിക്കുകയും എന്നാൽ മറ്റുള്ളവർക്ക് മാപ്പുകൊടുക്കാൻ തയ്യാറാകാതിരിക്കുകയും ചെയ്യുക എന്നത് നല്ല നിലപാടല്ല.

നന്മയിലേക്കടുക്കുന്നവരെ തിരിച്ചറിയാനും നമ്മക്ക് വളക്കൂറുള്ള തുറന്ന മനസ്സിനുടമയാവാനും ശ്രമിക്കുക. ദോഷങ്ങൾ മാത്രം തിരയുന്ന, മുറിവിൽ വന്നിരുന്ന് അതിനെ വലുതാക്കുന്ന, മാലിന്യത്തിലിരുന്ന് രോഗം പരത്തുന്ന ഈച്ചകളായി മാറാതെ; എല്ലാവരിലുമുള്ള നന്മയുടെ പൂമ്പൊടി മാത്രം നുകർന്ന്, മറ്റുള്ളവർക്ക് വേണ്ടി മധു ശേഖരിക്കുന്ന പരിശ്രമശാലിയായ തേനിച്ചകളായി മാറുക. മനസ്സിനെ വിശാലമാക്കുക. ഇത് നൽകുന്ന സന്തോഷവും സമാധാനവും മാധുര്യവും വേറെത്തന്നെയാണ്.



'അഗ്നിയെ തടുക്കാനാവാത്ത വേദങ്ങൾ വേണ്ട,
കൊല്ലാൻ പഠിപ്പിക്കുന്ന ഗീതവേണ്ട,
പോർവിളി മുഴക്കുന്ന ശംഖ്
നിരായുധരുടെ തുടയെല്ലൊടിക്കുന്ന ഗദ
കുട്ടികളുടെ വിരലറക്കുന്ന ചക്രം
വേണ്ട, വേണ്ട മൃതിചിഹ്നമായ പത്മം
ഇന്ന് ഞാനറിഞ്ഞു മരണത്തിന്റ നിറം
കറുപ്പല്ല, കാവിയാണെന്ന്'

**സച്ചിദാനന്ദൻ, 'ലജ്ജ'**

**അസഹിഷ്ണുതയുടെയും പരമതവിദ്വേഷത്തിൻെറയും പാരമ്യതയാണ് ബുൾഡോസർ രാഷ്ട്രീയത്തിലൂടെ ഭരണ സിരാകേന്ദ്രം കഴിഞ്ഞ നാളുകളിൽ കാണിച്ചു തന്നത്! സംരക്ഷകർതന്നെ സംഹാരകരാവുന്ന അനുഭവങ്ങൾ പൗരന്മാരുടെ പ്രതീക്ഷകളെ പാതാളക്കുഴിയിലേക്കാണ് കൊണ്ടിടുന്നത്. ഭരണഘടനക്കു നേരെ നീണ്ട ബുൾഡോസർ ബ്ലേഡുകൾ ജുഡീഷ്യറിയെയും വെറുതെ വിടുമെന്ന് വിശ്വസിക്കുക വയ്യ!**

# ബുൾഡോസറുകൾ ഇന്ത്യയുടെ മാറിടം പിളർത്തുന്നു

**മുജീബ് ഒട്ടുമ്മൽ**
:9744431890

ഡൽഹിയിലെ ജഹാംഗീർ പുരിയിൽ ബുൾഡോസറുകൾകൊണ്ട് കുടിലുകളും കടകളും തകർത്തെറിഞ്ഞ് കാവിഭീകരത സംഹാര താണ്ഡവമാടിയത് ലോകം കണ്ടു. ദുർബലമായ അധരങ്ങൾകൊണ്ട് അരുതെന്ന് ആർത്തുവിളിച്ചിട്ടും മനുഷ്യത്വം തൊട്ടുതീണ്ടിയില്ലാത്ത വർഗീയ കോമരങ്ങൾ അധ്വാനങ്ങളിലൂടെ നെയ്തെടുത്ത പാവങ്ങളുടെ സ്വപ്നങ്ങളെ തകർത്തെറിയുന്ന കാഴ്ച ഹൃദയ ഭേദകമാണ്. ചിതറിത്തെറിച്ചുപോയ വളപ്പൊട്ടുകൾക്കിടയിൽ അവശേഷിക്കുന്ന സമ്പാദ്യത്തെ പരതുന്ന ദരിദ്രയായ സ്ത്രീയുടെ ദൈന്യതയാർന്ന നോട്ടം മാധ്യമങ്ങളുടെ ഫ്ളാഷുകൾ ദർശിക്കുന്നവരുടെ മനം തകർത്തുകളയും വിധം ദയനീയമാണ്.

ബി.ജെ.പി നിയന്ത്രിത കോർപറേഷൻ അധികാരികളുടെ സംഹാരാത്മക നടപടിയിൽ വിറങ്ങലിച്ചുപോയ കുടുംബങ്ങൾക്ക് ജീവിതത്തെ കരുപ്പിടിപ്പിക്കാനുള്ള വഴികളടഞ്ഞ് പോയിരിക്കുന്നു. ദീർഘകാലത്തെ അധ്വാനത്തിലൂടെയുള്ള സമ്പാദ്യങ്ങളത്രയും നഷ്ടപ്പെട്ട ദുഃഖഭാരത്താൽ തപിക്കുന്ന ഹൃദയങ്ങൾക്ക് പഴയ താളം നൽകാൻ ഏറെ പ്രയാസപ്പെടേണ്ടിവരും. ഏപ്രിൽ 16ന് ഹനുമാൻ ജയന്തി ആഘോഷമെന്ന പേരിൽ നടത്തിയ ബജ്റംഗദൾ അടങ്ങിയ സംഘ പരിവാരങ്ങളുടെ ഘോഷയാത്രയാണ് വടക്ക് പടിഞ്ഞാറൻ ഡൽഹിയിലെ ജഹാംഗീർ പുരിയിൽ സംഘർഷത്തിന്റ തീക്കനലുകൾ കോരിയിട്ടത്.

തോക്കും വാളും വടിയും ഉച്ചഭാഷിണി വഴിയുള്ള പാട്ടും ബഹളവുമെല്ലാമായി ഹനുമാൻ ജയന്തി ഘോഷയാത്ര മുസ്‌ലിം പള്ളിക്ക് സമീപത്തുകൂടി രണ്ടുതവണ കടന്നുപോയെങ്കിലും പ്രശ്നങ്ങളൊന്നുമുണ്ടായിരുന്നില്ല. മൂന്നാം തവണയും അക്രമാസക്തമായ ആയുധധാരികളായ സംഘപരിവാരക്കൂട്ടങ്ങൾ കടന്നു പോയപ്പോഴാണ് കല്ലേറുണ്ടായതെന്ന് പറയപ്പെടുന്നു. ഇതിനുപിന്നിൽ വ്യക്തമായ ആസൂത്രണമുണ്ടെന്ന് സംശയിക്കപ്പെടുന്ന തെളിവുകളുണ്ടെന്ന് പത്രക്കാർ ആണയിടുന്നുണ്ട്. മുഖ്യ സൂത്രധാരനായി ദേശീയ മാധ്യമങ്ങൾ പരിചയപ്പെടുത്തുന്ന അൻസാർ എന്ന യുവാവാണത്രെ കല്ലെറിയുകയും യുവാക്കളെ കല്ലെറിയാൻ പ്രേരിപ്പിക്കുകയും ചെയ്തതെന്ന് പറയുന്നുണ്ട്. ഇയാളാകട്ടെ ബി.ജെ.പി പരിപാടികളിൽ നേതാക്കൾക്കൊപ്പം പങ്കെടുത്ത ചിത്രങ്ങൾ ധാരാളമുണ്ട്താനും. നിയമസഭാ തെരെഞ്ഞെടുപ്പിൽ ബി.ജെ പി സ്ഥാനാർഥി സംഗീതാ ബജാജിന്റ പ്രചാരണത്തിന്റ മുൻനിരയിൽ ഇയാൾ ഉണ്ടായിരുന്നെന്നും ഒട്ടേറെ ക്രിമിനൽ കേസുകളിലെ പ്രതിയാണിയാളെന്നും വ്യക്തമാണന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്.

ജഹാംഗീർ പുരിയിൽ യാതൊരു അനുമതിയുമില്ലാതെ പ്രകോപനപരമായി മണിക്കൂറുകൾ നീണ്ട ഘോഷയാത്ര നടത്തിയതിന് പിന്നിൽ ഒരു സമുദയത്തെ ഉൻമൂലനം ചെയ്യാനുള്ള അജണ്ടകൾ ഒളിഞ്ഞുകിടപ്പുണ്ടായിരുന്നുവെന്ന് വ്യക്തമാകുന്നുണ്ട്. 2020ൽ വടക്ക് കിഴക്കൻ ഡൽഹി വർഗീയ ലഹളയിൽ കത്തിയെരിഞ്ഞപ്പോഴും ഈ പ്രദേശത്ത് അതിന്റ നേരിയ പ്രതിധ്വനിപോലും അനുഭവപ്പെട്ടിരുന്നില്ല. നാൽപത് വർഷത്തെ ചരിത്രത്തിൽ ഹിന്ദു-മുസ്‌ലിം മൈത്രിയുടെയും സാഹോദര്യത്തിന്റെയും ഊഷ്മളമായ വർത്തമാനങ്ങളായിരുന്നു അവിടെ നിറഞ്ഞുനിന്നിരുന്നത്. ജീവിതത്തിന്റ ദുസ്സഹമായ സാഹചര്യങ്ങളെ അതിജയിക്കാനും ജീവിതം കരുപ്പിടിപ്പിക്കാനും പശ്ചിമ ബംഗാളിൽനിന്ന് ജഹാംഗീർ പുരിയിലേക്ക് ചേക്കേറിയ പാവങ്ങളായ മുസ്‌ലിം കുടുംബങ്ങളാണ് എല്ലാം അന്യാധീനപ്പെട്ടവർ. പരമ്പരാഗതമായി എത്രയോ തലമുറകളായി ഇവിടെ ജീവിക്കുന്ന മുസ്‌ലിം കുടുംബങ്ങളുമുണ്ട്. ഹിന്ദു-മുസ്‌ലിം വേർതിരിവില്ലാതെ കഴിഞ്ഞുകൂടിയിരുന്ന അവർ വർഗീയതയെന്തെന്ന് പോലും അറിയാത്തവരായിരുന്നു.

മുസ്‌ലിം ഭൂരിപക്ഷ പ്രദേശത്ത് റമദാനിന്റ വിശുദ്ധിയെ കളങ്കപ്പെടുത്താതെ തുടർച്ചയായി എല്ലാവർഷത്തെയും പോലെ രാമനവമി ഘോഷയാത്രകൾ ഒന്നിനുപിറകെ ഒന്നായി കടന്നുപോയിരുന്നുവെങ്കിലും സംഘപരിവാരങ്ങളുടെ 'ബുൾഡോസർ രാഷ്ട്രീയ'ത്തിന് ആ ഹതഭാഗ്യർ വിധിക്കപ്പെടുകയായിരുന്നു. അനുമതിയില്ലാത്ത ഘോഷയാത്രയുടെ സംഘാടകർക്കെതിരെ കേസെടുക്കാതെ ആക്രമണം മുസ്‌ലിംകളുടെ മേൽ ആരോപിച്ച് ധാരാളം യുവാക്കളെ അറസ്റ്റ് ചെയ്തതിലൂടെ നിയമപാലകരുടെ തനിനിറവും വ്യക്തമായി.

### ബുൾഡോസർ രാഷ്ട്രീയം

അനധികൃത കുടിയേറ്റക്കാരാണ് ഹനുമാൻ ജയന്തി ഘോഷയാത്ര തടഞ്ഞതെന്ന് ആരോപിച്ച് ബി.ജെ പി സംസ്ഥാന അധ്യക്ഷൻ ആദേശ് ഗുപ്ത കത്ത് നൽകിയതിനെ തുടർന്നാണ് ഉത്തര ഡൽഹി നഗരസഭ അനധികൃത കയ്യേറ്റം ഒഴിപ്പിക്കാനെന്ന പേരിൽ ബുൾഡോസറുകളുപയോഗിച്ച് മുസ്‌ലിം ഭവനങ്ങൾ തകർക്കാനുള്ള നടപടി ആരംഭിച്ചത്. വർഗീയതയുടെ മേമ്പൊടിയിൽ മുസ്‌ലിംകളെ വംശഹത്യ ചെയ്യാനുള്ള ഒളിയജണ്ടയാണ് ആ കത്തിന്റ ഉള്ളടക്കമെന്നത് തുടർന്നുള്ള സംഭവവികാസങ്ങൾ ബോധ്യപ്പെടുത്തുന്നുണ്ട്. നാനൂറിലേറെ പോലീസിനെയും സി.ആർ.പി.എഫ് സൈനികരെയും വിന്യസിച്ചുകൊണ്ടാണ് മുസ്‌ലിം കടകളും കുടിലുകളും ഇടിച്ചുനിരത്തി ഭരണകൂടം ഭീതി വിതച്ചത്. അഭിഭാഷകരായ ദുഷ്യന്ത് ദാവെയും സുഭാഷ് ചന്ദ്രനും സുപ്രീം കോടതിയെ സമീപിക്കുകയും ചീഫ് ജസ്റ്റിസ് രമണ പൊളിച്ചുനീക്കൽ അടിയന്തിരമായി നിർത്തിവെക്കാൻ ഉത്തരവിടുകയും ചെയ്തു. മാധ്യമങ്ങളിലൂടെ വിവരങ്ങൾ അറിഞ്ഞിട്ടും കോടതി ഉത്തരവിന്റ കോപ്പി കിട്ടിയില്ലെന്നു പറഞ്ഞ് ഇടിച്ചുനിരത്തൽ തുടർന്നു. ഒടുവിൽ ബൃന്ദാ കാരാട്ട് നേരിട്ടെത്തി ഉത്തരവ് നിയമപാലകർക്ക് കൈമാറിയതോടെയാണ് നിർത്തിവെച്ചത്.

**തോക്കും വാളും വടിയും ഉച്ചഭാഷിണി വഴിയുള്ള പാട്ടും ബഹളവുമെല്ലാമായി ഹനുമാൻ ജയന്തി ഘോഷയാത്ര മുസ്‌ലിം പള്ളിക്ക് സമീപത്തുകൂടി രണ്ടുതവണ കടന്നുപോയെങ്കിലും പ്രശ്നങ്ങളൊന്നുമുണ്ടായിരുന്നില്ല. മൂന്നാം തവണയും അക്രമാസക്തമായ ആയുധധാരികളായ സംഘപരിവാരക്കൂട്ടങ്ങൾ കടന്നു പോയപ്പോഴാണ് കല്ലേറുണ്ടായതെന്ന് പറയപ്പെടുന്നു. ഇതിനുപിന്നിൽ വ്യക്തമായ ആസൂത്രണമുണ്ടെന്ന് സംശയിക്കപ്പെടുന്ന തെളിവുകളുണ്ടെന്ന് പത്രക്കാർ ആണയിടുന്നുണ്ട്. മുഖ്യ സൂത്രധാരനായി ദേശീയ മാധ്യമങ്ങൾ പരിചയപ്പെടുത്തുന്ന അൻസാർ എന്ന യുവാവാണത്രെ കല്ലെറിയുകയും യുവാക്കളെ കല്ലെറിയാൻ പ്രേരിപ്പിക്കുകയും ചെയ്തതെന്ന് പറയുന്നുണ്ട്. ഇയാളാകട്ടെ ബി.ജെ.പി പരിപാടികളിൽ നേതാക്കൾക്കൊപ്പം പങ്കെടുത്ത ചിത്രങ്ങൾ ധാരാളമുണ്ട്താനും.**

ലോക മനുഷ്യാവകാശ ചട്ടങ്ങളെയും ഇന്ത്യൻ ഭരണഘടനയുടെ താൽപര്യങ്ങളെയും സുപ്രീം കോടതി വിധിയെയുമെല്ലാം ധാർഷ്ട്യത്തോടെ ചവിട്ടിമെതിച്ചാണ് ഫാഷിസ്റ്റ് ഭീകര ഭരണകൂടം കുടിലുകൾ പൊളിച്ചു നിരപ്പാക്കിയത്. അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനത്തിന്റ ആർട്ടികൾ 25 പ്രകാരം ജനിച്ച് വീഴുന്ന ഓരോ മനുഷ്യനും ഭക്ഷണത്തിനും വസ്ത്രത്തിനും പാർപ്പിടത്തിനും ആരോഗ്യരക്ഷയ്ക്കും അവകാശമുണ്ട്. ഇന്റർനാഷണൽ കവനന്റ് ഓൺ ഇകണോമിക് സോഷ്യൽ ആന്റ് കൾചറൽ റൈറ്റ്സ് പ്രകാരവും സിവിൽ ആന്റ് പൊളിറ്റിക്കൽ റൈറ്റ്സ് പ്രകാരവും ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 21ന്റ അടിസ്ഥാനത്തിലും ഈ അവകാശങ്ങൾ ഓരോ വ്യക്തിക്കുമുണ്ട്. ഇതെല്ലാം കാറ്റിൽപറത്തിയാണ് മനുഷ്യത്വത്തിന്റ ഘാതകരായ സംഘപരിവാര ഫാഷിസം മുന്നോട്ടുപോകുന്നത്.

ബുൾഡോസർ രാഷ്ട്രീയം ഇന്ത്യയിൽ നടപ്പിലാക്കിത്തുടങ്ങിയതുതന്നെ 'ബുൾഡോസർ ബാബ' എന്ന പേരിൽ കുപ്രസിദ്ധി നേടിയ യോഗി ആതിഥ്യ നാഥാണ്. നൂറുകണക്കിന് പിഞ്ചോമനകളെ മരണത്തിൽനിന്ന് രക്ഷപ്പെടുത്തിയ ഡോക്ടറെ തുറുങ്കിലടച്ച പാരമ്പര്യമുള്ള യോഗി നേതൃത്വം നൽകുന്ന രാഷ്ട്രീയ രാക്ഷസീയതയിൽ അന്താരാഷ്ട്ര തലങ്ങളിൽ ഇന്ത്യ അപമാനിതമാവുകയാണ്. പൗരത്വ വിവേചനത്തിനെതിരായ സമരങ്ങളിൽ പങ്കെടുത്തവരിൽനിന്ന് നഷ്ടം ഈടാക്കാനായി മാത്രം യു.പിയിൽ പ്രത്യേക നിയമം കൊണ്ടുവന്നാണ് യോഗി ബുൾഡോസർ ഇറക്കിയത്. ഇരുപതിലധികം യുവാക്കളെ വീട്ടിൽ നിന്നിറക്കി കൊണ്ടുവന്ന് യൂ.പി പോലീസ് ക്രൂരമായ വധിച്ചുകളഞ്ഞു. നൂറുകണക്കിന് മുസ്‌ലിം കുടുംബങ്ങളുടെ സ്വത്ത് കണ്ടുകെട്ടുകയും ബുൾഡോസറുപയോഗിച്ച് വീടുകൾ തകർത്തുകളയുകയും ചെയ്തു. രാജ്യത്തെ നിയമങ്ങളും

**ജഹാംഗീർ പുരിയിൽ യാതൊരു അനുമതിയുമില്ലാതെ പ്രകോപനപരമായി മണിക്കൂറുകൾ നീണ്ട ഘോഷയാത്ര നടത്തിയതിന് പിന്നിൽ ഒരു സമുദായത്തെ ഉൻമൂലനം ചെയ്യാനുള്ള അജണ്ടകൾ ഒളിഞ്ഞുകിടപ്പുണ്ടായിരുന്നുവെന്ന് വ്യക്തമാകുന്നുണ്ട്. 2020ൽ വടക്ക് കിഴക്കൻ ഡൽഹി വർഗീയ ലഹളയിൽ കത്തിയെരിഞ്ഞപ്പോഴും ഈ പ്രദേശത്ത് അതിന്റ നേരിയ പ്രതിധ്വനിപോലും അനുഭവപ്പെട്ടിരുന്നില്ല. നാൽപത് വർഷത്തെ ചരിത്രത്തിൽ ഹിന്ദു-മുസ്‌ലിം മൈത്രിയുടെയും സാഹോദര്യത്തിന്റെയും ഊഷ്മളമായ വർത്തമാനങ്ങളായിരുന്നു അവിടെ നിറഞ്ഞുനിന്നിരുന്നത്.**

അവകാശങ്ങളും സ്വാതന്ത്ര്യവുമെല്ലാം കാറ്റിൽപറത്തിയാണ് ഭരണകൂടം സംഹാര താണ്ഡവമാടിയത്. നിയമ വിരുദ്ധ പ്രവർത്തനം ആരോപിച്ചുകൊണ്ട് സംഘ പരിവാർ തയ്യാറാക്കുന്ന ലിസ്റ്റിൽ പെട്ടവരുടെ വീടുകളും സമ്പത്തുമാണ് ബുൾഡോസർ നിരത്തിയത്. ബി.ജെ.പി ഭരിക്കുന്ന പത്തോളം സംസ്ഥാനങ്ങളിലേക്കും ഈ കിരാതമായ നടപടികൾ വ്യാപിച്ചിട്ടുണ്ടെന്ന് പറയുമ്പോൾ ഫാഷിസത്തിന്റ ഭീകര സംഘ പരിവാര മുഖം ഇവിടെയും പ്രകടമാവുകയാണ്. ബുൾഡോസർ രാഷ്ട്രീയത്തിലൂടെ ഭയപ്പെടുത്തി ഭരണ തുടർച്ചയുണ്ടായെന്ന് അവകാശപ്പെട്ട യോഗിയുടെ രാഷ്ട്രീയതന്ത്രം തെരെഞ്ഞെടുപ്പ് അടുത്തുവരുന്ന എല്ലാ സംസ്ഥാനങ്ങളിലും വ്യാപകമാക്കാനുള്ള ശ്രമത്തിലാണ് സംഘ പരിവാരം.

മധ്യപ്രദേശ് മറ്റൊരു ഉദാഹരണമാണ്. മധ്യപ്രദേശിലെ ഖാർഗോണിൽ രാമനവമി ആഘോഷത്തിനിടെ സംഘർഷമുണ്ടാക്കുന്നതിനെ തടഞ്ഞ ഇബ്‌റീസ് ഖാനെ പിടിച്ച് കൊണ്ടുപോയി കൊന്നുതള്ളിയപ്പോഴും അവിടുത്തെ നിയമപാലകർ കാഴ്ചക്കാരായിരുന്നു. വർഗീയ ലഹളയിലെ പ്രതികളാണ് അനധികൃതമായി കുടിയേറി പാർക്കുന്നതെന്നാരോപിച്ച് മുസ്‌ലിം കുടിലുകളും കടകളും അവിടെയും ഇടിച്ച് നിരപ്പാക്കിയാണ് വർഗീയത വിഷം ചീറ്റിയത്. അതിന് നേതൃത്വം കൊടുത്തതാകട്ടെ ബി.ജെ.പി വൈസ് പ്രസിഡന്റ് ശിവരാജ് സിംഗ് ചൗഹാൻ എന്ന നേതാവാണ്. ന്യൂനപക്ഷ വിഭാഗങ്ങളെ വംശഹത്യ നടത്തിയും വെറുപ്പുൽപാദിപ്പിച്ചും കലാപകലുഷിതമാക്കി അധികാരം കൈവെള്ളയിലിട്ട് കാലാകാലം അമ്മാനമാടാമെന്ന അതിമോഹമാണ് ക്രൂരതയുടെ പ്രത്യയ ശാസ്ത്രത്തെ മുന്നോട്ടുനയിക്കുന്നത്. ഭരണ സിരാകേന്ദ്രമായ ഡൽഹിയിൽപോലും ന്യൂനപക്ഷങ്ങൾ വേട്ടയാടപ്പെടുന്നുവെങ്കിൽ ഫാഷിസത്തിന്റ വികൃതഭാവം അതിന്റ രാക്ഷസീയതയുടെ ഉത്തുംഗതയിലെത്തിനിൽക്കുന്നുവെന്നർഥം.

**കുടിയേറ്റം അനധികൃതമോ?**

ഇന്ത്യൻ സംസ്ഥാനമായ പശ്ചിമ ബംഗാളിൽനിന്ന് മറ്റൊരു സംസ്ഥാനമായ ഡൽഹിയിലേക്ക് കുടിയേറിയവരെ അനധികൃത കുടിയേറ്റക്കാരായി മുദ്രകുത്തിയാണ് സംഘ പരിവാര ഭരണകൂടം ന്യൂനപക്ഷ വിഭാഗത്തിന്റ ഭവനങ്ങളെ ഇടിച്ചുനിരത്തിക്കൊണ്ടിരിക്കുന്നത്. ജീവിത പ്രാരാബ്ധതകളാൽ കുറച്ചുകൂടി മെച്ചപ്പെട്ട ഒരിടത്തേക്ക് ജീവിതം പറിച്ചുനടപ്പെട്ട ഇന്ത്യൻ പൗരൻമാരെ 'അനധികൃതർ' എന്ന് മുദ്രകുത്താൻ സംഘപരിവാരങ്ങൾക്കേ സാധിക്കൂ. മുപ്പത് വർഷക്കാലം പ്രയാസങ്ങളേതുമില്ലാതെ സാഹോദര്യത്തോടെ കഴിഞ്ഞിരുന്ന ഒരു വിഭാഗത്തെ അപരവൽകരിക്കുന്നത് ഇന്ത്യൻ പൈതൃകത്തെ നിരാകരിക്കുന്നവരും മാനവവിരുദ്ധമായ ആശയങ്ങൾ പേറുന്നവരുമാണ്.

ബംഗ്ലാദേശിൽനിന്ന് ഇന്ത്യയിലേക്ക് ഏറ്റവും കൂടുതൽ അഭയാർഥി പ്രവാഹമുണ്ടായ കാലമാണ് 1971 വർഷം. അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാ ഗാന്ധി അത് സംബന്ധിച്ച് പാർലമെന്റിൽ നടത്തിയ പ്രഭാഷണം ഇന്ത്യൻ സംസ്കാരത്തിന്റ സൗന്ദര്യമാണ് പ്രതി



ന്യൂനപക്ഷങ്ങളുടെ തകർന്നടിഞ്ഞ കുടിലുകൾക്കും പരന്നൊഴുകിയ രക്തത്തിനും മൃതശരീരങ്ങൾക്കും മീതെ അധികാരസോപാനങ്ങളുറപ്പിച്ച് നിർത്താൻ കാവിഭീകരത നിറഞ്ഞാടുകയാണ്. അഥവാ ബുൾഡോസറുകൾകൊണ്ട് ഇന്ത്യയുടെ മാറിടം പിളർത്തുകയാണ്. വിദ്യാഭ്യാസ പുരോഗതിയും സാമ്പത്തിക ഭദ്രതയും സമാധാനജീവിതവും നിർഭയത്വവും വികസനവും സുരക്ഷിതത്വവും ശാസ്ത്രമികവുകളും ബൗദ്ധികവികാസവും അന്യമായ, ത്രിശൂലമേന്തിയവരും അക്രമോൽസുകരുമായ കാവി കളസധാരികളായ ഭ്രാന്തൻമാരുടെ ഭാരതത്തിന് വേണ്ടി അവർ ബുൾഡോസറുകൾ ഇറക്കുകയാണ്.

**ബുൾഡോസർ രാഷ്ട്രീയത്തിന്റെ ആശയധാര**

സമാധാനം ഭീരുവിന്റ സ്വപ്നമാണെന്ന് മൊഴിഞ്ഞ മുസോളിനിയിൽനിന്ന് ഹിറ്റ്ലറും ഹിറ്റ്ലറിൽനിന്ന് ഗോൾവാൾക്കറും എന്നതാണ് ഫാഷിസത്തിന്റ ഹിംസാത്മക പൈതൃകം. ഒരൊറ്റ

**ലോക മനുഷ്യാവകാശ ചട്ടങ്ങെളയും ഇന്ത്യൻ ഭരണഘടനയുടെ താൽപര്യങ്ങളെയും സുപ്രീം കോടതി വിധിയെയുമെല്ലാം ധാർഷ്ട്യത്തോടെ ചവിട്ടിമെതിച്ചാണ് ഫാഷിസ്റ്റ് ഭീകര ഭരണകൂടം കുടിലുകൾ പൊളിച്ചു നിരപ്പാക്കിയത്. അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനത്തിന്റ ആർട്ടിക്കൾ 25 പ്രകാരം ജനിച്ച് വീഴുന്ന ഓരോ മനുഷ്യനും ഭക്ഷണത്തിനും വസ്ത്രത്തിനും പാർപ്പിടത്തിനും ആരോഗ്യരക്ഷയ്ക്കും അവകാശമുണ്ട്. ഇന്റർനാഷണൽ കവനന്റ് ഓൺ ഇകണോമിക് സോഷ്യൽ ആന്റ് കൾചറൽ റൈറ്റ്സ് പ്രകാരവും സിവിൽ ആന്റ് പൊളിറ്റിക്കൽ റൈറ്റ്സ് പ്രകാരവും ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 21ന്റ അടിസ്ഥാനത്തിലും ഈ അവകാശങ്ങൾ ഓരോ വ്യക്തിക്കുമുണ്ട്.**

ഫലിപ്പിച്ചത്. മാനവികതയുടെ ഉദാത്തമായ മാതൃക അവരുടെ സംസാരങ്ങളിൽ പ്രതിഫലിക്കുന്നത് കാണാം. അവർ പറയുകയാണ്: "ചരിത്രത്തിലൊന്നും ഇത്ര ചെറിയ കാലത്തിനിടക്ക് ഇത്ര വലിയ കുടിയേറ്റം രേഖപ്പെടുത്തപ്പെട്ടതായി കാണാൻ സാധിക്കില്ല. കഴിഞ്ഞ എട്ട് മാസത്തിനിടക്ക് മൂന്നര മില്യൻ ജനങ്ങൾ ബംഗ്ലാദേശിൽനിന്ന് ഇന്ത്യയിലെത്തിയിട്ടുണ്ട്. അവരിൽ എല്ലാ മതവിഭാഗക്കാരുമുണ്ട്. ഹിന്ദുക്കളും മുസ്ലിംകളും ബൗദ്ധൻമാരും ക്രിസ്ത്യാനികളുമുണ്ട്. അവരിൽ സമ്പന്നരും ദരിദ്രരും വൃദ്ധരും യുവാക്കളും കുട്ടികളുമുണ്ട്. വിഭജനകാലത്തിന് ശേഷം നമ്മൾ മനസ്സിലാക്കിയ അർഥത്തിലുള്ള അഭയാർഥികളല്ല അവർ. ഒരു ദുഷ്ട സൈനിക ശക്തിയിൽനിന്ന് അഭയംതേടി അതിർത്തി കടന്നെത്തുന്ന യുദ്ധത്തിന്റ ഇരകളാണവർ."

അന്യരാജ്യത്തുനിന്ന് പോലും അഭയം തേടിയെത്തിയ പച്ചമനുഷ്യരെ മാന്യമായി സ്വീകരിക്കാനും സുരക്ഷയൊരുക്കാനും ആവശ്യപ്പെടുന്ന ഇന്ത്യൻ ഭരണാധികാരിയുടെ സംസാരം എത്ര സംസ്കാര സമ്പന്നമാണ്! ഇന്ത്യയുടെ വൈവിധ്യങ്ങളുടെ പൈതൃകം തകരാതെ സൂക്ഷിക്കുന്ന ഭരണാധികാരികൾ വാണിരുന്ന മഹത്തായ രാജ്യത്തിന്റ നേതൃത്വം ഏറ്റെടുത്തവരുടെ നികൃഷ്ടമായ ഫാഷിസ്റ്റ് മനസ്സുകളുടെ പ്രതിഫലനമാണ് ബുൾഡോസറുകളുടെ ഇരമ്പങ്ങളിൽ വിറങ്ങലിച്ചു പോയ ജഹാംഗീർ പുരി.

രാജ്യത്ത് മതാടിസ്ഥാനത്തിൽ ജനങ്ങളെ വർഗീകരിച്ച് വിഭാഗീയതയുടെ വിത്ത് വിതയ്ക്കാനും മുസ്ലിം ന്യൂനപക്ഷങ്ങളെ അപരവൽക്കരിക്കാൻ ചില ശബ്ദങ്ങൾ കൽപിച്ച് നൽകാനും സംഘപരിവാര രാഷ്ട്രീയം അതിന്റെ വളർച്ചാഘട്ടത്തിൽതന്നെ കരുക്കൾ നീക്കിയിട്ടുണ്ട്. 1983ലെ നെല്ലി കൂട്ടക്കൊല മുൻ നിർത്തിയുള്ള ചർച്ചയ്ക്കിടെ ആർ.എസ്.എസ് വളർത്തി കൊണ്ടുവരുന്ന 'ഹിന്ദു അഭയാർഥികളും മുസ്ലിം കടന്നുകയറ്റക്കാരും' എന്ന ബൈനറി പ്രചരിക്കുന്നതായി സോമനാഥ ചാറ്റർജി ചൂണ്ടിക്കാണിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: "രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രധാന സംഭവവികാസം പല രീതിയിലും തലത്തിലും വളരുന്ന ആർ.എസ്.എസിന്റ പ്രവർത്തനങ്ങളാണ്. അഭയാർഥികളെന്നാൽ ഹിന്ദുക്കളെന്നും കടന്നുകയറ്റക്കാരെന്നാൽ മുസ്ലിംകളെന്നുമുള്ള ഒരു വിവേചനം ഇപ്പോൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു."

വൈവിധ്യങ്ങളിലെ ഏകത്വം ഇന്ത്യയുടെ സൗന്ദര്യവും ലോക രാഷ്ട്രങ്ങൾക്കിടയിലെ അത്ഭുതവുമായിരുന്നു. വൈവിധ്യങ്ങൾ നിഷ്കാസിതമാകുന്നതോടുകൂടി ഇന്ത്യൻ പൈതൃകത്തിന്റ പ്രകാശം അണഞ്ഞുപോകും. കോർപറേറ്റുകളുടെ ഇംഗീതമനുസരിച്ച് രാജ്യത്തെ വിറ്റുതുലയ്ക്കാനും അവശ്യവസ്തുക്കളുടെ വിലയേറ്റാനും അതിലൂടെ സ്വാർഥ താൽപര്യങ്ങൾ നേടിയെടുക്കാനുമുള്ള കുതന്ത്രങ്ങൾ പിടിക്കപ്പെടാതിരിക്കാൻ ജനങ്ങളുടെ ശ്രദ്ധ തിരിക്കാനാണ് വിദ്വേഷ രാഷ്ട്രീയ പ്രചാരണത്തിനായി ചുവടുകൾ വയ്ക്കുന്നത്.

ജനതയുടെ സംസ്കാരം, വംശം എന്നിവയുടെ ഏകാത്മകതയാണ് മുസോളിനി-ഹിറ്റ്ലർ-ഗോൾവാൾക്കർ ത്രയങ്ങൾ ലക്ഷ്യമാക്കുന്നത്.

'ജർമനി അതിന്റെ വംശത്തിന്റെയും സംസ്കാരത്തിന്റെയും പരിശുദ്ധി കാത്തുസൂക്ഷിക്കുന്നതിന് വേണ്ടി സെമിറ്റിക് മതങ്ങളെ, ജൂതൻമാരെ ഉഛാടനം ചെയ്തുകൊണ്ട് ലോകത്തെ ഞെട്ടിച്ചു. വംശാഭിമാനം അതിന്റ പരമകാഷ്ഠയിൽ പ്രത്യക്ഷീഭവിക്കുകയായിരുന്നു അവിടെ. അടിവേരോളം ഭിന്നതകളുള്ള മതങ്ങളെയും സംസ്കാരങ്ങളെയും ഒരു ഐക്യപൂർണിമയിൽ ഏകീഭവിപ്പിക്കുക എത്രകണ്ട് അസാധ്യമാണെന്ന് ജർമനി കാണിച്ചുതന്നിരിക്കുന്നു. അത് ഹിന്ദുസ്ഥാനിലെ നമുക്ക് പഠിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യാവുന്ന നല്ലൊരു പാഠമാണ്.' 'നാം നമ്മുടെ ദേശീയതയെ നിർവചിക്കുന്നു' എന്ന പുസ്തകത്തിലൂടെ ഗോൾവാൾക്കർ അനുയായികൾക്ക് നൽകിയ സന്ദേശമാണിത്.

'ഹിന്ദു-മുസ്‌ലിം ഐക്യമില്ലാതെ സ്വരാജ് ഇല്ല എന്ന് പ്രഖ്യാപിച്ചവർ നമ്മുടെ സമൂഹത്തോട് ഏറ്റവും വലിയ രാജ്യദ്രോഹക്കുറ്റമാണ് ചെയ്തത്' എന്നാണ് ഗോൾവാൾക്കറിന്റ 'സങ്കര ദേശീയത'യോടുള്ള പ്രതികരണം. അധമ ദേശീയവികാരം ആളിക്കത്തിച്ച് ലക്ഷ്യം നേടിയെടുക്കുകയെന്നത് ഫാഷിസ്റ്റ് പ്രത്യയ ശാസ്ത്രത്തിന്റ കുതന്ത്രങ്ങളിൽ പ്രധാനമാണ്.

ലക്ഷക്കണക്കിന് ജൂതരെ കൂട്ടക്കൊല ചെയ്യുന്നതു കണ്ട് മനസ്സുമടുത്ത, പൂർണമായും മനുഷ്യത്വം മരവിച്ചിട്ടില്ലാത്ത ഒരു ഫാഷിസ്റ്റ് യുവാവ് 'യഹൂദരും മനുഷ്യരല്ലേ' എന്ന് പതുക്കെ ചോദിച്ചപ്പോൾ ജോസഫ് ഗീബൽസ് ഉറക്കെ പറഞ്ഞത്രെ; 'യഹൂദർ മനുഷ്യരല്ല, അവർ ജീർണതയുടെ പ്രതിരൂപങ്ങളായ പിശാചുക്കളാണ്' എന്ന്.

ശത്രുവിനെ കുറിച്ചുള്ള ഇത്തരം കൃത്രിമ ഭീതിയാണ് ഫാഷിസത്തിന്റ മുന്നോട്ടുള്ള ഗമനത്തിന് ഉപയോഗിക്കുന്നത്. ഇന്ത്യയിലെ സംഘപരിവാര ഫാഷിസം പ്രത്യ

**രാജ്യത്ത് മതാടിസ്ഥാനത്തിൽ ജനങ്ങളെ വർഗീകരിച്ച് വിഭാഗീയതയുടെ വിത്ത് വിതയ്ക്കാനും മുസ്‌ലിം ന്യൂനപക്ഷങ്ങളെ അപരവൽക്കരിക്കാൻ ചില ശബ്ദങ്ങൾ കൽപിച്ച് നൽകാനും സംഘപരിവാര രാഷ്ട്രീയം അതിന്റെ വളർച്ചാഘട്ടത്തിൽതന്നെ കരുക്കൾ നീക്കിയിട്ടുണ്ട്. 1983ലെ നെല്ലി കൂട്ടക്കൊല മുൻ നിർത്തിയുള്ള ചർച്ചയ്ക്കിടെ ആർ.എസ്.എസ് വളർത്തി കൊണ്ടുവരുന്ന 'ഹിന്ദു അഭയാർഥികളും മുസ്‌ലിം കടന്നുകയറ്റക്കാരും' എന്ന ബൈനറി പ്രചരിക്കുന്നതായി സോമനാഥ ചാറ്റർജി ചൂണ്ടിക്കാണിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: "രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രധാന സംഭവവികാസം പല രീതിയിലും തലത്തിലും വളരുന്ന ആർ.എസ്.എസിന്റ പ്രവർത്തനങ്ങളാണ്. അഭയാർഥികളെന്നാൽ ഹിന്ദുക്കളെന്നും കടന്നുകയറ്റക്കാരെന്നാൽ മുസ്‌ലിംകളെന്നുമുള്ള ഒരു വിവേചനം ഇപ്പോൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.''**

യശാസ്ത്ര പിന്തുണതേടുന്നത് മനുഷ്യഹത്യ ജീവിതചര്യയാക്കിയ ഇത്തരം ഭീകരജീവികളിൽനിന്നാണ്. ഇന്ത്യൻ മുസ്‌ലിംകളെ കുറിച്ചും ന്യൂനപക്ഷ-ദളിത്-പിന്നാക്ക വിഭാഗങ്ങളെ കുറിച്ചും അനാവശ്യ ഭീതിപരത്തി അവരെ പ്രതിരോധിക്കാനുള്ള അക്രമവാസനയുള്ള സമൂഹത്തെ രൂപപ്പെടുത്താനാണവർ ശ്രമിക്കുന്നത്. മുസ്‌ലിംകൾ അനിയന്ത്രിതമായി പെരുകുകയാണെന്നും രാജ്യത്തെ പിടിച്ചടക്കാനുള്ള ശക്തിയായി അവർ മാറുമെന്നും പച്ചപ്പതാക പറത്തുമെന്നുമെല്ലാം പറഞ്ഞ് ഭീതിപരത്തുകയാണവർ. അതിനാൽ മുസോളിനിയുടെയും ഹിറ്റ്ലറിന്റെയും ഹിംസാത്മക രാഷ്ട്രീയം ആദർശമായി സ്വീകരിച്ച ഇന്ത്യൻ ഫാഷിസ്റ്റുകളുടെ കരങ്ങളിൽ അധികാരം ലഭിച്ചപ്പോൾ അവരുടെ ലക്ഷ്യങ്ങളോരൊന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പാഠപുസ്തകങ്ങളിലൂടെ പിഞ്ചുഹൃദയങ്ങളിൽ പോലും നുണകൾ കരുപ്പിടിപ്പിച്ച് കടുത്ത വർഗീയതയും വിദ്വേഷവും പ്രചരിപ്പിച്ചുകൊണ്ടാണ് ലക്ഷ്യപ്രാപ്തിയിലെത്താൻ അവർ ശ്രമിക്കുന്നത്. അധികാര ഗർവിൽ വർഗീയ കോമരങ്ങൾക്ക് ആയുധങ്ങളുമായി തെരുവിൽ അഴിഞ്ഞാടാനുള്ള അവസരങ്ങൾ നൽകുകയാണ്. രാജ്യത്തിന്റ സുരക്ഷയ്ക്ക് പ്രതിജ്ഞാബദ്ധരാകേണ്ടവരും സമാധാനം സ്ഥാപിക്കാനുള്ള ഉത്തരവാദിത്തമേറ്റവരുമായ നിയമപാലകർപോലും അക്രമങ്ങൾക്ക് കൂട്ടുനിൽക്കുന്നിടത്തോളം ഭീതിജനകമായി മാറുന്നു അവസ്ഥ. നിയമങ്ങളെയെല്ലാം കാറ്റിൽ പറത്തി അവകാശ ധ്വംസനങ്ങളോടൊപ്പം ന്യൂനപക്ഷങ്ങളുടെ സ്വപ്നങ്ങളെയും ഇടിച്ചുനിരത്തുകയാണ് ബുൾഡോസറുകൾ.

**പ്രതിരോധം, പ്രതികരണം**

ജഹാംഗീർ പുരിയിലെ രാമനവമി ഘോഷയാത്ര രണ്ടുതവണ മസ്ജിദ് മുന്നിലൂടെ ആയുധങ്ങളുമായി ആർത്തലച്ച് നടന്നുനീങ്ങിയിട്ടും അതിനോടുള്ള പ്രത്യാക്രമണത്തിന് അവിവേകിയായ ഒരു മുസ്‌ലിം ചെറുപ്പക്കാരനെയും കാണാത്തതിലുള്ള നിരാശയിലാണ് മൂന്നാമതൊരു തവണകൂടി വരേണ്ടി വന്നത്. മാധ്യമങ്ങൾ പുറത്തുവിട്ട വിവരം ശരിയാണെങ്കിൽ അവിവേകത്തിനായി ഒരു മുസ്‌ലിം നാമധാരിയായ സംഘപരിവാര അനുകൂലിയെ രംഗത്തിറക്കേണ്ടിവന്നു.

ഇന്ത്യയിലെ പല കലാപങ്ങളിലും ഇത്തരം നാടകങ്ങളരങ്ങേറിയിട്ടുണ്ട്. സമാധാനകാംക്ഷികളും സഹജീവി സ്നേഹികളുമായ മുസ്‌ലിംകളിൽനിന്ന് അവിവേകങ്ങളും പ്രത്യാക്രമണങ്ങളുമുണ്ടാവില്ലെന്ന തിരിച്ചറിവാണ് സംഘപരിവാരങ്ങൾ ഹേതുവിന് വേണ്ടി വിവരദോഷികളെ കെട്ടിയിറക്കുന്നത്. സംഘപരിവാരങ്ങൾ വിരിക്കുന്ന കലാപക്കെണിയിൽ വീണുപോകുന്ന വൈകാരിക സംഘടനകൾക്ക് ഇതൊരു പാഠമാണ്. ഗുജറാത്ത് കലാപങ്ങളിലടക്കം ഇങ്ങനെയുള്ള ആമുഖങ്ങൾ

**ഇസ്ലാമിനെ തെറ്റിദ്ധരിച്ചവരും തെറ്റിദ്ധരിപ്പിക്കുന്നവരുമാണല്ലോ അക്രമാസക്തരാകുന്നത്. അതിനാൽ ശരിയായ രൂപത്തിൽ ഇസ്ലാമിക ആശയപ്രചാരണം നടത്തി തെറ്റിദ്ധാരണകൾ തിരുത്താൻ ശ്രമിക്കേണ്ടതുണ്ട്. ഗുജറാത്ത് കലാപത്തിൽ മൂർച്ചയേറിയ ആയുധമേന്തി, കാവി റിബ്ബൺ തലയിൽ കെട്ടി ക്രൂരതയുടെ പര്യായമായി മനസ്സിലേക്ക് ഓടിവരുന്ന അശോക് മോചിയുടെ ചിത്രം ആരും മറന്നുകാണില്ല. പിന്നീട് കുറ്റബോധത്തോടുകൂടി അദ്ദേഹം നടത്തിയ പ്രഭാഷണത്തിൽ ഇങ്ങനെ പറയുന്നുണ്ട്: "ഇസ്ലാമിനെ അങ്ങേയറ്റം തെറ്റിദ്ധരിച്ചതിനാലാണ് ഞാനും മറ്റു ആയിരങ്ങളും മുസ്ലിംകൾക്കെതിരെ ആയുധമെടുത്തത്. മതത്തെ തിരിച്ചറിഞ്ഞപ്പോഴാണ് കുറ്റബോധം മനസ്സിനെ വേട്ടയാടിക്കൊണ്ടിരിക്കുന്നത്.''**

സൃഷ്ടിച്ചെടുക്കാനവർക്ക് സാധിച്ചിട്ടുണ്ട്. വൈകാരിക പ്രത്യാക്രമങ്ങളിലൂടെ സംഘപരിവാര കലാപങ്ങൾക്കും ആയുധങ്ങൾക്കും കൂടുതൽ ഇരകളെ ലഭിക്കുമെന്നല്ലാതെ ന്യൂനപക്ഷങ്ങൾക്ക് യാതൊരു നേട്ടവും ഉണ്ടാവില്ല. രാജ്യത്തിന്റെ സമാധാനവും വികസനവും ആഗ്രഹിക്കുന്ന ഓരോ ഇന്ത്യക്കാരന്റെയും ബാധ്യതയാണ് ബുൾഡോസർ രാഷ്ട്രീയത്തിന് കൂച്ചുവിലങ്ങിടുകയെന്നത്. വൈവിധ്യങ്ങളിലൂടെ വർണവസന്തം പൊഴിക്കുന്ന മനോഹരമായ ഇന്ത്യയെ വീണ്ടെടുക്കാൻ മതനിരപേക്ഷ ചേരിയുടെ കൂട്ടായ പ്രവർത്തനങ്ങളും പ്രതിരോധവും അനിവാര്യമാണ്. മുസ്ലിം ന്യൂനപക്ഷത്തിന്റ ഭവനങ്ങൾ ഇടിച്ചുനിരത്തുന്നതിനെതിരെ ദുഷ്യന്ത് ദാവെയും സുഭാഷ് ചന്ദ്രനും കപിൽ സിബലും സുപ്രീം കോടതിയിൽ പോരാടിയതും ജെസിബിക്ക് മുന്നിൽ കോടതി വിധിയുടെ പകർപ്പുമായി ബൃന്ദാ കാരാട്ട് സിംഹഗർജനം നടത്തിയതും ഇന്ത്യയുടെ വീണ്ടെടുപ്പിന് വേണ്ടിയും ന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിന് വേണ്ടിയുമായിരുന്നു. സ്വാതന്ത്ര്യാനന്തരം ഉത്തരേന്ത്യയിലെ ഒരു മുസ്ലിം പള്ളി പിടിച്ചെടുത്ത് മദ്യശാലയും നിശാക്ലബുമാക്കിയ വർഗീയ കോമരങ്ങൾക്കെതിരെ നിരാഹാര സമരം നടത്തി പള്ളിയെ മോചിപ്പിച്ച മഹാത്മാ ഗാന്ധിയിൽ വലിയ മാതൃക കാണാം. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലേയും മതേതര ചേരിയുണർന്നാൽ നിഷ്പ്രയാസം മോചിപ്പിച്ചെടുക്കാവുന്ന പ്രശ്നമെ ഇന്ത്യയിലുള്ളൂ എന്ന് വിലയിരുത്തപ്പെടുന്നുണ്ട്.

പ്രതിരോധങ്ങൾക്ക് ഇസ്ലാമിന്റെതായ സംസ്കാരവും നിയമങ്ങളും ചട്ടങ്ങളുമുണ്ട്. യഥാർഥ വിശ്വാസികൾക്ക് മാത്രം ഉൾകൊള്ളാനാവുന്നതാണത്. വിശുദ്ധ ഖുർആനിൽനിന്നും പ്രവാചക വചനങ്ങളിൽനിന്നും ഉൾക്കൊള്ളേണ്ട പാഠങ്ങളാണവ. ഇരുട്ടിന്റെ മറവിലിരുന്ന് മെഴുകുതിരി വെട്ടത്തിൽ ആരോ ചൊല്ലിത്തരുന്ന വാചകങ്ങളിൽ ത്രസിക്കുന്ന വൈകാരിക കോമരങ്ങൾക്ക് അത് ഉൾകൊള്ളാനാവില്ല. അക്രമികൾക്ക് നേരെയുള്ള പ്രതിക്രിയകൾക്കും ശിക്ഷാനടപടികൾക്കുമുള്ള അധികാരം ഭരണകൂടത്തിനാണ്. ജുഡീഷ്യറി അടക്കമുള്ള സംവിധാനങ്ങളെ സമീപിക്കുകയും അതിനുവേണ്ടി ആവശ്യപ്പെടുകയും ചെയ്യാം. ജനാധിപത്യ രാജ്യമെന്ന നിലയ്ക്ക് അതിനുള്ള സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ട്.

വിശ്വാസ വിമലീകരണത്തിലൂടെ അല്ലാഹുവിലുള്ള പ്രതീക്ഷ കൈവിടാതെ പ്രാർഥനാനിർഭരമായി മുന്നോട്ടു പോകണം. "നിങ്ങൾ ദൗർബല്യം കാണിക്കുകയോ ദുഃഖിക്കുകയോ ചെയ്യരുത്. നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണ് ഉന്നതൻമാർ'' (ക്വുർആൻ 3:139).

ഇസ്ലാമിനെ തെറ്റിദ്ധരിച്ചവരും തെറ്റിദ്ധരിപ്പിക്കുന്നവരുമാണല്ലോ അക്രമാസക്തരാകുന്നത്. അതിനാൽ ശരിയായ രൂപത്തിൽ ഇസ്ലാമിക ആശയപ്രചാരണം നടത്തി തെറ്റിദ്ധാരണകൾ തിരുത്താൻ ശ്രമിക്കേണ്ടതുണ്ട്. ഗുജറാത്ത് കലാപത്തിൽ മൂർച്ചയേറിയ ആയുധമേന്തി, കാവി റിബ്ബൺ തലയിൽ കെട്ടി ക്രൂരതയുടെ പര്യായമായി മനസ്സിലേക്ക് ഓടിവരുന്ന അശോക് മോചിയുടെ ചിത്രം ആരും മറന്നുകാണില്ല. പിന്നീട് കുറ്റബോധത്തോടുകൂടി അദ്ദേഹം നടത്തിയ പ്രഭാഷണത്തിൽ ഇങ്ങനെ പറയുന്നുണ്ട്: "ഇസ്ലാമിനെ അങ്ങേയറ്റം തെറ്റിദ്ധരിച്ചതിനാലാണ് ഞാനും മറ്റു ആയിരങ്ങളും മുസ്ലിംകൾക്കെതിരെ ആയുധമെടുത്തത്. മതത്തെ തിരിച്ചറിഞ്ഞപ്പോഴാണ് കുറ്റബോധം മനസ്സിനെ വേട്ടയാടിക്കൊണ്ടിരിക്കുന്നത്."



അക്രമകാരികളെ നേരിടാൻ വൈകാരികതയെയും ആയുധങ്ങളെയും ആശ്രയിക്കലാണോ, അതല്ല സർവശക്തനായ അല്ലാഹുവിന്റ സഹായത്തെ പ്രതീക്ഷിക്കലാണോ ബുദ്ധിയെന്ന് ചോദിച്ചാൽ വിശ്വാസി സമൂഹം രണ്ടാമത്തേതായിരിക്കും തെരഞ്ഞെടുക്കുക. കാരണം ക്ഷമിക്കുന്നതിലൂടെ അല്ലാഹുവിവിന്റെ സഹായം ഉറപ്പാണ്.

"സത്യവിശ്വാസികളെ, നിങ്ങൾ സഹനവും നമസ്കാരവും മുഖേന (അല്ലാഹുവിനോട്) സഹായം തേടുക. തീർച്ചയായും ക്ഷമിക്കുന്നവരോടൊപ്പമാകുന്നു'' (ക്വുർആൻ 2:153).




# മാസനിർണയത്തിന് പ്രവാചകവിരുദ്ധ മാനദണ്ഡങ്ങൾ സ്വീകരിക്കാത്തത് യാഥാസ്ഥിതികതയോ?

**പി. ഒ. ഉമർഫാറൂഖ്**

**റമദാൻ, പെരുന്നാൾ മാസങ്ങൾ ഒഴികെ മറ്റുള്ള മാസങ്ങൾ കലണ്ടർ ഉപയോഗിച്ചു തീരുമാനിക്കാം എന്ന വാദം ഹിലാൽ കമ്മിറ്റിയുടെ ആരംഭകാലങ്ങളിൽ ഉണ്ടായിരുന്നോ?**

1976ൽ രൂപീകൃതമായതുമുതൽ നാലു ദശാബ്ദങ്ങളോളം ഇത്തരമൊരു വാദം ഹിലാൽ കമ്മിറ്റിക്കുണ്ടായിരുന്നില്ല. കാഴ്ചയനുസരിച്ചു മാത്രമുള്ള ശഅ്ബാൻ മാസം 29ന് സൂര്യൻ അസ്തമിച്ചതിനുശേഷം ചന്ദ്രൻ ചക്രവാളത്തിൽ ഉണ്ടോ എന്നാണ് ഹിലാൽ കമ്മിറ്റി പരിശോധിച്ചിരുന്നത്.

ശഅബാൻ മാസപ്പിറവി കാണാൻ പ്രത്യേകം സംവിധാനങ്ങൾ ഒരുക്കിയിരുന്നില്ല എങ്കിലും മറ്റുള്ളവരുടെ പിറവി സ്ഥിരീകരണം ഹിലാൽ കമ്മിറ്റി അംഗീകരിച്ചിരുന്നു. എന്നാലിപ്പോൾ ശഅ്ബാൻ പൂർണമായും കലണ്ടറനുസരിച്ച് തീരുമാനിക്കുകയും കലണ്ടർ കണക്കനുസരിച്ച് ശഅ്ബാൻ 30 പൂർത്തിയാക്കി റമദാനിലേക്ക് കടക്കുകയും ചെയ്യുന്ന രീതിയാണുള്ളത്. ഹിലാൽ കമ്മിറ്റിയുടെ രൂപീകരണശേഷം നാലു ദശാബ്ദത്തോളം സ്വീകരിച്ചിരുന്ന നയമായിരുന്നില്ല ഇത്.

**വിസ്ഡംകാർ ശഅ്ബാൻ 29 ആയി കണക്കാക്കുന്ന ഏപ്രിൽ രണ്ടിന് സൂര്യാസ്തമയശേഷം 62 മിനിട്ട് നീണ്ടുനിൽക്കുന്ന ഹിലാലിന്റെ സാന്നിധ്യത്തിന്റെ ശാസ്ത്രീയത വ്യക്തമാക്കാമോ?**

ഏപ്രിൽ ഒന്നിന് മാസപ്പിറവി കാണാൻ ആഹ്വാനം ചെയ്ത കേരള ഹിലാൽ കമ്മിറ്റിക്കാർക്ക് അന്ന് തെളിഞ്ഞ ആകാശത്ത് 13 മിനുട്ട് ചന്ദ്രൻ ചക്രവാളത്തിൽ ഉണ്ടായിട്ടും മാസപ്പിറവി കാണാൻ കഴിയാത്തതുപോലെ, റജബ് 29ന് 43 മിനുട്ട് ചക്രവാളത്തിൽ ഉണ്ടായിട്ടും കേരളത്തിൽ ഒരാൾക്കും മാസപ്പിറവി കാണാൻ കഴിഞ്ഞില്ല. റജബ് 30 പൂർത്തിയാക്കിയാണ് പ്രവാചകചര്യയനുസരിച്ച് ശഅ്ബാനിലേക്ക് കടന്നത്. കാഴ്ചയനുസരിച്ചുള്ള ശഅ്ബാൻ 28ന് ഉച്ചക്ക് 12 മണിക്കാണ് ന്യൂമൂൺ ഉണ്ടാകുന്നത്. അന്ന് സൂര്യാസ്തമയ സമയത്ത് ചന്ദ്രന്റെ പ്രായം കേവലം ആറര മണിക്കൂർ മാത്രമാണ്. അതുകൊണ്ടുതന്നെ അന്ന് പിറവി കാണാൻ സാധ്യമല്ല. 24 മണിക്കൂർ കൂടി കഴിഞ്ഞ് അടുത്ത ദിവസം സൂര്യാസ്തമയ സമയത്ത് 30 മണിക്കൂർ പ്രായമുള്ള ചന്ദ്രനാണ് ചക്രവാളത്തിൽ പ്രത്യക്ഷപ്പെടുന്നത്. 30 മണിക്കൂറിനകം ആർജിച്ച ഇലോംഗേഷൻ ആംഗിൾ സൂര്യാസ്തമയശേഷം ദീർഘിച്ച സമയം ചന്ദ്രൻ ചക്രവാളത്തിൽ നിലനിൽക്കാൻ സഹായകമായി. തലേദിവസം 13 മിനുട്ട് ഉണ്ടായിരുന്നത് അടുത്തദിവസം 62 മിനുട്ടിലേക്ക് ഉയരുന്നത് സ്വാഭാവികമാണല്ലോ. തദ്ഫലമായി രൂപപ്പെട്ട ചന്ദ്രക്കലയും വലുതായിരുന്നു.

സൂര്യാസ്തമയ ശേഷം ചന്ദ്രൻ എത്ര സമയം ചക്രവാളത്തിൽ നിലനിൽക്കുന്നുവെന്നത് തീയതി നിർണയിക്കാൻ സഹായകമായ ഘടകമല്ല എന്നത് സൂര്യ-ഭൗമ-ചന്ദ്ര ചലനങ്ങളെ കുറിച്ച് ഏകദേശ ധാരണയുള്ള ഏതൊരാൾക്കും ബോധ്യപ്പെടും. ന്യൂമൂണിന്റെ സമയത്തെയും ചന്ദ്രൻ ഭൂമിക്കുചുറ്റും സഞ്ചരിക്കുന്ന എലിപ്റ്റിക്കൽ ഓർബിറ്റിൽ അപോജിക്കും പെരിജിക്കും ഇടയിൽ ചന്ദ്രന്റെ സ്ഥാനത്തെയുമാണ് അത് ആശ്രയിക്കുന്നത്. സുന്നത്തിന് വിരുദ്ധമായി തങ്ങളുടെ റമദാൻ നിശ്ചയിച്ചവർക്ക് തങ്ങളുടെ അണികളെ പിടിച്ചു നിർത്താൻ ഇത്തരം അപ്രസക്ത ചോദ്യങ്ങൾ ആവശ്യമായി വരും.

**വിസ്ഡംകാർക്ക് മണിക്ഫാൻ വാദമോ?**

ഇസ്‌ലാമിക അനുഷ്ഠാനങ്ങൾ നിർവഹിക്കുവാൻ ന്യൂമൂണിനെ അടിസ്ഥാനപ്പെടുത്തി കലണ്ടർ തയ്യാറാക്കിയ വ്യക്തിയാണ് അലി മണിക്ഫാൻ സാഹിബ്. അതുപോലെയുള്ള ഒരു കലണ്ടറാണ് ഇപ്പോൾ കേരള ഹിലാൽ കമ്മിറ്റി തങ്ങളുടെ മാസനിർണയത്തിന് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. ന്യൂമൂൺ എന്ന മാനദണ്ഡം മാറ്റി മൂൺസെറ്റ് ലാഗ് (സൂര്യാസ്തമയ ശേഷമുള്ള ചന്ദ്രസാന്നിധ്യം) സ്വീകരിച്ചു എന്ന് മാത്രം. ഫലത്തിൽ രണ്ടും ഒന്നുതന്നെ.

എന്നാൽ മാസനിർണയത്തിന് മണിക്ഫാൻ മുന്നോട്ടുവെച്ച കണക്കുകളെ തള്ളുകയും പ്രവാചക ചര്യകൾ സ്വീകരിക്കുകയും ചെയ്യുന്ന വിസ്ഡം വിഭാഗമാണോ പ്രവാചക മാനദണ്ഡങ്ങളോട് യോജിക്കാത്ത കണക്കുകൾ ഉപയോഗിച്ച് മാസം നിർണയിച്ച കേരള ഹിലാൽ കമ്മിറ്റിയാണോ മണിക്ഫാൻ വാദക്കാർ എന്ന് ഇത് വായിക്കുന്നവർ വിലയിരുത്തുക

**കർണാടകയിലെ ഭട്ക്കലിൽ കണ്ട മാസപ്പിറവി കേരളത്തിൽ ബാധകമാക്കിയത് ശരിയാണോ?**


മാസപ്പിറവി സംബന്ധമായി പ്രഥമവും പ്രധാനവുമായി നാം മനസ്സിലാക്കേണ്ട കാര്യം മാസം നിർണയിക്കാൻ അധികാരപ്പെട്ട വ്യക്തി മുസ്‌ലിംകളുടെ അമീറാണ് എന്നതാണ്. കേരളത്തിൽ എല്ലാവർക്കുമായി ഒരു അമീർ ഇല്ല എങ്കിലും ഓരോ വിഭാഗങ്ങൾക്കും ഒരു നേതൃത്വമുണ്ട്. അതല്ലെങ്കിൽ ഓരോ വിഭാഗത്തിനും മാസപ്പിറവി നിർണയിച്ചു നൽകാനായി നിശ്ചയിക്കപ്പെട്ട പ്രത്യേകം സമിതികൾ ഉണ്ട്. നേതൃത്വമോ അത്തരത്തിലുള്ള സമിതിയോ തീരുമാനിക്കുന്നതിന് അനുസരിച്ചാണ് മാസാരംഭം നിർണയിക്കപ്പെടുക. നാട്ടിലെ ഭരണാധിപൻ അല്ലെങ്കിൽ നേതൃത്വം മാസം പിറന്നതായി പ്രഖ്യാപിക്കുന്നതുവരെ ആ നേതൃത്വത്തിന് കീഴിൽ ജീവിക്കുന്ന ഒരാൾ മാസപ്പിറവി കണ്ടാൽ പോലും താൻ കണ്ട പിറവിയെ അടിസ്ഥാനപ്പെടുത്തി അയാൾക്ക് നോമ്പോ പെരുന്നാളോ ആചരിക്കാനാവില്ല എന്നതാണ് ചരിത്രം പരിശോധിച്ചാൽ നമുക്ക് മനസ്സിലാകുക. ഒരു നേതൃത്വത്തിൻ കീഴിലുള്ള പ്രദേശത്ത് മാസപ്പിറവി കാണാതിരിക്കുകയും മറ്റൊരു പ്രദേശത്ത് മാസപ്പിറവി കാണുകയും ചെയ്യുന്ന സാഹചര്യത്തിൽ ആ പിറവിയുടെ കാഴ്ചയെ അടിസ്ഥാനപ്പെടുത്തി മാസം ആരംഭിച്ചതായി പ്രഖ്യാപിക്കാനുള്ള അധികാരം നേതൃത്വത്തിനുണ്ട്. കുവൈത്ത്, ഖത്തർ, ബഹ്റൈൻ തുടങ്ങി നാൽപതോളം രാഷ്ട്രങ്ങൾ സൗദി അറേബ്യയുടെ മാസ നിർണയത്തെ അംഗീകരിക്കുന്നത് ഇതിനുദാഹരണം. ഇതുപോലെ മറ്റു രാജ്യങ്ങളിലെ പിറവിയെ നിരാകരിച്ച് മാസം ആരംഭിക്കാതിരിക്കാനും അമീറിന് അധികാരമുണ്ട്. കുറൈബിന്റെ ഹദീഥിൽ പരാമർശിച്ചത് പോലെ ശാമിൽ കണ്ട മാസപ്പിറവി മദീനയിൽ ബാധകമാക്കാതിരുന്നതും സൗദി അറേബ്യയിൽ മാസപ്പിറവി കണ്ടാലും ഒമാൻ ഭരണകൂടം അത് ബാധകമാക്കാതിരിക്കുന്നതും ഇതിനുദാഹരണമാണ്.

ഏപ്രിൽ രണ്ടിന് മാസപ്പിറവി കാണാനുള്ള എല്ലാ സാധ്യതകളും ഉണ്ടായിട്ടും കേരളതീരം മേഘാവൃതമായതിനാൽ മാസപ്പിറവി കാണാൻ സാധിച്ചില്ല. എന്നാൽ കേരളത്തിന്റെ അതേ ഉദയസ്ഥാനത്തുള്ള ഭട്ക്കലിൽ പിറവി ദൃശ്യമാവുകയും ചെയ്തു. അതിനെ അടിസ്ഥാനപ്പെടുത്തി വിസ്ഡം ഹിലാൽ വിംഗ് ഏപ്രിൽ 3 ന് റമദാൻ ഒന്നായി പ്രഖ്യാപിക്കുകയും ചെയ്തു. പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ ഈ തീരുമാനത്തിൽ അപാകതകൾ ഒന്നും തന്നെ കാണാനാവില്ല. ■

ഏപ്രിൽ രണ്ടിന് മാസപ്പിറവി കാണാനുള്ള എല്ലാ സാധ്യതകളും ഉണ്ടായിട്ടും കേരളതീരം മേഘാവൃതമായതിനാൽ മാസപ്പിറവി കാണാൻ സാധിച്ചില്ല. എന്നാൽ കേരളത്തിന്റെ അതേ ഉദയസ്ഥാനത്തുള്ള ഭട്ക്കലിൽ പിറവി ദൃശ്യമാവുകയും ചെയ്തു. അതിനെ അടിസ്ഥാനപ്പെടുത്തി വിസ്ഡം ഹിലാൽ വിംഗ് ഏപ്രിൽ 3 ന് റമദാൻ ഒന്നായി പ്രഖ്യാപിക്കുകയും ചെയ്തു. പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ ഈ തീരുമാനത്തിൽ അപാകതകൾ ഒന്നും തന്നെ കാണാനാവില്ല.








# രോഗവും മരുന്നും

ഇമാം ഇബ്നൽ ക്വയ്യിം അൽജൗസിയ്യ
ക്രോഡീകരണം: ഉസ്താദത്ത് ഈമാൻ ഉബൈദ്
വിവർത്തനം: ബിൻത് മുഹമ്മദ്

## ആമുഖം

ഈ ഗ്രന്ഥം വായിക്കാൻ സൗഭാഗ്യം ലഭിച്ച അനുഗൃഹീതരായ എല്ലാ പ്രിയപ്പെട്ട വായനക്കാർക്കും അല്ലാഹുവിന്റെ കാരുണ്യവും സമാധാനവും ആശംസിക്കുന്നു. 'അനുഗൃഹീതർ' എന്ന് എടുത്ത് പറയുവാൻ കാരണം, ഇത് നിങ്ങളുടെയെല്ലാം ആവലാതികളുടെയും പ്രാർഥനകളുടെയും ഉത്തരമാണ് എന്നതാണ്.എന്റെ കാര്യവും ഇപ്രകാരം തന്നെയാണ്. അല്ലാഹു അവനിച്ഛിക്കുന്നവരെ സന്മാർഗത്തിലേക്ക് നയിക്കുന്നു.

കഴിഞ്ഞ 2015 മെയ് മാസം മുതൽ വിട്ടുമാറാത്ത തലവേദനയും ഉദര രോഗവുമായി വലഞ്ഞിരുന്ന ഒരുവളായിരുന്നു ഞാൻ. പലതരം ചികിത്സകൾ നടത്തിനോക്കിയെങ്കിലും രണ്ട് രോഗങ്ങൾക്കും ഒരു കുറവും അനുഭവപ്പെട്ടില്ല. വേദനസംഹാരികളെ പോലും ആശ്രയിക്കുവാൻ കഴിയാനാവാത്ത വിധം എന്റെ രണ്ട് രോഗങ്ങളും എന്നെ വിഷാദാവസ്ഥയിൽ എത്തിച്ചു. ആ സമയത്താണ് എന്നെ ഒരു സഹോദരി സ്ത്രീകളുടെ ഒരു പ്രമുഖ ഇസ്‌ലാമിക കേന്ദ്രത്തിൽ കൊണ്ടുപോയത്. അവിടെയുണ്ടായിരുന്ന ആദരണീയ ഉസ്താദത്ത് ഈമാൻ ഉബൈദ്, ഇമാം ഇബ്നുൽ ക്വയ്യിമി(റഹി)ന്റെ 'അദ്ദാഉ വദ്ദവാഅ്' എന്ന മഹത്തായ ഗ്രന്ഥത്തിന്റെ ക്ലാസ്സെടുക്കുകയായിരുന്നു. ആദ്യ ക്ലാസ്സുതന്നെ എന്നിൽ വലിയ ചലനങ്ങളുണ്ടാക്കി. ഞാൻ അവരുടെ നോട്സ് വാങ്ങി ആദ്യം മുതൽ പഠനമാരംഭിച്ചു. സുബ്ഹാനല്ലാഹ്, ആ ഗ്രന്ഥം എന്റെ രോഗാവസ്ഥയിൽ വലിയ മാറ്റമുണ്ടാക്കി. എന്ന് മാത്രമല്ല, അല്ലാഹുവിലേക്ക് കൂടുതൽ അടുക്കാനും അതു വഴി സമാധാനം കൈവരിക്കുവാനും എനിക്ക് സാധിച്ചു.

**വിട്ടുമാറാത്ത തലവേദനയും ഉദര രോഗവുമായി വലഞ്ഞിരുന്ന ഒരുവളായിരുന്നു ഞാൻ. പലതരം ചികിത്സകൾ നടത്തിനോക്കി യെങ്കിലും രണ്ട് രോഗങ്ങൾക്കും ഒരു കുറവും അനുഭവപ്പെട്ടില്ല. വേദനസംഹാരികളെ പോലും ആശ്രയിക്കുവാൻ കഴിയാനാവാ ത്ത വിധം എന്റെ രണ്ട് രോഗങ്ങളും എന്നെ വിഷാദാവസ്ഥയിൽ എത്തിച്ചു. ആ സമയത്താണ് എന്നെ ഒരു സഹോദരി സ്ത്രീകളുടെ ഒരു പ്രമുഖ ഇസ്‌ലാമിക കേന്ദ്രത്തിൽ കൊണ്ടുപോയത്. അവിടെ യുണ്ടായിരുന്ന ആദരണീയ ഉസ്താദത്ത് ഈമാൻ ഉബൈദ്, ഇമാം ഇബ്നുൽ ക്വയ്യിമി(റഹി)ന്റെ 'അദ്ദാഉ വദ്ദവാഅ്' എന്ന മഹത്തായ ഗ്രന്ഥത്തിന്റെ ക്ലാസ്സെടുക്കുകയായിരുന്നു. ആദ്യ ക്ലാസ്സുതന്നെ എന്നിൽ വലിയ ചലനങ്ങളുണ്ടാക്കി. ഞാൻ അവരുടെ നോട്സ് വാങ്ങി ആദ്യം മുതൽ പഠനമാരംഭിച്ചു. സുബ്ഹാനല്ലാഹ്, ആ ഗ്രന്ഥം എന്റെ രോഗാവസ്ഥയിൽ വലിയ മാറ്റമുണ്ടാക്കി. എന്ന് മാത്രമല്ല, അല്ലാഹുവിലേക്ക് കൂടുതൽ അടുക്കാനും അതു വഴി സമാധാനം കൈവരിക്കുവാനും എനിക്ക് സാധിച്ചു.**



ഈ ഉപകാരപ്പെട്ട അറിവ് എന്നിൽത ന്നെ ഒതുക്കിവയ്ക്കുന്നത് എനിക്ക് അസാ ധ്യമായിരുന്നു. ഈ നോട്സ് മറ്റുള്ളവർ ക്ക് വായിക്കുവാൻ അസൗകര്യമാണെന്ന് മനസ്സിലാക്കിയതുകൊണ്ടും ഇത് എന്റെ മാതൃഭാഷയിൽ വിവർത്തനം ചെയ്ത് എന്റെ പ്രിയപ്പെട്ടവർക്ക് ഈ അറിവ് എത്തിച്ചുകൊടുക്കൽ എന്റെ കടമയാ ണെന്നും ബോധ്യമായതുകൊണ്ടും ഇത് വിവർത്തനം ചെയ്തു. അൽഹംദു ലില്ലാഹ്, ഈ ഗ്രന്ഥം യാഥാർഥ്യമായി.

ഇമാം ഇബ്നുൽക്വയ്യിമിന്റെ ഈ ഗ്രന്ഥം പരിഭാഷപ്പെടുത്തൽ ചെയ്യൽ എന്നെപ്പോലെയുള്ള വ്യക്തിയ്ക്ക് സ്വയം സാധിക്കുന്ന കാര്യമല്ല. എന്റെ ഗുരുനാഥ, അത് പല അധ്യായങ്ങളായി ചുരുക്കി അതിലെ പാഠങ്ങൾ വിവരിച്ചുതന്നത് എനിക്ക് എളുപ്പമായി. രണ്ടുപേരുടെയും കഠിന പ്രയത്നത്തോട് എത്രമാത്രം നീ തിപുലർത്താൻ സാധിച്ചിട്ടുണ്ട് എന്നത് അല്ലാഹുവിനേ അറിയൂ.

ഇതിലെ എല്ലാ നന്മകളും അല്ലാഹു വിൽനിന്നാണ്. ഇതിൽ പാകപ്പിഴവുകൾ എന്തെങ്കിലുമുണ്ടെങ്കിൽ അത് എന്നിൽ നിന്നു മാത്രമാണ്.

അല്ലാഹുവേ, എന്റെ ഈ എളിയ ശ്രമം നീ എന്നിൽനിന്നും സ്വീകരിക്കുക യും അതിൽ നീ അനുഗ്രഹം നൽകുക യും ചെയ്യേണമേ. ഇതിൽ വന്നുപോയ പാകപ്പിഴവുകൾ എനിക്ക് നീ പൊറുത്ത് തരേണമേ. നിന്റെ പ്രതിഫലവും തൃപ്തിയു മല്ലാതെ ഈ ഉദ്യമത്തിൽ ഞാൻ മറ്റൊ ന്നും കാംക്ഷിക്കുന്നില്ല. (വിവർത്തക).

### അധ്യായം 1

## രോഗവും മരുന്നും എന്ന ഗ്രന്ഥത്തെ പരിചയപ്പെടുക

ഈ മഹത്തായ ഗ്രന്ഥത്തിന്റെ നാമം 'അദ്ദാഉ വദ്ദവാഅ്' എന്നാകുന്നു. 'അദ്ദാ അ്' എന്നാൽ 'രോഗം' എന്നും 'അദ്ദവാഅ്' എന്നാൽ 'മരുന്ന്' എന്നുമാണ് അർഥം. ഇത് നാം ഉദ്ദേശിക്കുന്ന നിലയിലുള്ള ഒരു വൈദ്യ ഗ്രന്ഥമല്ല. ഇമാം ഇബ്നുൽ ക്വ യ്യിം തന്റെ ഒരു ശിഷ്യന്റെ ചോദ്യത്തിന് മറുപടിയായി രചിച്ചതാണ് ഈ ഗ്രന്ഥം. ശിഷ്യൻ ചോദിച്ച ചോദ്യത്തിന് വളരെ വിശാലമായൊരു മറുപടിതന്നെ ഗുരുനാ ഥൻ നൽകുകയുണ്ടായി. ഇത്ര വിശാല മായ മറുപടി ഇമാമിന്റെ ഭാഗത്തുനിന്നു ള്ള ശ്ലാഘനീയമായ ഒരു കർമമാണ്. അതിന്റെ പ്രയോജനങ്ങൾ ഇന്നും നില നിൽക്കുന്നു. കൂടാതെ, ഒരു അധ്യാപക ന് തന്റെ ശിഷ്യനിൽനിന്നും ഐശ്വര്യം ഉണ്ടാകാം എന്നും ഇത് സൂചിപ്പിക്കുന്നു. ശിഷ്യൻ കാരണമായിട്ടാണ് ഈ മഹൽ ഗ്രന്ഥം തയ്യാറാക്കപ്പെട്ടത്. നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഈ ഗ്രന്ഥത്തിന്റെ ഫലങ്ങൾ പ്രകടമായിക്കൊണ്ടിരിക്കുന്നു.

ചോദ്യം ഇങ്ങനെയായിരുന്നു: "പണ്ഡിതന്മാർ താഴെ പറയുന്ന കാര്യ ത്തെക്കുറിച്ച് എന്ത് പറയുന്നു? ഒരു വ്യക്തി ചില രോഗങ്ങളാൽ പരീക്ഷിക്ക പ്പെടുന്നു. ഈ പരീക്ഷണം ഇങ്ങനെ തു ടർന്നുപോയാൽ തന്റെ ഇഹലോകവും പരലോകവും തനിക്ക് നഷ്ടപ്പെടാൻ സാ ധ്യതയുണ്ടെന്ന് അദ്ദേഹം ഭയക്കുന്നു. അതിനെ ഉന്മൂലനം ചെയ്യാൻ അദ്ദേഹം പരിശ്രമിച്ചു. പക്ഷേ, എത്ര അതിനോട് പൊരുതുന്നുവോ അത്രയും അത് വർ ധിക്കുകയാണ്. ഈ രോഗിയെ സഹാ യിക്കുന്നവന്റെമേൽ അല്ലാഹുവിന്റെ കാ രുണ്യം വർഷിക്കപ്പെടട്ടെ."

ഈ ചോദ്യം വളരെയധികം ശ്രദ്ധേയമായ ഒന്നാണ്. ഒന്നാമതായി, താങ്കൾ എന്ത് പറയുന്നു എന്ന് ചോദിക്കുന്നതിനു പകരം പണ്ഡിതന്മാർ എന്ത് പറയുന്നു എന്നാണ് ചോദിച്ചിരിക്കുന്നത്. ഇത് ഗുരുനാഥനിൽ അനാവശ്യമായ സമ്മർദ്ദം ഉണ്ടാക്കാതെ ഉചിതമായ ഉത്തരം പറയാൻ പ്രേരിപ്പിക്കുന്നു. രണ്ടാമതായി, ഇതിൽ പറയപ്പെടുന്ന വ്യക്തി താൻ ആണെന്ന് വ്യക്തമാക്കാതെ ഒരുവൻ എന്ന് പറഞ്ഞതിൽ വിനയം അടങ്ങിയിരിക്കുന്നു. മൂന്നാമതായി, രോഗങ്ങൾ എന്ന് മൊത്തത്തിൽ പറഞ്ഞിരിക്കുന്നു. അത് മനസ്സിന്റെയോ ശരീരത്തിന്റെയോ ഏത് രോഗവും ആകാം. നാലാമതായി, ഈ ശിഷ്യൻ വളരെ ആത്മാർഥമായിട്ടാണ് തന്റെ കാര്യം അവതരിപ്പിക്കുന്നത്. തനിക്ക് വന്നുഭവിച്ച പരീക്ഷണം ഇല്ലാതാക്കാൻ തന്നാൽ കഴിയുന്ന രീതിയിൽ കിണഞ്ഞു പരിശ്രമിച്ചു. പക്ഷേ, നടന്നില്ല. അതിനാൽ പിന്നെ എന്താണ് മാർഗമെന്ന് അറിവുള്ളവരോട് ആരായുകയാണ്. അഞ്ചാമതായി, തന്റെ ചോദ്യം ഇങ്ങനെ അവസാനിപ്പിച്ചു: 'ഈ രോഗിയെ സഹായിക്കുന്നവന്റെ മേൽ അല്ലാഹുവിന്റെ കാരുണ്യം വർഷിക്കപ്പെടട്ടെ.'

ആരെങ്കിലും പരീക്ഷണങ്ങളിൽ അകപ്പെട്ടവരെ കണ്ടുമുട്ടിയാൽ, പ്രത്യേകിച്ചും ഏതെങ്കിലും പാപകർമങ്ങളാൽ പരീക്ഷിക്കപ്പെട്ടവരെ കണ്ടാൽ, അവരെ പരിഹസിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യരുത്. പകരം നാം പടച്ചവനെ സ്തുതിക്കുക. അബൂഹുറയ്റ(റ) നിവേദനം: "അല്ലാഹുവിന്റെ റസൂൽ (സ്വ) അരുളി: 'ആരെങ്കിലും പരീക്ഷണങ്ങളാൽ പ്രയാസപ്പെടുന്നവരെ കണ്ടാൽ ഇപ്രകാരം പറയുക: 'താങ്കൾ പരീക്ഷിക്കപ്പെടുന്ന കാര്യത്തിൽനിന്നും എനിക്ക് രക്ഷ നൽകുകയും മറ്റു സൃഷ്ടികളെക്കാൾ എന്നെ ശ്രേഷ്ഠനാക്കുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവസ്തുതിയും!' ഈ പ്രാർഥന ചൊല്ലുകയാണെങ്കിൽ അത്തരം പരീക്ഷണങ്ങളിൽനിന്നും അല്ലാഹു അവനെ കാത്ത് രക്ഷിക്കുന്നതാണ്" (ബുഖാരി 6248). രണ്ടാമതായി, പാപത്തിൽനിന്നും അദ്ദേഹത്തെ മാറ്റാൻ പരിശ്രമിക്കണം. അതിലൂടെ അദ്ദേഹം പാപത്തിൽ നിന്നും പിന്മാറാൻ സാധ്യതയുണ്ട്. ഇനി അതുണ്ടായില്ലെങ്കിൽതന്നെ നാം പാപത്തിൽ നിന്നും രക്ഷപ്പെടുന്നതാണ്.

നമുക്കെല്ലാം ബലഹീനതകളും കുറവുകളുമുണ്ട്. സന്മാർഗത്തിൽ നിലകൊള്ളുന്നതിന് അവ പലപ്പോഴും തടസ്സങ്ങൾ സൃഷ്ടിക്കാറുമുണ്ട്. മറ്റു ബലഹീനതകളൊക്കെ തരണം ചെയ്യുവാൻ സാധിച്ചുവെന്ന് വരാം. ഒരു വെല്ലുവിളി പോലെ ഈ ബലഹീനതകൾ നമുക്ക് മുന്നിൽ ഒരു തടസ്സമായി നിൽക്കും. പക്ഷേ, ഈ ബലഹീനതകളും തടസ്സങ്ങളും ദൂരീകരിക്കാൻ ശരിയായ അറിവുള്ളവരോട് ചോദിക്കുകയും അവർ പറയുന്നത് അനുസരിക്കുകയും ചെയ്താൽ തടസ്സങ്ങളെല്ലാം മാറുന്നതാണ്. ഇവിടെ ശിഷ്യന്റെ ഉപര്യുക്ത ചോദ്യത്തിന് മറുപടി എന്നോണം ഇമാം ഇബ്നുൽ ക്വയ്യിം ഈ ഗ്രന്ഥംതന്നെ രചിച്ചു. ശിഷ്യന്റെ ചോദ്യത്തിന് മറുപടിയായി ഈ ഗ്രന്ഥം എഴുതുവാനുണ്ടായ സാഹചര്യം അദ്ദേഹം മറച്ചുവച്ചതുമില്ല.

ഇമാം ഇബ്നുൽ ക്വയ്യിം ഈ ചോദ്യത്തിന് അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് മറുപടി ആരംഭിക്കുകയും പ്രതീക്ഷയ്ക്ക് വകയുണ്ടെന്ന് സൂചിപ്പിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം ഒരു ഹദീസ് ഉദ്ധരിച്ചു: "അബൂ ഹുറയ്റ(റ) നിവേദനം: അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: ചികിത്സ ഇല്ലാത്ത ഒരു രോഗവും അല്ലാഹു തആലാ ഇറക്കിയിട്ടില്ല" (സ്വഹീഹുൽ ബുഖാരി 5678).

അതെ, 'ഇതിന് ഒരു മരുന്നുമില്ല' എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം തന്റെ ശിഷ്യനെ നിരാശപ്പെടുത്തിയില്ല. മറിച്ച് വളരെ വിശാലമായ ആശയത്തിൽ ഉത്തരം പറഞ്ഞു: 'ഹൃദയത്തിലുള്ള രോഗങ്ങളായാലും ശരീരത്തിന്റെ രോഗങ്ങളായാലും പരിഹാരമില്ലാതെ അല്ലാഹു ഒരു രോഗവും ഇറക്കിയിട്ടില്ല!'

എന്തിനാണ് അല്ലാഹു രോഗങ്ങൾ ഇറക്കിയതെന്ന് ഇവിടെ സംശയം ഉണ്ടായേക്കാം. അറിയുക; രോഗം ഇറക്കുന്നതിൽ പല തത്ത്വങ്ങളുമുണ്ട്. രോഗം ഉണ്ടാകുമ്പോൾ അല്ലാഹുവിൽ വിശ്വാസം ഉണരുകയും അവനെമാത്രം ആരാധിക്കുവാനും സൽകർമങ്ങൾ അധികരിപ്പിച്ച് ജീവിതം ധന്യമാക്കുവാനും സാധിക്കുന്നു. അല്ലാഹു മാത്രമെ രോഗം ഭേദമാക്കുകയുള്ളൂ എന്ന് തിരിച്ചറിഞ്ഞ് അവനിലേക്ക് മടങ്ങാനും കഴിയുന്നു.

നമ്മുടെ ശരീരം ഏറ്റവും മികച്ച ഘടനയിലാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. കേടുപാടുകൾ സംഭവിച്ചാൽ സ്വയം തന്നെ കേടുപാടുകൾ തീർക്കുന്ന ഒരു സംവിധാനം അല്ലാഹു നമ്മുടെ ശരീരത്തിന് നൽകിയിട്ടുണ്ട്. രോഗാവസ്ഥ നമ്മെ

**ആരെങ്കിലും പരീക്ഷണങ്ങളിൽ അകപ്പെട്ടവരെ കണ്ടുമുട്ടിയാൽ, പ്രത്യേകിച്ചും ഏതെങ്കിലും പാപകർമങ്ങളാൽ പരീക്ഷിക്കപ്പെട്ടവരെ കണ്ടാൽ, അവരെ പരിഹസിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യരുത്. പകരം നാം പടച്ചവനെ സ്തുതിക്കുക. അബൂഹുറയ്റ(റ) നിവേദനം: "അല്ലാഹുവിന്റെ റസൂൽ (സ്വ) അരുളി: 'ആരെങ്കിൽ പരീക്ഷണങ്ങളാൽ പ്രയാസപ്പെടുന്നവരെ കണ്ടാൽ ഇപ്രകാരം പറയുക: 'താങ്കൾ പരീക്ഷിക്കപ്പെടുന്ന കാര്യത്തിൽനിന്നും എനിക്ക് രക്ഷനൽകുകയും മറ്റു സൃഷ്ടികളെക്കാൾ എന്നെ ശ്രേഷ്ഠനാക്കുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവസ്തുതിയും!' ഈ പ്രാർഥന ചൊല്ലുകയാണെങ്കിൽ അത്തരം പരീക്ഷണങ്ങളിൽ നിന്നും അല്ലാഹു അവനെ കാത്ത് രക്ഷിക്കുന്നതാണ്" (ബുഖാരി 6248). രണ്ടാമതായി, പാപത്തിൽനിന്നും അദ്ദേഹത്തെ മാറ്റാൻ പരിശ്രമിക്കണം.**



കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. കൂടാതെ, നാളത്തെ അവസ്ഥ ഇന്നത്തെ അവസ്ഥയെക്കാൾ മെച്ചമുള്ളതായിരിക്കും എന്ന് നാം പ്രത്യാശിക്കുകയും വേണം.

ജാബിർ(റ) നിവേദനം: "നബി (സ്വ) അരുളി: 'എല്ലാ രോഗങ്ങൾക്കും പരിഹാരമുണ്ട്. ശരിയായ മരുന്ന് പ്രയോഗിച്ചാൽ അല്ലാഹുവിന്റെ തീരുമാനപ്രകാരം ആ രോഗം ഭേദപ്പെടുന്നതാണ്" (മുസ്‌ലിം 2204).

ഈ ഹദീസിൽ വന്നിട്ടുള്ള ദാഅ് (രോഗം), ദവാഅ് (മരുന്ന്) എന്നീ നാമങ്ങളിൽനിന്നാണ് ഗ്രന്ഥകാരൻ ഗ്രന്ഥനാമം സ്വീകരിച്ചിരിക്കുന്നത്.

ഈ രണ്ട് ഹദീസുകളും സകല രോഗങ്ങളെയും ഉൾക്കൊള്ളുന്നു. ഹൃദയത്തിന്റെയും ശരീരത്തിന്റെയും ആത്മാവിന്റെയും രോഗങ്ങൾ ഇതിന്റെ കീഴിൽ വരുന്നതാണ്. അഹങ്കാരം, അസൂയ മുതലായവ ഹൃദയത്തിലെ രോഗങ്ങളാണ്. ദേഷ്യം, പക പോലുള്ളവ ആത്മാവിന്റെ രോഗാവസ്ഥയാണ്. ശാരീരിക അസ്വാസ്ഥ്യങ്ങളെ കുറിച്ച് പ്രത്യേകം പരാമർശിക്കേണ്ടതില്ലല്ലോ. ശാരീരിക അസ്വസ്ഥതകൾക്ക് മാത്രമാണ് അധികംപേരും ചികിത്സിക്കുന്നത്. ആത്മാവിനെയോ ഹൃദയത്തെയോ നന്നാക്കാൻ ശ്രമിക്കാറില്ല. എന്നാൽ ഇമാം ഇബ്നുൽ ക്വയ്യിം ഹൃദയത്തിന്റെയും ആത്മാവിന്റെയും രോഗങ്ങൾക്കാണ് ഈ ഗ്രന്ഥത്തിൽ പ്രാധാന്യം കൊടുത്തിരിക്കുന്നത്. കാരണം അതാണ് അടിസ്ഥാനപരവും ഗൗരവുമായ രോഗങ്ങൾ.

ഉദാ: നബി(സ്വ) അറിവില്ലായ്മ ഒരു രോഗമാണെന്നും അതിനുള്ള മരുന്ന് അറിവുള്ളവരോട് ചോദിക്കലാണെന്നും പഠിപ്പിച്ചു. അല്ലാഹു പറയുന്നു: "...നിങ്ങൾ അറിവില്ലാത്തവരാണെങ്കിൽ, അറിവുള്ള ആളുകളോട് ചോദിക്കുക" (അന്നഹ്ൽ 43).

**അധ്യായം 2**

**ക്വുർആൻ സർവരോഗങ്ങൾക്കും സമുന്നത മരുന്ന്**

പരിശുദ്ധ ക്വുർആനിലൂടെ രോഗങ്ങൾ മാറുന്നതാണെന്ന് അല്ലാഹു ആവർത്തിച്ച് അറിയിച്ചിരിക്കുന്നു. നാം അതിൽ വിശ്വസിക്കുകയും അതിനെ പ്രാവർത്തികമാക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹു പറയുന്നു:

"നാം ഇതിനെ ഒരു അനറബി ക്വുർആൻ ആക്കിയിരുന്നെങ്കിൽ അവർ പറഞ്ഞേക്കും: എന്തുകൊണ്ട് ഇതിലെ വചനങ്ങൾ വിശദമാക്കപ്പെട്ടവയായില്ല. (ഗ്രന്ഥം) അനറബിയും (പ്രവാചകൻ) അറബിയും ആവുകയോ? നീ പറയുക: അത് (ക്വുർആൻ) സത്യവിശ്വാസികൾക്ക് മാർഗദർശനവും ശമനൗഷധവുമാകുന്നു. വിശ്വസിക്കാത്തവർക്കാകട്ടെ അവരുടെ കാതുകളിൽ ഒരുതരം ബധിരതയുണ്ട്. അത് (ക്വുർആൻ) അവരുടെമേൽ ഒരു അന്ധതയായിരിക്കുന്നു. ആ കൂട്ടർ വിദൂരമായ ഏതോ സ്ഥലത്തുനിന്ന് വിളിക്കപ്പെടുന്നു (എന്ന പോലെയാകുന്നു അവരുടെ പ്രതികരണം)" (ഫുസ്സിലത് 44).

"വിശ്വാസികൾക്ക് രോഗശമനവും കാരുണ്യവും അടങ്ങിയ കാര്യങ്ങൾ നാം ക്വുർആനിലൂടെ ഇറക്കുന്നതാണ്. അക്രമികൾക്ക് അത് നഷ്ടം മാത്രമെ അധികരിപ്പിക്കുകയുള്ളൂ" (അൽഇസ്റാഅ് 82).

ഈ സൂക്തങ്ങൾ പ്രധാനപ്പെട്ട ചില കാര്യങ്ങൾ പഠിപ്പിക്കുന്നു:

ക്വുർആനിലൂടെ ലഭിക്കുന്ന രോഗശമനമാണ് ഏറ്റവും മഹത്തരമായ സൗഖ്യം. ക്വുർആൻ മുഴുവൻ ശമനമാണ്.

ക്വുർആൻ നമ്മെ സുഖപ്പെടുത്തുന്നത് പടിപടിയായിട്ടാണ്. ക്വുർആൻ നമ്മുടെ മനസ്സിനെയും ആത്മാവിനെയും ശരീരത്തെയും സുഖപ്പെടുത്തുന്നു.

നമ്മുടെ ആത്മാവ് സുഖം പ്രാപിച്ചാൽ നമ്മുടെ മനസ്സ് സുഖപ്പെടും. അതോടെ നമ്മുടെ ശരീരവും സുഖപ്പെടുന്നു. ശരീരത്തിന്റെയും മനസ്സിന്റെയും രോഗങ്ങൾക്ക് എല്ലാവരും ചികിത്സ തേടാറുണ്ട്. എന്നാൽ ക്വുർആൻ എല്ലാ

**ക്വുർആനിലൂടെ ലഭിക്കുന്ന രോഗശമനമാണ് ഏറ്റവും മഹത്തരമായ സൗഖ്യം. ക്വുർആൻ മുഴുവൻ ശമനമാണ്. ക്വുർആൻ നമ്മെ സുഖപ്പെടുത്തുന്നത് പടിപടിയായിട്ടാണ്. ക്വുർആൻ നമ്മുടെ മനസ്സിനെയും ആത്മാവിനെയും ശരീരത്തെയും സുഖപ്പെടുത്തുന്നു. നമ്മുടെ ആത്മാവ് സുഖം പ്രാപിച്ചാൽ നമ്മുടെ മനസ്സ് സുഖപ്പെടും. അതോടെ നമ്മുടെ ശരീരവും സുഖപ്പെടുന്നു. ശരീരത്തിന്റെയും മനസ്സിന്റെയും രോഗങ്ങൾക്ക് എല്ലാവരും ചികിത്സ തേടാറുണ്ട്. എന്നാൽ ക്വുർആൻ എല്ലാ രോഗത്തെയും സുഖപ്പെടുത്തുന്നു. പ്രത്യേകിച്ച് ആത്മാവിനെ നന്നാക്കുന്നു. ക്വുർആൻ നമ്മുടെ ചിന്തകളെയും വികാരങ്ങളെയും ശരിയായ ദിശയിലേക്ക് തിരിച്ചുവിടുന്നു. അത് ആത്മാവിന് വെളിച്ചമാണ്. ഇത് മനസ്സിനും ശരീരത്തിനും ഉണർവും രോഗശാന്തിയും നൽകും.**

പരിശുദ്ധ ക്വുർആൻ മുഴുവനും ശിഫയാണെങ്കിലും സൂറത്തുൽ ഫാതിഹ ലളിതവും ശക്തവുമായ രോഗ ശമനത്തിന്റെ മാർഗമാണ്. സൂറത്തുൽ ഫാതിഹയുടെ ഒരു നാമം തന്നെ 'അശ്ശാഫിയ' എന്നാകുന്നു.

ക്വുർആൻ എന്ന മരുന്നിന് മറ്റു മരുന്നുകളെപോലെ പാർശ്വഫലങ്ങളൊന്നുമില്ല. നമുക്ക് ഒരു തലവേദനയുണ്ടാകുമ്പോൾ ഇത് ഉപയോഗിക്കാം. ഹൃദയം ഞെരുങ്ങുന്നത് പോലെ തോന്നുന്നുണ്ടെങ്കിൽ അതിനും ക്വുർആൻ ആണ് ഉത്തമം. അല്ലാഹു വിശാലജ്ഞനാണ്.

നമുക്ക് വേദന അനുഭവപ്പെടുന്നുണ്ടെങ്കിൽ അത് ഒരു നല്ല ലക്ഷണമായി കരുതണം. അത് ശരീരത്തിന്റെ ഒരു രീതിയാണത്. തന്റെയുള്ളിൽ ഒരു രോഗമുണ്ട് എന്ന് ശരീരം നമ്മോട് പറയുകയാണ്. അല്ലാഹുവിലേക്ക് തിരിയാൻ സമയമായി എന്ന് നമ്മോട് സൂചിപ്പിക്കുകയാണത്. അതുകൊണ്ട് തന്നെ ക്വുർആൻ പാരായണം ചെയ്യുന്നത് ഫലപ്രദമാകുകയും ചെയ്യും.

ക്വുർആൻ ഏറ്റവും എളുപ്പമുള്ള ചികിത്സയാണ്. നമുക്ക് അതിന് ഒരു ചെലവും വരുന്നില്ല. ഈ ചികിത്സ നമുക്ക് വേദനയോ മറ്റു ബുദ്ധിമുട്ടുകളോ ഉണ്ടാക്കുന്നുമില്ല. ഈ ചികിത്സ നടത്താൻ നമുക്ക് ആശുപത്രികളിൽ പോകേണ്ട ആവശ്യവുമില്ല. മറ്റ് ആനുകൂല്യങ്ങളും തേടേണ്ടതില്ല. എന്നാൽ നമുക്ക് അല്ലാഹുവിലുള്ള വിശ്വാസമാണ് ഇതിന് കൈമുതലായി വേണ്ടത്. ക്വുർആൻ നമുക്ക് ശമനം നൽകും എന്ന പൂർണമായ വിശ്വാസം നമുക്ക് എത്രത്തോളമുണ്ട് എന്നതിനെ ആശ്രയിച്ചാണ് നമുക്ക് സൗഖ്യം ലഭിക്കുന്നത്.

ഇമാം ഇബ്നുൽ കയ്യിം(റഹി) തുടരുന്നു: 'ഒരിക്കൽ ഞാൻ മക്കയിലായിരുന്നു. എനിക്ക് ഒരു രോഗം പിടിപെട്ടു. അവിടെ അപ്പോൾ വൈദ്യൻമാരും മരുന്നുകളും ഒന്നും ലഭ്യമായിരുന്നില്ല. ഞാൻ സൂറത്തുൽ ഫാതിഹ പാരായണം ചെയ്ത് സ്വയം ചികിത്സ നടത്തി ഫലം കാണുകയും ചെയ്തു. വേദനകളുമായി തന്നെ സമീപിക്കുന്നവർക്കുമേൽ സൂറത്തുൽ ഫാതിഹ പാരായണം ചെയ്ത് കൊടുക്കുകയും അവർ സുഖം പ്രാപിക്കുകയും ചെയ്തിരുന്നു.'

നമ്മുടെ ഉള്ളിലുള്ള രോഗങ്ങളെക്കുറിച്ച് നമുക്ക് വലിയ പിടിപാടൊന്നുമില്ല. പക്ഷേ, വേദന ശരീരത്തിന്റെ രോദനമാണ്. രോഗം ശരീരത്തിന് താങ്ങാനാകാതെ വരുന്നു എന്ന് അത് നമ്മെ അറിയിക്കുന്നതാണ്.

നമ്മൾ എപ്പോഴും ക്വുർആനോടൊപ്പം ആണെങ്കിൽ നമ്മുടെ ഉള്ളിലെ രോഗങ്ങൾ നമ്മൾ പോലും അറിയാതെ സുഖപ്പെടുന്നതാണ്. സുബ്ഹാനല്ലാഹ്! ചുരക്കത്തിൽ ക്വുർആന്റെ സദ്ഫലങ്ങൾക്ക് അതിരുകളില്ല.

**ക്വുർആൻ എന്ന മരുന്നിന് മറ്റു മരുന്നുകളെപോലെ പാർശ്വഫലങ്ങളൊന്നുമില്ല. നമുക്ക് ഒരു തലവേദനയുണ്ടാകുമ്പോൾ ഇത് ഉപയോഗിക്കാം. ഹൃദയം ഞെരുങ്ങുന്നത് പോലെ തോന്നുന്നുണ്ടെങ്കിൽ അതിനും ക്വുർആൻ ആണ് ഉത്തമം. അല്ലാഹു വിശാലജ്ഞനാണ്. നമുക്ക് വേദന അനുഭവപ്പെടുന്നുണ്ടെങ്കിൽ അത് ഒരു നല്ല ലക്ഷണമായി കരുതണം. അത് ശരീരത്തിന്റെ ഒരു രീതിയാണത്. തന്റെയുള്ളിൽ ഒരു രോഗമുണ്ട് എന്ന് ശരീരം നമ്മോട് പറയുകയാണ്. അല്ലാഹുവിലേക്ക് തിരിയാൻ സമയമായി എന്ന് നമ്മോട് സൂചിപ്പിക്കുകയാണത്. അതുകൊണ്ട് തന്നെ ക്വുർആൻ പാരായണം ചെയ്യുന്നത് ഫലപ്രദമാകുകയും ചെയ്യും.**

രോഗത്തെയും സുഖപ്പെടുത്തുന്നു. പ്രത്യേകിച്ച് ആത്മാവിനെ നന്നാക്കുന്നു. ക്വുർആൻ നമ്മുടെ ചിന്തകളെയും വികാരങ്ങളെയും ശരിയായ ദിശയിലേക്ക് തിരിച്ചുവിടുന്നു. അത് ആത്മാവിന് വെളിച്ചമാണ്. ഇത് മനസ്സിനും ശരീരത്തിനും ഉണർവും രോഗശാന്തിയും നൽകും. ഹൃദയം നന്നാകുമ്പോൾ മനസ്സും നന്നാകും. അത് ശരീരത്തെയും നന്നാക്കിയെടുക്കും.

അറിവില്ലായ്മ മനുഷ്യനെ നശിപ്പിക്കും. ക്വുർആൻ നമ്മെ വിജ്ഞാനത്തിലേക്ക് നയിക്കുന്നു. നമ്മുടെ എല്ലാ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും മറുപടി നൽകുകയും ചെയ്യുന്നു. ക്വുർആൻ പാർശ്വഫലങ്ങളില്ലാത്ത ഒരു മരുന്നാണ്. ഇതുപോലെ മഹത്തായതും ഫലപ്രദമായതുമായ ചികിത്സ വേറെ ഇല്ല.

ഒരു നാട്ടിലെ പ്രമാണിയെ തേൾ കുത്തി. അവർ ചികിത്സക്കായി പല വഴികളും നോക്കി. ഒന്നും ശരിയായില്ല. അങ്ങനെ അവർ മുസ്‌ലിംകളുടെ അടുത്തേക്ക് പോയി. അതിന്റെ വിഷം മാറ്റാൻ എന്തെങ്കിലും മാർഗമുണ്ടോ എന്ന് അവർ ചോദിച്ചു. മുസ്‌ലിംകളിൽ ഒരാൾ പറഞ്ഞു: 'ഞാൻ അദ്ദേഹത്തെ മന്ത്രിക്കാം.' പ്രമാണി ഒരു അവിശ്വാസിയായിരുന്നു. പക്ഷേ, വേദനയകറ്റാൻ വേണ്ടി എന്തിനും തയ്യാറായി. ക്വുർആൻ ശിഫയാണെന്ന് അറിയാവുന്ന ആ വിശ്വാസി, സൂറത്തുൽ ഫാതിഹ പാരായണം ചെയ്തു. പാരായണം അവസാനിച്ചപ്പോഴേക്കും തന്നെ തേൾ കുത്തിയിട്ടേ ഇല്ല എന്ന് പ്രമാണിക്ക് തോന്നുന്ന നിലയിൽ രോഗം ഭേദമായി.

ക്വുർആൻ പാരായണം ചെയ്യുന്ന വ്യക്തിയുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് രോഗശമനം ലഭിക്കുന്നതെന്ന് ഈ സംഭവം അറിയിക്കുന്നു. ഈ വിവരം അവർ നബി(സ്വ)യുടെ കാതുകളിൽ എത്തിച്ചു. അവിടുന്ന് ഈ പ്രവർത്തനത്തെ ശരിവയ്ക്കുകയും ചെയ്തു. (ബുഖാരി)

*(തുടരും)*

അബ്ദുർറഹ്മാനബ്ന നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089



അധ്യായം: 48

# അൽഫത്ഹ് (വിജയം)

(മദീനയിൽ അവതരിച്ചത്)


## ഹുദൈബിയ ചരിത്രം - 2

അങ്ങനെ അദ്ദേഹം നബി(സ്വ)യുടെ അടുക്കൽ ചെന്നു സംസാരിക്കാൻ തുടങ്ങി. ബദീലിനോട് മുമ്പ് പറഞ്ഞതുപോലെത്തന്നെ നബി(സ്വ) അദ്ദേഹത്തോടും പറഞ്ഞു. ആ സന്ദർഭത്തിൽ ഉർവ അദ്ദേഹത്തോട് പറഞ്ഞു: 'ഓ മുഹമ്മദ്, ഞാൻ നിന്റെ ജനതയെ നാമാവശേഷമാക്കുന്നതിനെക്കുറിച്ച് നിന്റെ അഭിപ്രായമെന്താണ്? ആ അറബികളിൽനിന്ന് ആരെങ്കിലും മുമ്പ് തന്റെ കുടുംബത്തെ നശിപ്പിച്ചത് നീ കേട്ടിട്ടുണ്ടോ? നീ മറിച്ചാവുകയാണെങ്കിൽ, അല്ലാഹുവാണെ, ഞാൻ ചില മുഖങ്ങൾ കാണുന്നു; ചില ജനങ്ങളിലെ ചില അധമന്മാരെയും, വിരണ്ടോടുന്നവരും നിന്നെ ഉപേക്ഷിക്കുന്നവരുമായ.' അപ്പോൾ അബൂബക്ർ(റ) പ്രതികരിച്ചു: 'ലാത്തയുടെ മുല നീ മുത്തിക്കുടിക്കുക. ഞങ്ങൾ അദ്ദേഹത്തെ ഉപേക്ഷിക്കുകയും ഓടിപ്പോവുകയും ചെയ്യുകയോ?' അവൻ ചോദിച്ചു: 'അതാരാണ്?' അവർ പറഞ്ഞു: 'അബൂബക്ർ.' അവൻ പറഞ്ഞു: 'എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനാണെ സത്യം, നിനക്ക് എന്റെയടുക്കൽ ചില സ്വാധീനങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഞാൻ നിനക്ക് മറുപടി തരുമായിരുന്നു.' അവൻ നബിയോട് സംസാരിച്ചുകൊണ്ടേയിരുന്നു. സംസാരിക്കുമ്പോഴെല്ലാം നബിയുടെ താടിക്ക് അവൻ പിടിക്കുന്നുണ്ടായിരുന്നു. നബിയുടെ തലയുടെ അടുത്തായി മുഗീറത്തുബ്നു ശുഅ്ബ ഒരു വാളുമായി നിൽപ്പുണ്ടായിരുന്നു. തലയിൽ ഇരുമ്പുതൊപ്പിയുമുണ്ട്. ഉർവ നബിയുടെ താടിയിലേക്കെത്തുമ്പോഴെല്ലാം അയാളുടെ കൈക്ക് മുഗീറ വാളുകൊണ്ട് അടിച്ചുകൊണ്ടിരുന്നു. അദ്ദേഹം പറയുകയും ചെയ്തു: 'അല്ലാഹുവിന്റെ ദൂതന്റെ താടിയിൽനിന്നും നിന്റെ കൈ മാറ്റുക.' അപ്പോൾ ഉർവ തലയുയർത്തി ചോദിച്ചു: 'ആരാണ്?' അദ്ദേഹം പറഞ്ഞു: 'മുഗീറത്തുബ്നു ശുഅ്ബ.' അപ്പോൾ അവൻ പറഞ്ഞു: 'ഒറ്റിക്കൊടുക്കുന്നവനേ! നിന്റെ ഒറ്റിക്കൊടുക്കലിൽ ഞാനിപ്പോഴും പ്രയാസപ്പെടുന്നില്ലേ?' ജാഹിലിയ്യകാലത്ത് മുഗീറ ഒരു സംഘത്തോടൊപ്പം യാത്രപോവുകയും അവരെക്കൊന്ന് അവരുടെ സ്വത്ത് കൈക്കലാക്കുകയും ചെയ്തിരുന്നു. പിന്നീടദ്ദേഹം മുസ്ലിമായി. അപ്പോൾ നബി(സ്വ) പറഞ്ഞു: 'എന്നാൽ ഇസ്ലാം; അതിനെ ഞാൻ സ്വീകരിച്ചു. എന്നാൽ സമ്പത്ത്; അതിൽനിന്ന് എനിക്കൊന്നും ആവശ്യമില്ല.'

പിന്നീട് ഉർവ അല്ലാഹുവിന്റെ പ്രവാചകന്റെ അനുചരന്മാരെ നിരീക്ഷിക്കാൻ തുടങ്ങി. അല്ലാഹുവാണെ, നബി(സ്വ) ഒന്നു തുപ്പിയാൽ അത് അവരിൽ ഒരാളുടെ കയ്യിലല്ലാതെ വീഴില്ല. അതയാൾ അയാളുടെ മുഖത്തും തൊലിയിലും പുരട്ടും. അദ്ദേഹം അവരോട് വല്ലതും കൽപിച്ചാൽ അതവർ വേഗം നിർവഹിക്കും. നബി (സ്വ) വുദൂഅ് ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ വുദൂഇന്റെ വെള്ളത്തിന്നവർ പോരടിക്കും. അദ്ദേഹം സംസാരിക്കുകയാണെങ്കിൽ അവരുടെ ശബ്ദം അവർ താഴ്ത്തും. ബഹുമാനത്താൽ അദ്ദേഹത്തിലേക്ക് നേർക്കുനേർ നോക്കാറില്ല. ഇതെല്ലാം കണ്ടുകൊണ്ട് ഉർവ തന്റെ ജനതയിലേക്ക് തിരിച്ചുപോയി. എന്നിട്ട് അയാൾ പറഞ്ഞു: ‘ഓ, ജനതയേ. അല്ലാഹുവാണെ ഞാൻ പല രാജാക്കന്മാരുടെ അടുക്കലും നിവേദകനായി പോയിട്ടുണ്ട്; കിസ്റായുടെയും കൈസറിന്റെയും നജ്ജാശിയുടെയും അടുക്കൽവരെ. മുഹമ്മദിന്റെ അനുചരർ മുഹമ്മദിനെ ആദരിക്കുന്നതുപോലെ ഒരു രാജാവും ആദരിക്കപ്പെടുന്നത് ഞാൻ കണ്ടിട്ടില്ല. അവരിൽ ഒരാളുടെ കയ്യിൽ അദ്ദേഹത്തിന്റെ തുപ്പൽ വീണാൽ അതയാൾ മുഖത്തും ദേഹത്തും പുരട്ടും. അവരോടദ്ദേഹം വല്ലതും കൽപിച്ചാൽ അതവർ വേഗത്തിൽ നടപ്പിലാക്കും. വുദൂഅ് ചെയ്യുമ്പോൾ ആ വെള്ളത്തിന്നവർ മത്സരിക്കും. അദ്ദേഹം സംസാരിക്കുമ്പോൾ അവർ അദ്ദേഹത്തിന്റെയടുക്കൽ ശബ്ദം താഴ്ത്തും. ബഹുമാനത്താൽ അവർ അദ്ദേഹത്തിലേക്ക് നേർക്കുനേരെ നോക്കാറില്ല. നല്ലൊരു പദ്ധതിയാണ് അദ്ദേഹം നിങ്ങൾക്ക് സമർപ്പിച്ചത്. അത് നിങ്ങൾ സ്വീകരിക്കുക.’

അപ്പോൾ ബനൂകിനാനയിൽപെട്ട ഒരാൾ പറഞ്ഞു: ‘എന്നെ അനുവദിക്കൂ, ഞാൻ അവന്റെ അടുക്കലൊന്ന് പോകട്ടെ.’ അപ്പോൾ അവർ പറഞ്ഞു: ‘നീ ചെല്ലൂ.’ അയാൾ നബി(സ്വ)യുടെ അടുക്കലെത്തിയപ്പോൾ നബി(സ്വ) പറഞ്ഞു: ‘ഇതാ ഒരാൾ. അയാൾ ബലിയൊട്ടകങ്ങളെ ആദരിക്കുന്ന ജനതയിൽപെട്ടവനാണ്. അവയെ അവന് കാണിക്കൂ.’ അവർ അവയെ കാണിച്ചു. തൽബിയത് ചൊല്ലി അയാളെ സ്വീകരിച്ചു. അത് കണ്ടപ്പോൾ അയാൾ പറഞ്ഞു: ‘സുബ്ഹാനല്ലാഹ്. ഇവരെ കഅ്ബയിൽനിന്ന് തടഞ്ഞുകൂടാ.’ ഉടൻ അയാൾ തന്റെ ആളുകളിലേക്ക് മടങ്ങി. എന്നിട്ട് പറഞ്ഞു: ‘ഞാൻ ബലിയൊട്ടകങ്ങളെ കണ്ടു. അവയെ മാലയിട്ട് അടയാളപ്പെടുത്തിയിട്ടുണ്ട്. അവരെ കഅ്ബയിൽനിന്ന് തടയണമെന്ന് എനിക്കഭിപ്രായമില്ല.’

അപ്പോൾ മക്റബ്നു ഹഫ്സ വന്ന് പറഞ്ഞു: ‘എന്നെ അനുവദിക്കൂ, ഞാനൊന്ന് പോയി നോക്കാം.’ അപ്പോൾ അവർ പറഞ്ഞു: ‘നീ പോയി നോക്ക്.’ അയാൾ അവരുടെ അടുത്തെത്തിയപ്പോൾ നബി(സ്വ) പറഞ്ഞു: ‘ഇത് മക്റസ്ബ്നു ഹഫ്സ. അവനൊരു അധർമകാരിയാണ്.’ അങ്ങനെ അവൻ നബി(സ്വ) യോട് സംസാരിക്കാൻ തുടങ്ങി. സംസാരിച്ചുകൊണ്ടിരിക്കെ, സുഹൈലുബ്നു അംറ് വന്നു. അപ്പോൾ



നബി(സ്വ) പറഞ്ഞു: ‘അല്ലാഹു നിങ്ങളുടെ കാര്യം എളുപ്പമാക്കിത്തരട്ടെ.’ അപ്പോൾ അയാൾ പറഞ്ഞു: ‘വരൂ. നിനക്കും ഞങ്ങൾക്കുമിടയിൽ ഒരു രേഖയുണ്ടാക്കാം.’

അങ്ങനെ എഴുത്തുകാരനെ വിളിച്ചു. എന്നിട്ട് നബി (സ്വ) പറഞ്ഞു. ‘ബിസ്മില്ലാഹിർറഹ്മാനിർറഹീം’ بسم الله الرحمن الرحيم എന്നെഴുതിയപ്പോൾ സുഹൈൽ പറഞ്ഞു: ‘റഹ്മാനോ?(പരമകാരുണികനോ?) അല്ലാഹുവാണെ, അതെന്താണെന്ന് ഞങ്ങൾക്കറിയില്ല. ബിസ്മികല്ലാഹുമ്മ بسمك اللهم (അല്ലാഹുവിന്റെ നാമത്തിൽ) എന്നെഴുതാം; നീ എഴുതാറുള്ളതുപോലെ.’ അപ്പോൾ മുസ്ലിംകൾ പറഞ്ഞു: ‘പരമകാരുണികനും കരുണാനിധിയുമായവന്റെ നാമത്തിൽ’ എന്നല്ലാതെ ഞങ്ങൾ എഴുതില്ല.’ അപ്പോൾ നബി (സ്വ) പറഞ്ഞു: ‘ബിസ്മികല്ലാഹുമ്മ (അല്ലാഹുവേ, നിന്റെ നാമത്തിൽ) എന്നെഴുതിക്കോളൂ.’

തുടർന്ന് നബി(സ്വ) പറഞ്ഞു: ‘എഴുതൂ. ഇത് അല്ലാഹുവിന്റെ ദൂതൻ മുഹമ്മദ് കരാർ ചെയ്യുന്നത്’ എന്ന്. അപ്പോൾ സുഹൈൽ പറഞ്ഞു: ‘താങ്കൾ അല്ലാഹുവിന്റെ ദൂതനാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ നിന്നെ കഅ്ബയിൽനിന്ന് തടയുകയോ നിന്നോട് യുദ്ധം ചെയ്യുകയോ ചെയ്യുമായിരുന്നില്ല. മുഹമ്മദുബ്നു അബ്ദുല്ല എന്നെഴുതാം.’ അപ്പോൾ നബി(സ്വ) പറഞ്ഞു: ‘നിങ്ങൾ എന്നെ കളവാക്കിയാലും ഞാൻ അല്ലാഹുവിന്റെ ദൂതൻതന്നെയാണ്. മുഹമ്മദുബ്നു അബ്ദുല്ല എന്നെഴുതിക്കോളൂ.’ എന്നിട്ട് നബി (സ്വ) പറഞ്ഞു: ‘നിങ്ങൾ ഞങ്ങളെ കഅ്ബയിലേക്ക് പോകാനും ത്വവാഫ് ചെയ്യാനും അനുവദിക്കണം.’

അപ്പോൾ സുഹൈൽ പറഞ്ഞു: 'അല്ലാഹുവാണെ, അറബികളെ അക്കാര്യത്തിൽ നിർബന്ധിക്കാനാവില്ല. എന്നാൽ നിനക്ക് അത് അടുത്തവർഷം നിർവഹിക്കാനാകും.' അതെഴുതി. സുഹൈൽ പറഞ്ഞു: 'ഞങ്ങളിൽനിന്ന് ഒരാൾ നിങ്ങളിലേക്ക് വന്നാൽ- അത് നിന്റെ മതം വിശ്വസിച്ചിട്ടായാലും ശരി- നീ അവനെ ഞങ്ങളിലേക്ക് തിരിച്ചയക്കണം.' അപ്പോൾ മുസ്‌ലിംകൾ പറഞ്ഞു: 'സുബ്ഹാനല്ലാഹ്, മുസ്‌ലിമായി വന്നവനെ എങ്ങനെയാണ് മുശ്‌രിക്കുകളിലേക്ക് തിരിച്ചയക്കുന്നത്?' ഇത് സംസാരിച്ചുകൊണ്ടിരിക്കെ അബൂജൻദൽ ഇബ്‌നു സുഹൈൽ ചങ്ങലയും വലിച്ചിഴച്ച് മക്കയിൽ നിന്ന് രക്ഷപ്പെട്ടുവന്നു. മുസ്‌ലിംകളുടെ അടുക്കൽ അഭയം തേടിയെത്തിയതാണദ്ദേഹം.

അപ്പോൾ സുഹൈൽ പറഞ്ഞു: 'മുഹമ്മദേ, ഇദ്ദേഹത്തെ തിരിച്ചയക്കാൻ ഈ അടിസ്ഥാനത്തിൽ ആദ്യമായി നിന്നോട് ആവശ്യപ്പെടുന്നു.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'കരാർ ഇതുവരെയും പൂർത്തിയായിട്ടില്ല.' അപ്പോൾ അയാൾ പറഞ്ഞു: 'അല്ലാഹുവാണെ, അങ്ങനെയാണെങ്കിൽ നീയുമായി ഒരിക്കലും യാതൊരു സന്ധിയുമില്ല.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'അവന്റെ കാര്യം എനിക്ക് വിട്ടുതരൂ.' അപ്പോൾ അവൻ പറഞ്ഞു: 'അവനെ നിനക്ക് വിട്ടുതരികയില്ല.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'എന്നാൽ അങ്ങനെ ചെയ്യൂ.' അപ്പോൾ അബൂജൻദൽ പറഞ്ഞു: 'ഓ, മുസ്‌ലിംകളേ! മുസ്‌ലിമായി വന്ന എന്നെ മുശ്‌രിക്കുകളിലേക്ക് തിരിച്ചയക്കുകയോ? ഞാൻ എൽക്കേണ്ടിവന്നത് നിങ്ങൾ കണ്ടില്ലേ?' അല്ലാഹുവിന്റെ മാർഗത്തിൽ അതിനുമാത്രം പീഡനം അദ്ദേഹത്തിന് ഏൽക്കേണ്ടിവന്നിരുന്നു.

ഉമർ(റ) ചോദിച്ചു: 'അല്ലാഹുവാണെ, ഞാൻ മുസ്‌ലിമായതിനുശേഷം അന്നല്ലാതെ ഞാൻ സംശയത്തിലായിട്ടില്ല. ഞാൻ നബി(സ്വ)യുടെ അടുക്കൽ ചെന്നു ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, നിങ്ങൾ അല്ലാഹുവിന്റെ നബിയല്ലേ?' നബി(സ്വ) പറഞ്ഞു: 'അതെ.' അദ്ദേഹം ചോദിച്ചു: 'നാം സത്യത്തിലും നമ്മുടെ ശത്രുക്കൾ അസത്യത്തിലുമല്ലേ?' നബി(സ്വ) പറഞ്ഞു: 'അതെ.' അപ്പോൾ ഞാൻ ചോദിച്ചു: 'നമ്മുടെ മതത്തിൽ എന്തിനാണ് നാം നിന്ദ്യത ഏറ്റുവാങ്ങുന്നത്? നമുക്ക് മടങ്ങാം. നമ്മുടെയും ശത്രുക്കളുടെയും ഇടയിൽ അല്ലാഹു തീരുമാനിക്കട്ടെ.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'തീർച്ചയായും ഞാൻ അല്ലാഹുവിന്റെ ദൂതനാണ്. അവനെന്റെ സഹായിയുമാണ്. ഞാൻ അവന് എതിരു പ്രവർത്തിക്കില്ല.' അപ്പോൾ ഞാൻ ചോദിച്ചു: 'കഅ്ബയിൽ എത്തുമെന്നും ത്വവാഫ് ചെയ്യുമെന്നും താങ്കൾ ഞങ്ങളോട് പറഞ്ഞിരുന്നില്ലേ?' നബി(സ്വ) പറഞ്ഞു: 'അതെ. ഏത് വർഷമാണെന്ന് താങ്കളോട് ഞാൻ പറഞ്ഞിരുന്നോ?' ഞാൻ പറഞ്ഞു: 'ഇല്ല.' നബി(സ്വ) പറഞ്ഞു: 'നീ അവിടെ എത്തുകയും ത്വവാഫ് ചെയ്യുകയും ചെയ്യും.' അദ്ദേഹം പറഞ്ഞു: 'ഞാൻ അബൂബക്റിന്റെ അടുത്തുചെന്ന് നബി(സ്വ)യോട് പറഞ്ഞതുപോലെ പറഞ്ഞു. നബി(സ്വ) പറഞ്ഞ അതേ മറുപടിതന്നെയാണ് അബൂബക്ർ(റ) പറഞ്ഞത്: 'മരിക്കുന്നതുവരെ അദ്ദേഹത്തെ മുറുകെപിടിക്കുക. അല്ലാഹുവാണെ സത്യം, അദ്ദേഹം സത്യത്തിൽതന്നെയാണ്.' ഉമർ(റ) പറഞ്ഞു: 'ആ പ്രതീക്ഷയിൽ ഞാൻ ധാരാളം കർമങ്ങൾ പ്രവർത്തിച്ചു.'

എഴുത്ത് അവസാനിച്ചപ്പോൾ നബി(സ്വ) പറഞ്ഞു: 'നിങ്ങൾ അറവ് നിർവഹിക്കുകയും പിന്നീട് തല മുണ്ഡനം ചെയ്യുകയും ചെയ്യുക.' അല്ലാഹുവാണെ അവരിലൊരാളും എഴുന്നേറ്റില്ല. മൂന്നു പ്രാവശ്യം നബി(സ്വ) അതാവർത്തിച്ചു. എന്നിട്ടും ഒരാളും എഴുന്നേൽക്കാതിരുന്നപ്പോൾ നബി(സ്വ) ഉമ്മുസലമയുടെ അടുക്കൽ ചെന്നു. ജനങ്ങളിൽനിന്നുണ്ടായ അനുഭവം അവരോട് പറഞ്ഞു. അപ്പോൾ ഉമ്മുസലമ(റ) പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, താങ്കൾ അത് ചെയ്യാൻ ഇഷ്ടപ്പെടുന്നുണ്ടോ? പുറത്തിറങ്ങൂ. താങ്കളുടെ ബലിയൊട്ടകത്തെ അറുക്കുന്നതുവരെയും താങ്കൾ തലമുണ്ഡനം ചെയ്യുന്നതുവരെയും ഒരാളോടും ഒന്നും പറയേണ്ടതില്ല.' അപ്പോൾ നബി(സ്വ) എഴുന്നേറ്റു പുറത്തുവന്നു. അത് ചെയ്യുന്നതുവരെ ഒരാളോടും സംസാരിച്ചില്ല.

തന്റെ ഒട്ടകത്തെ അറുക്കുകയും തല മു ണ്ഡനം ചെയ്യുന്നവനെ വിളിപ്പിച്ച് മുടി കളയുകയും ചെയ്തു. അതുകണ്ടപ്പോൾ ജനങ്ങളും എഴുന്നേറ്റു. അവരും അറവ് നടത്തി. പരസ്പരം മുടി കളയാൻ തുടങ്ങുകയും ചെയ്തു. ദുഃഖത്താൽ ചിലർ അങ്ങേയറ്റം അവശരായി. പിന്നീട് സത്യവിശ്വാസിനികൾ വന്നു. അപ്പോൾ അല്ലാഹു ഈ വചനമിറക്കി:

إذا جاءكم المؤمنات مهاجرات (സത്യവിശ്വാസിനികളായ സ്ത്രീകൾ അഭയാർഥികളായിക്കൊണ്ട് നിങ്ങളുടെ അടുത്ത് വന്നാൽ) ഈ വചനം بعضهم الكوافر എന്നതുവരെ ഇറങ്ങി. അന്നേരം ബഹുദൈവവിശ്വാസിനികളായി തന്റെ കീഴിലുണ്ടായിരുന്ന രണ്ടുപേരെ ഉമർ(റ) വിവാഹമോചനം ചെയ്തു. അതിലൊരാളെ മുആവിയയും രണ്ടാമത്തവളെ സ്വഫ്‌വാനുബ്നു ഉമയ്യയും വിവാഹം ചെയ്തു.

പിന്നീട് നബി(സ്വ) മദീനയിലേക്ക് തിരിച്ചു. ആ മടക്കത്തിലാണ് إِنَّا فَتَحْنَا لَكَ فَتْحًا مُّبِينًا ﴿١﴾ എന്ന വചനം അവസാനംവരെ ഇറങ്ങിയത്. അപ്പോൾ ഉമർ(റ) ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, അത് വിജയം തന്നെയാണോ.' നബി(സ്വ) പറഞ്ഞു: 'അതെ.' അപ്പോൾ സ്വഹാബത്ത് പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, നിങ്ങൾക്ക് മംഗളം. ഞങ്ങൾക്കെന്താണുള്ളത്?' അപ്പോൾ അല്ലാഹു ഈ വചനമിറക്കി:

هو الذي أنزل السكينة في قلوب المؤمنين

(സത്യവിശ്വാസികളുടെ ഹൃദയങ്ങളിൽ ശാന്തി ഇറക്കിയവനാകുന്നു അവൻ).

സൂറ അൽഫത്ഹിന്റെ വ്യാഖ്യാനം പൂർത്തിയായി, അല്ലാഹുവിന് സ്തുതി.





# നബി(സ്വ)യുടെ വിവാഹങ്ങൾ

ഹുസൈൻ സലഫി
: +971 50 634 6963

നബി(സ്വ)യുടെ ഭാര്യമാർ മറ്റു സ്ത്രീകളെക്കാൾ സ്ഥാനവും മഹത്ത്വവും ഉള്ളവരാണ്. അവർ വിശ്വാസികളുടെ മാതാക്കളായി അറിയപ്പെടുന്നവരാണ്. അവരെ ബഹുമാനിക്കലും ആദരിക്കലും അവർക്കുവേണ്ടി പ്രാർഥിക്കലും അവരുടെ സ്വഭാവ മഹിമകൾ മാതൃകയാക്കലും അവരെ സംബന്ധിച്ച് പഠിക്കലും  നമ്മുടെ കടമയാണ്.

നബി(സ്വ)ക്ക് പ്രവാചകത്വം ലഭിച്ച കാലംമുതൽ ശത്രുക്കൾ ഉണ്ടായിട്ടുണ്ട്. നബി(സ്വ)യെ നേരിൽ കാണാനും അദ്ദേഹത്തിന്റെ ആദർശവും വ്യക്തിത്വവും കുടുംബ-സാമൂഹിക ജീവിതവും ശരിയായ വിധത്തിൽ കണ്ടറിയാനും സാധിച്ചവരായിരുന്നു അന്നത്തെ ശത്രുക്കൾ. ഏതു കാലത്തും നബി(സ്വ)ക്ക് എതിരിൽ വിമർശനങ്ങളും ശത്രുക്കളും ഉണ്ടായിട്ടുണ്ട്. എന്നാൽ വിമർശനങ്ങളെ വിമർശനങ്ങളായി കാണാൻ ചില അടിസ്ഥാന തത്ത്വങ്ങൾ അവലംബിക്കേണ്ടതുണ്ട്. നബി(സ്വ)ക്കെതിരിൽ ഉന്നയിക്കുന്ന വിമർശനങ്ങളെ താഴെ പറയുന്ന കാര്യങ്ങളുടെ മാനദണ്ഡ പ്രകാരം വിലയിരുത്തിയാൽ എല്ലാ വിമർശനങ്ങളും അടിസ്ഥാനരഹിതമാണെന്ന് നമുക്ക് നിഷ്പ്രയാസം മനസ്സിലാക്കാം.

**വിമർശിക്കപ്പെടുന്ന കാര്യത്തിലെ സമൂഹികാന്തരീക്ഷം**

പതിനാല് നൂറ്റാണ്ടുകൾക്ക് അപ്പുറത്താണ് നബി(സ്വ)യുടെ ജീവിതം. അക്കാലത്തെ ജീവിത ചുറ്റുപാടുകൾ ഇക്കാലത്തെ ജീവിത ചുറ്റുപാടുകളിൽനിന്ന് തികച്ചും വ്യത്യസ്തമായിരിക്കുമല്ലോ. വീട്, ഭക്ഷണം, വിവാഹം, കച്ചവടം, യാത്ര, പഠനം, ഭരണ പ്രക്രിയകൾ മുതലായവയിലെല്ലാം കാലത്തിനനുസരിച്ച് മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ആധുനിക കാലത്ത് പോലും ഈ പറയപ്പെട്ടവയെല്ലാം എല്ലാ നാട്ടിലും ഒരുപോലെയല്ല ഉള്ളത്. അതാത് പ്രദേശത്തെ സാഹചര്യങ്ങൾക്ക് അനുസൃതമായി ഈ കാര്യങ്ങളിലെല്ലാം വ്യത്യാസം നാം കാണുന്നുണ്ട്. എന്നാൽ ആ വ്യത്യാസങ്ങൾ അല്ലാഹുവിന്റെ കൽപനക്ക് എതിരാകാത്ത വിധത്തിലാണെങ്കിൽ അതിലൊന്നും വിരോധമില്ലെന്നതാണ് ഇസ്‌ലാമിക കാഴ്ചപ്പാട്.

നബി(സ്വ) ലൈംഗിക അരാജകത്വങ്ങളിൽനിന്നും അകന്ന് സംശുദ്ധിയുടെയും സംസ്കാരത്തിന്റെയും മഹനീയോദാഹരണമായി

ട്ടാണ് മക്കക്കാർക്കിടയിൽ ജീവിച്ചത് എന്നതിനാൽ തന്നെ നബി(സ്വ) യുടെ ബദ്ധവൈരികളാരും അദ്ദേഹത്തിന്റെ വിവാഹത്തെ എടുത്ത് വിമർശിച്ചതായി എവിടെയും നമുക്ക് കാണാൻ സാധ്യമല്ല എന്നതുതന്നെ നബി(സ്വ)യുടെ വിവാഹ ബന്ധങ്ങളുടെ പവിത്രതയാണ് നമുക്ക് മനസ്സിലാക്കിത്തരുന്നത്. കൂടാതെ നബി(സ്വ)യോട് പ്രത്യക്ഷത്തിലും പരോക്ഷത്തിലും ശത്രുത കാണിച്ചിരുന്ന ജൂത-ക്രൈസ്തവരും അക്കാലത്ത് ഉണ്ടായിരുന്നു. അവരും നബി(സ്വ)യെ ഈ വിഷയത്തിൽ വിമർശിച്ചത് കാണുക സാധ്യമല്ലതന്നെ.

നബി(സ്വ)യുടെ വിവാഹജീവിതത്തെ വിമർശിക്കുന്നവർ അക്കാലത്തെ വൈവാഹിക രീതി എന്തായിരുന്നു എന്ന് മനസ്സിലാക്കുമ്പോൾ വിമർശിക്കാൻ തെല്ലും കാരണം കാണുകയില്ല. ഇക്കാലത്തെ ഭൂമികയിൽനിന്ന് ചിന്തിക്കുമ്പോൾ ഒരുപക്ഷേ, നമുക്ക് ഉൾകൊള്ളാൻ വിഷമം ഉണ്ടായേക്കാം. അതല്ല ഒരു കാര്യത്തെ വിമർശിക്കുവാൻ മാനദണ്ഡമാക്കേണ്ടത്.

**വിമർശനങ്ങൾ സത്യസന്ധമായിരിക്കണം**

നബി(സ്വ)യെ ലൈംഗിക-വികാരജീവിയായി ചിത്രീകരിക്കുവാൻ ചരിത്രത്തെ വളച്ചൊടിച്ചും തെളിവുകളെ വെട്ടിമാറ്റിയും ദുർവ്യാഖ്യാനിച്ചും അവതരിപ്പിക്കുന്ന വിമർശകരെ ഇക്കാലത്ത് എമ്പാടും നമുക്ക് കാണാം. സത്യസന്ധമായ വിമർശനമാണ് ജനങ്ങളിൽ മാറ്റവും ചിന്തയും ഉണർത്തുക. സത്യത്തിന് എതിരായ രൂപത്തിൽ വിമർശനങ്ങൾ ഉന്നയിക്കപ്പെടുമ്പോൾ നിരപരാധിയുടെ കൂടെ നിൽക്കുക എന്നതാണ് പൊതുവെ മനുഷ്യപ്രകൃതി ആഗ്രഹിക്കുക. അതിനാൽതന്നെ ഇത്തരം വിമർശനങ്ങൾ ജനങ്ങൾക്ക് വിഷയം പഠിക്കുവാനും അതുവഴി നിരവധി ആളുകൾക്ക് ഈ സത്യമാർഗത്തിലേക്ക് പ്രവേശിക്കുവാനും കാരണമായിട്ടുണ്ട്.

**വിമർശനങ്ങൾ സ്വാർഥ താൽപര്യ സംരക്ഷണത്തിനാകരുത്**

അസൂയ, വിദ്വേഷം തുടങ്ങിയ കാരണത്താൽ വിമർശനം ഉയരാറുണ്ട്. തന്റെ ഇച്ഛക്കും താൽപര്യത്തിനും അനുസൃതമായ ഒരു വിഭാഗം തനിക്ക് ഒപ്പമുണ്ടാകണം എന്നാഗ്രഹിക്കുന്നവർ അതിന് എതിരായി വരുന്ന ആശയങ്ങളെയും വ്യക്തികളെയും സമൂഹത്തിൽ താറടിക്കാൻ ശ്രമിക്കാറുണ്ട്. നബി(സ്വ) പകർന്നു നൽകിയ ആദർശം മനുഷ്യപ്രകൃതിയുടെ ആദർശമാണ്. വ്യക്തി, കുടുംബം, സമൂഹം തുടങ്ങിയ എല്ലാ തലങ്ങളിലും കൃത്യവും വ്യക്തവുമായ, ധാർമികവും നീതിയുക്തവുമായ ആദർശമാണ് മുഹമ്മദ് നബി(സ്വ)യിലൂടെ പൂർത്തീകരിക്കപ്പെട്ട ഇസ്‌ലാം ലോകരുടെ മുന്നിൽ വെക്കുന്നത്. എന്നാൽ ഈ ആദർശം പലരുടെയും താൽപര്യങ്ങളെ ബാധിക്കുന്നതാണ്. അതിനാൽതന്നെ സ്വതാൽപര്യത്തിനായി കളവുകൾ കെട്ടിച്ചമച്ച് വിമർശിക്കുവാൻ അവർ തയ്യാറാകുന്നു. പ്രബുദ്ധ സമൂഹത്തിന്റെ മുന്നിൽ ഇത് നിലനിൽപില്ലാത്തതാണ്.

**മറുവഴി വ്യക്തമാക്കണം**

ആർക്കും വിമർശിക്കാം. ആർക്കും അഭിപ്രായം പറയാം. എന്നാൽ എവിടെ, ഏത് കാലത്തു ജീവിക്കുന്നവരാണെങ്കിലും സ്വീകരിക്കാൻ പറ്റുന്നതും, പരിപൂർണമായ നീതിയുടെ അടിസ്ഥാനത്തിലുള്ളതുമായ ഒരു മാർഗനിർദേശം മുന്നോട്ടു വെക്കുക എന്നത് അസാധ്യമാണ്. അത്തരം ഒരു നേർവഴി മനുഷ്യന് നൽകാൻ ലോകത്തെ മുഴുവൻ മനുഷ്യരെയും പടച്ച അല്ലാഹുവിനേ സാധിക്കൂ. കാരണം, അവനാണ് എല്ലാവരുടെയും കാര്യങ്ങൾ അറിയുന്നവൻ. ആ മാർഗമാണ് മുഹമ്മദ് നബി(സ്വ)യിലൂടെ അല്ലാഹു നമുക്ക് എത്തിച്ചു നൽകിയത്. നബി (സ്വ)യുടെ ജീവിതത്തിലെ ഏതൊരു കാര്യത്തെ വിമർശിക്കുന്നവർക്കും അതിനെക്കാൾ നല്ല ഒന്ന് പകരം മുന്നോട്ടു വെക്കാൻ സാധിക്കുന്നതല്ല. അതുകൊണ്ടുതന്നെ അത്തരം വിമർശനങ്ങൾക്ക് ജനങ്ങൾക്കിടയിൽ സ്വീകാര്യത ലഭിക്കുകയുമില്ല.

**നബി(സ്വ) ലൈംഗിക അരാജകത്വങ്ങളിൽനിന്നും അകന്ന് സംശുദ്ധിയുടെയും സംസ്കാരത്തിന്റെയും മഹനീയോദാഹരണമായിട്ടാണ് മക്കക്കാർക്കിടയിൽ ജീവിച്ചത് എന്നതിനാൽ തന്നെ നബി(സ്വ)യുടെ ബദ്ധവൈരികളാരും അദ്ദേഹത്തിന്റെ വിവാഹത്തെ എടുത്ത് വിമർശിച്ചതായി എവിടെയും നമുക്ക് കാണാൻ സാധ്യമല്ല എന്നതുതന്നെ നബി(സ്വ)യുടെ വിവാഹ ബന്ധങ്ങളുടെ പവിത്രതയാണ് നമുക്ക് മനസ്സിലാക്കിത്തരുന്നത്. കൂടാതെ നബി(സ്വ)യോട് പ്രത്യക്ഷത്തിലും പരോക്ഷത്തിലും ശത്രുത കാണിച്ചിരുന്ന ജൂത-ക്രൈസ്തവരും അക്കാലത്ത് ഉണ്ടായിരുന്നു. അവരും നബി(സ്വ)യെ ഈ വിഷയത്തിൽ വിമർശിച്ചത് കാണുക സാധ്യമല്ലതന്നെ.
നബി(സ്വ)യുടെ വിവാഹജീവിതത്തെ വിമർശിക്കുന്നവർ അക്കാലത്തെ വൈവാഹിക രീതി എന്തായിരുന്നു എന്ന് മനസ്സിലാക്കുമ്പോൾ വിമർശിക്കാൻ തെല്ലും കാരണം കാണുകയില്ല. ഇക്കാലത്തെ ഭൂമികയിൽനിന്ന് ചിന്തിക്കുമ്പോൾ ഒരുപക്ഷേ, നമുക്ക് ഉൾകൊള്ളാൻ വിഷമം ഉണ്ടായേക്കാം. അതല്ല ഒരു കാര്യത്തെ വിമർശിക്കുവാൻ മാനദണ്ഡമാക്കേണ്ടത്.**

**വിമർശിക്കപ്പെടുന്ന കാര്യത്തിലെ താരതമ്യം**

നബി(സ്വ)യുടെ വിവാഹത്തെ വിമർശിക്കുന്ന പലരും സ്വന്തം മതഗ്രന്ഥത്തിലെയോ നിയമസംഹിതയിലെയോ ആ വിഷയത്തിലുള്ള നിലപാടും അധ്യാപനവും കാണാത്തവരോ അറിയാത്തവരോ കണ്ടില്ലെന്ന് നടിക്കുന്നവരോ ആണ്. മതവിശ്വാസത്തിന്റെ ഭൂമികയിൽനിന്ന് നബി(സ്വ)യെ വിമർശിക്കുന്നവർക്ക് അത്തരം വിമർശനങ്ങളിൽ യാതൊരു പ്രസക്തിയും ഇല്ലെന്ന് ബോധ്യപ്പെടുന്നതാണ്.

**ബാലിശമായ വിമർശനങ്ങൾ**

ആത്മാർഥമായി മതവിശ്വാസം സ്വീകരിച്ച് ജീവിക്കുന്ന ഒരാൾക്ക് നബി(സ്വ)യുടെ ജീവിതത്തിലെ ഏത് കാര്യത്തെ വിമർശിക്കുന്നതു കേട്ടാലും അത് വിശ്വസിക്കാൻ കഴിയില്ല. അവർ നബി(സ്വ)യെ തെറ്റിദ്ധരിക്കില്ല. നബി(സ്വ)ക്ക് എതിരായ വിമർശനങ്ങളെല്ലാം അനുയായികളെ വർധിപ്പിക്കുവാനേ ഇടവരുത്തിയിട്ടുള്ളൂ എന്നതാണ് വസ്തുത.

യുക്തിവാദ, നിരീശ്വര, നിർമത പ്രസ്ഥാനക്കാർ ഇക്കാലത്ത് പ്രചരിപ്പിക്കുന്ന ഉദാരലൈംഗികതയുടെ സന്ദേശം മനുഷ്യത്വമുള്ളവരെ ആശ്ചര്യപ്പെടുത്തുന്നതും അപമാനിക്കുന്നതുമാണ്. വിവാഹത്തിലൂടെയുള്ള ഇണയെ മരണംവരെ ഒരാൾക്ക് ലഭിക്കുന്നു. തന്റെ ഇണയുടെ സുഖദുഃഖങ്ങളിൽ പങ്കാളിയാകുകയും, അവരുടെ താമസം, വസ്ത്രം, ഭക്ഷണം, ആരോഗ്യം, ചികിത്സ, പഠനം തുടങ്ങിയ എല്ലാ കാര്യങ്ങളും ഭർത്താവ് നിർവഹിച്ചുകൊടുക്കുകയും ചെയ്യുന്നു.

എന്നാൽ വിവാഹം കഴിക്കാതെ ഇഷ്ടമുള്ളവരോടൊത്തുള്ള ലൈംഗികതയിൽ ഈവക ഉത്തരവാദിത്തങ്ങളൊന്നും ഏൽപിക്കപ്പെടുന്നില്ല. അതിനാൽതന്നെ ഇത്തരം ചെലവുകളിൽനിന്ന് ചുളുവിൽ രക്ഷപ്പെടാനായി വിവാഹജീവിതത്തെ ഇക്കൂട്ടർക്ക് എതിർക്കേണ്ടതായി വരുന്നു. അതിന് മതങ്ങളെയും മതാധ്യാപനങ്ങൾ എത്തിച്ച ദൈവദൂതന്മാരുടെ ജീവിതത്തെയും പരിഹസിച്ചും കളിയാക്കിയും നടക്കുന്നു. അതാണ് നബി(സ്വ)യുടെ വിവാഹങ്ങളെ വിമർശിക്കാൻ ഇക്കൂട്ടർ വല്ലാതെ തുനിയുന്നത്. ഇവരുടെ ജൽപനങ്ങളുടെ പിന്നിലുള്ള ലക്ഷ്യത്തെ അറിയാതെ പലരും അതേറ്റുപിടിക്കുകയും ചെയ്യുന്നത് കാണാം.

മുകളിൽ നൽകിയ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ നബി(സ്വ)ക്ക് എതിരിലുള്ള വിമർശനത്തെ പഠന വിധേയമാക്കിയാൽ ശത്രുക്കളുടെ വിമർശനങ്ങൾ യാതൊരു അടിസ്ഥാനവുമില്ലാത്തതാണെന്നും നബി(സ്വ)യുടെ വ്യക്തിത്വം ലോകത്തിന് ഉത്തമ മാതൃകയാണെന്നും നമ്മെ ബോധ്യപ്പെടുന്നതാണ്. നബി(സ്വ)ക്ക് എതിരിൽ ആധുനികരിൽനിന്നും വന്ന പല വിമർശനങ്ങളിൽ ഒന്നാണ് നബി(സ്വ)യുടെ വിവാഹങ്ങളുമായി ബന്ധപ്പെട്ടവ. നബി(സ്വ)യുടെ വിവാഹങ്ങളുമായി ബന്ധപ്പെട്ട ഒരു വിമർശനവും നബി(സ്വ)യുടെ കാലത്തെ ശത്രുക്കളിൽനിന്നും ഉണ്ടായിട്ടില്ല എന്നത് ചിന്തനീയമാണ്. അഥവാ, നബി(സ്വ)യുടെ വിവാഹവുമായി ബന്ധപ്പെട്ട് ഇക്കാലത്ത് ഉയർത്തുന്ന വിമർശനങ്ങൾ ഒന്നും നബി(സ്വ) ജീവിച്ച സാമൂഹികാന്തരീക്ഷമോ മറ്റു മാനദണ്ഡങ്ങളോ പരിഗണിച്ചാൽ അതിൽ യാതൊരു കഴമ്പുമില്ലെന്ന് വ്യക്തമാകുന്നതാണ്. ഇനി നമുക്ക് ഇക്കാലത്ത് നബി(സ്വ)യെ ഏറെ വിമർശിക്കുന്ന വിഷയമായ നബി(സ്വ)യുടെ വിവാഹവുമായി ബന്ധപ്പെട്ട വിഷയത്തിലേക്ക് പ്രവേശിക്കാം.

ഇസ്‌ലാമിന്റെയും പ്രവാചകന്റെയും ശത്രുക്കൾ ആധുനികകാലത്ത് വലിയ ആക്ഷേപമായി കാണുന്ന ഒരു കാര്യമാണ് നബി(സ്വ)യുടെ വിവാഹങ്ങൾ. നബി(സ്വ) മരണപ്പെടുന്ന സന്ദർഭത്തിൽ അവിടുത്തേക്ക് ഒമ്പത് ഭാര്യമാർ ഉണ്ടായിരുന്നു എന്നതാണ് നബി (സ്വ)യെ ആക്ഷേപിക്കുവാനും പരിഹസിക്കാനുമായി ഉയർത്തിക്കാണിക്കുന്ന ഒരു കാര്യം. നബി(സ്വ)ക്ക് മഹത്ത്വങ്ങളൊന്നും ഇല്ലെന്നും അദ്ദേഹം കേവലം ഒരു പെൺമോഹിയും കാമാസക്തനുമായിരുന്നെന്നുമൊക്കെയാണ് ശത്രുക്കർ പറയാറുള്ളത്. യാതൊരു തത്ത്വധീക്ഷയുമില്ലാത്ത, സത്യത്തോട് യാതൊരു കൂറും കാണിക്കാത്ത കഠിനമായ അപവാദങ്ങളാണ് ഇവർ പറഞ്ഞുപരത്തുന്നത്.

ബഹുഭാര്യത്വത്തെ വലിയ അപരാധമായി ഇവർ കണക്കാക്കുന്നു. ഇവരുടെ ധാർമികതയും ലൈംഗികവിശുദ്ധിയും അത്ര പരിശുദ്ധമാണെന്നാണ് ഇവരുടെ ആരോപണങ്ങൾ കേട്ടാൽ തോന്നുക. സ്വന്തം മാതാവിനെയും മകളെയും പെങ്ങളെയും സമ്മതമുണ്ടെങ്കിൽ ഭോഗിക്കാം എന്ന രതിവൈകൃത ലൈംഗിക പ്രത്യയശാസ്ത്രമാണ് ഈ വർഗം മുന്നോട്ടുവെക്കുന്നത്. തീർന്നില്ല; ശവത്തെ പോലും ഉപയോഗപ്പെടുത്താമെന്നും പറയുന്നു. മൃഗത്തെ ഉപയോഗപ്പെടുത്തുന്നതും കുറ്റകരമോ തിന്മയോ അല്ലെന്നും ഇവർ കണ്ടെത്തിയിരിക്കുന്നു. ഇവരാണ് ഇസ്‌ലാമിന്റെ സംസ്കാരത്തെ ചോദ്യം ചെയ്യാൻ മുന്നോട്ടുവരുന്നത് എന്ന കാര്യം ആദ്യം നാം മനസ്സിലാക്കേണ്ടതുണ്ട്. പതിനെട്ടാം നൂറ്റാണ്ടിന് മുമ്പ് നബി(സ്വ)യെ വിമർശിച്ച ഒരാൾ പോലും അവിടുത്തെ വിവാഹ ജീവിതത്തെ വിമർശിക്കാൻ തുനിഞ്ഞത് നമുക്ക് കാണാൻ സാധ്യമേയല്ല.

നബിയുടെ ബഹുഭാര്യത്വത്തെ വിമർശനത്തിനുള്ള വലിയ വിഷയമാക്കി എതിരാളികൾ ആഘോഷിക്കുന്നതിനാൽ നബി(സ്വ)യുടെ ഓരോ വിവാഹവും നാം പഠനവിധേയമാക്കേണ്ടതുണ്ട്. അപ്പോൾ മനസ്സിലാകും ഇവരുടെ വിമർശനങ്ങളിൽ കഴമ്പില്ല എന്നും നബി(സ്വ)യുടെ ഓരോ വിവാഹത്തിന് പിന്നിലും വ്യത്യസ്തമായ യുക്തിയും ഗുണപാഠങ്ങളും ഉണ്ടെന്നും.

*(തുടരും)*

ലേഖനം



# ഹൃദയവും ഗ്രാഹ്യശക്തിയും

**ഡോ. ടി. കെ യൂസുഫ്**

:9349798262

ശരീരത്തിന്റെ സകല ഭാഗങ്ങളിലേക്കും രക്തം എത്തിക്കുക മാത്രമാണ് ഹൃദയത്തിന്റെ ജോലി എന്നാണ് ഇതുവരെ നാം മനസ്സിലാക്കിയിരുന്നത്. എന്നാൽ ഹൃദയമാറ്റശസത്രക്രിയകളും കൃത്രിമഹൃദയങ്ങളും പ്രചാരത്തിൽവന്നതോടെ ശാസ്ത്രജ്ഞർ ഹൃദയത്തെക്കുറിച്ച് വേറെയും ചില വസ്തുതകൾ കണ്ടെത്തിയിരിക്കുകയാണ്. ഈ കണ്ടെത്തലുകൾ പരിശോധിച്ചാൽ അവ ഹൃദയത്തെക്കുറിച്ച് ഖുർആൻ പറഞ്ഞ കാര്യങ്ങളോട് യോജിക്കുന്നതായി കാണാം. ഹൃദയമാറ്റ ശസ്ത്രക്രിയ നടത്തിയ വ്യക്തികളിൽ പുതുതായി ദൃശ്യമായ മാനസിക ഭാവങ്ങൾ പഠനവിധേയമാക്കിയപ്പോൾ അത് അവരുടെ കാഴ്ചപ്പാടുകളിലും ഇഛാനിഷ്ടങ്ങളിലും വികാരങ്ങളിലും വിശ്വാസങ്ങളിലും വലിയ സ്വാധീനം ചെലുത്തുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്.

മനുഷ്യൻ ഭ്രൂണാവസഥയിലായിരിക്കെ അവനിൽ മസ്തിഷ്കം രൂപപ്പെടുന്നതിന് മുമ്പുതന്നെ ഹൃദയം സൃഷ്ടിക്കപ്പെടുകയും അന്നുമുതൽ മരണംവരെ അത് മിടിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. തലച്ചോറിന്റെ നിർദേശങ്ങളാണ് ഹൃദയമിടിപ്പിന്റെ താളം നിയന്ത്രിക്കുന്നത് എന്ന വിശ്വാസം ശരിയല്ലെന്നാണ് ഇത് സൂചിപ്പിക്കുന്നത്. തന്നെയുമല്ല ഹൃദയമാറ്റ ശസ്ത്രക്രിയക്ക് ശേഷം രോഗിയുടെ നെഞ്ചിനകത്ത് പുതിയ ഹൃദയം വെച്ച ഉടനെതന്നെ തലച്ചോറിന്റെ കൽപനകൾക്ക് കാതോർക്കാൻ പോലും നിൽക്കാതെ അത് മിടിക്കാൻ തുടങ്ങുന്നുമുണ്ട്. ഹൃദയത്തിന്റെ പ്രവർത്തനം തലച്ചോറിൽനിന്നും സ്വതന്ത്രമാണ് എന്നാണ് ഇത് സൂചിപ്പിക്കുന്നത്. തലച്ചോറിന്റെ പ്രവർത്തനങ്ങൾക്ക് മാർഗ നിർദേശം നൽകുന്നത് പോലും ഹൃദയമാണ് എന്ന് വിശ്വസിക്കുന്നവരും ശാസ്ത്രജ്ഞരിലുണ്ട്.

ഗർഭധാരണം നടന്ന് ഇരുപത്തി ഒന്ന് ദിവസം കഴിഞ്ഞയുടൻതന്നെ ഹൃദയം രക്തം പമ്പുചെയ്യുന്ന ജോലി തുടങ്ങും. പ്രായപൂർത്തിയായ ഒരാളുടെ ഹൃദയം ദിവസവും ഒരു ലക്ഷത്തിലധികം പ്രാവശ്യം മിടിക്കുകയും ഏകദേശം ഏഴായിരം ലിറ്റർ രക്തം പമ്പ് ചെയ്യുകയും ചെയ്യുന്നുണ്ട്. ഹൃദയം സ്വതന്ത്രമായി പ്രവർത്തി

ക്കുകയാണോ അല്ലെങ്കിൽ അതിന്റെ പ്രവർത്തനത്തിൽ തലച്ചോർ ഇടപെടുന്നുണ്ടോ എന്ന കാര്യത്തിൽ ഖണ്ഡിതമായ ഒരു അഭിപ്രായം പറയാൻ മാത്രം ഇന്നും ശാസ്ത്ര വിവരങ്ങൾ അപര്യാപ്തമാണ്. തലച്ചോറിന്റെ അതിസൂക്ഷ്മ പ്രവർത്തനങ്ങളെക്കുറിച്ചും ഹൃദയമിടിപ്പിന്റെ പ്രചോദനത്തെക്കുറിച്ചും ചില നിഗമനങ്ങളല്ലാതെ കൃത്യമായ വിവരം ഇതുവരെ ലഭിച്ചിട്ടില്ല. എന്നാൽ ദൈവിക വെളിപാടായ ഖുർആൻ ഹൃദയത്തെ വികാരത്തിന്റെയും ഗ്രാഹ്യശക്തിയുടെയും നിരീക്ഷണത്തിന്റെയും രോഗങ്ങളുടെയും കേന്ദ്രമായിട്ടാണ് പരിഗണിക്കുന്നത്.

ഹൃദയും തലച്ചോറും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പഠനം നടത്തിയവർ മസ്തിഷ്കത്തിന്റെ വൈദ്യുത രാസ പ്രവർത്തനത്തെ ഹൃദയം സ്വാധീനിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. മാനസിക വിഷമങ്ങളും പിരിമുറുക്കങ്ങളും ഒരാളെ തലതിരിഞ്ഞ അവസ്ഥയിലേക്ക് എത്തിക്കുന്നത് ഇതുകൊണ്ടാണ്. ഹൃദയം ബുദ്ധിയുടെ പ്രവർത്തനത്തിന് മാർഗദർശനം നൽകുന്നു എന്നു പറഞ്ഞാൽ അത് ശാസ്ത്രീയമായി നിഷേധിക്കാനും കഴിയുകയില്ല. കാരണം ഹൃദയവും ബുദ്ധിയും തമ്മിൽ അത്രയും താളപ്പൊരുത്തത്തോടു കൂടിയാണ് പ്രവർത്തിക്കുന്നത്.

ഹൃദയമാറ്റത്തിന് വിധേയരാവരെ നിരീക്ഷണത്തിന് വിധേയമാക്കിയപ്പോൾ ശസ്ത്രക്രിയക്ക് മുമ്പും ശേഷവുമുള്ള അവരുടെ മാനസികഭാവത്തിൽ കാര്യമായ മാറ്റം കാണാൻ കഴിഞ്ഞിട്ടുണ്ട്. ഉദാഹരണമായി, യൂറോപ്പിൽ തലച്ചോറിന്റെ തകരാറ് കാരണം മരണപ്പെട്ട ഒരു കുട്ടിയുടെ ഹൃദയം മറ്റൊരു കുട്ടിയിൽ വെച്ചുപിടിപ്പിച്ച് അവന്റെ ജീവൻ രക്ഷിക്കുകയുണ്ടായി. എന്നാൽ ഏറെ താമസിയാതെ ഹൃദയം സ്വീകരിച്ച കുട്ടിയിലും ഹൃദയം നൽകിയ കുട്ടിക്ക് ഉണ്ടായിരുന്ന അതേ മസ്തിഷ്ക രോഗം ദൃശ്യമാകുകയുണ്ടായി.

**ഗർഭധാരണം നടന്ന് ഇരുപത്തി ഒന്ന് ദിവസം കഴിഞ്ഞയുടൻതന്നെ ഹൃദയം രക്തം പമ്പുചെയ്യുന്ന ജോലി തുടങ്ങും. പ്രായപൂർത്തിയായ ഒരാളുടെ ഹൃദയം ദിവസവും ഒരു ലക്ഷത്തിലധികം പ്രാവശ്യം മിടിക്കുകയും ഏകദേശം എഴുപതിനായിരം ലിറ്റർ രക്തം പമ്പ് ചെയ്യുകയും ചെയ്യുന്നുണ്ട്. ഹൃദയം സ്വതന്ത്രമായി പ്രവർത്തിക്കുകയാണോ അല്ലെങ്കിൽ അതിന്റെ പ്രവർത്തനത്തിൽ തലച്ചോർ ഇടപെടുന്നുണ്ടോ എന്ന കാര്യത്തിൽ ഖണ്ഡിതമായ ഒരു അഭിപ്രായം പറയാൻ മാത്രം ഇന്നും ശാസ്ത്ര വിവരങ്ങൾ അപര്യാപ്തമാണ്. തലച്ചോറിന്റെ അതിസൂക്ഷ്മ പ്രവർത്തനങ്ങളെക്കുറിച്ചും ഹൃദയമിടിപ്പിന്റെ പ്രചോദനത്തെക്കുറിച്ചും ചില നിഗമനങ്ങളല്ലാതെ കൃത്യമായ വിവരം ഇതുവരെ ലഭിച്ചിട്ടില്ല.**

ആദ്യത്തെ കുട്ടിയുടെ ഹൃദയമാണ് ആ രണ്ട് കുട്ടികളുടെയും തലച്ചോറിന് തകരാറുണ്ടാക്കിയത് എന്ന നിഗമനത്തിലേക്കാണ് ഈ സംഭവം വിരൽചൂണ്ടുന്നത്. അതുപോലെ വെള്ളത്തിൽ മരിച്ച ഒരു കുട്ടിയുടെ ഹൃദയം മറ്റൊരു കുട്ടിക്ക് വെച്ചുപിടിപ്പിച്ചപ്പോൾ വെള്ളം കാണുന്നതു തന്നെ അവനിൽ ഭയവും ഭീതിയും ഉണ്ടാക്കുന്നതായി കാണാൻ കഴിഞ്ഞു. ഒരാളുടെ ജീവിതകാലത്ത് അവൻ കണ്ടതും കേട്ടതും അനുഭവിച്ചതുമായ കാര്യങ്ങൾ അവന്റെ ഹൃദയത്തിലും രേഖപ്പെടുത്തപ്പെടുന്നുണ്ടെന്നാണ് ഇതിൽനിന്നും മനസിലാക്കാൻ കഴിയുന്നത്.

കൃത്രിമ ഹൃദയം വെച്ചുപിടിപ്പിച്ചവരുടെ മാനസികാവസ്ഥ ഇതിലേറെ വിചിത്രമാണ്. അവർക്ക് മുമ്പുണ്ടായിരുന്ന പല വികാരങ്ങളും മാനസികഭാവങ്ങളും നഷ്ടപ്പെടുന്നതായിട്ടാണ് കണ്ടത്. അമേരിക്കയിൽ കൃത്രിമ ഹൃദയം വെച്ച പീറ്റർ ഹൗറ്റൻ എന്ന ഒരാൾക്ക് തന്റെ മക്കളോടും പേരക്കിടാങ്ങളോടുമുള്ള മനോഭാവം മാറിയെന്ന് വാഷിംഗടൺ പോസ്റ്റ് (11/8/2007) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പിന്നീട് അയാൾക്ക് ചുറ്റുപാടുമായി പൊരുത്തപ്പെടാൻ പ്രയാസമായിത്തീരുകയും ജീവിതംതന്നെ മടുക്കുകയും ഈ ലക്ഷണം കെട്ട ഹൃദയത്തിൽനിന്ന് ഒരു മോചനം കിട്ടിയിരുന്നുവെങ്കിൽ എന്ന് ആഗ്രഹിക്കുകയും ചെയ്തുവെന്നാണ് പറയപ്പെടുന്നത്. ഈ അത്ഭുത പ്രതിഭാസത്തിന് ഒരു വ്യാഖ്യാനം നൽകാൻ ശാസ്ത്രജ്ഞർക്ക് കഴിഞ്ഞിട്ടില്ല. 1982ലാണ് ആദ്യമായി കൃത്രിമ ഹൃദയമാറ്റ ശസ്ത്രക്രിയ വിജയകരമായി നടന്നത്. നൂറ്റിപ്പതിനൊന്ന് ദിവസമാണ് ആ രോഗി പുതിയ ഹൃദയവുമായി ജീവിച്ചത്. പിന്നീട് ഈ രംഗത്ത് പുരോഗതിയുണ്ടാകുകയും താരതമ്യേന ഭാരം കുറഞ്ഞ കൃത്രിമ ഹൃദയം വികസിപ്പിച്ചെടുക്കുകയും ചെയ്തു. 2001ൽ കുറ്റമറ്റ കൃത്രിമ ഹൃദയംവെച്ച വ്യക്തിയും നാലുമാസം മാത്രമാണ് ജീവിച്ചത്.

ഒരു മനുഷ്യന്റെ ഹൃദയത്തിൽ അവന്റെ ജീവിതത്തിലെ സകല സംഭവവികാസങ്ങളും രേഖപ്പെടുത്തുന്ന ഒരു ഫയൽ ഉണ്ടെന്നാണ് ഹൃദയമാറ്റം നടത്തിയവരുടെ ജീവിതം വിശകലനം ചെയ്തതിൽ നിന്നും ഗ്രഹിക്കാൻ കഴിയുന്നത്. തലച്ചോറിന്റെ പ്രവർത്തനങ്ങൾക്ക് പോലും ഇതാണ് മാർഗദർശനം നൽകുന്നത്. ഹൃദയാന്തരാളത്തിൽ മറ്റൊരു മസ്തിഷ്ക്കമുണ്ട് എന്നാണ് ചില ഡോക്ടർമാർ അഭിപ്രായപ്പെടുന്നത്. ഹൃദയമിടിപ്പിന്റെ താളം ചിട്ടപ്പെടുത്തുന്നതും ചില ഹോർമോൺ ഉത്പാദിപ്പിക്കുന്നതും തലച്ചോറിലേക്ക് ചില സന്ദേശങ്ങൾ അയക്കുന്നതും ഈ കേന്ദ്രമാണ്. ഇത് മനുഷ്യന്റെ ഗ്രാഹ്യശക്തിയിൽ വലിയ സ്വാധീനം ചെലുത്തുന്നുമുണ്ട്. മനുഷ്യർ പരസ്പരം സംസാരിക്കാതെ അവരുടെ ഹൃദയങ്ങൾ പുറപ്പെടുവിക്കുന്ന വൈദ്യുത കാന്തിക ആവേഗങ്ങൾ കൊണ്ട് മാത്രം ആശയവിനമയം നടത്താം എന്ന് വാദിക്കുന്നവരു



**ഒരു മനുഷ്യന്റെ ഹൃദയത്തിൽ അവന്റെ ജീവിതത്തിലെ സകല സംഭവവികാസങ്ങളും രേഖപ്പെടുത്തുന്ന ഒരു ഫയൽ ഉണ്ടെന്നാണ് ഹൃദയമാറ്റം നടത്തിയവരുടെ ജീവിതം വിശകലനം ചെയ്തതിൽ നിന്നും ഗ്രഹിക്കാൻ കഴിയുന്നത്. തലച്ചോറിന്റെ പ്രവർത്തനങ്ങൾക്ക് പോലും ഇതാണ് മാർഗദർശനം നൽകുന്നത്. ഹൃദയാന്തരാളത്തിൽ മറ്റൊരു മസ്തിഷ്ക്കമുണ്ട് എന്നാണ് ചില ഡോക്ടർമാർ അഭിപ്രായപ്പെടുന്നത്. ഹൃദയമിടിപ്പിന്റെ താളം ചിട്ടപ്പെടുത്തുന്നതും ചില ഹോർമോൺ ഉത്പാദിപ്പിക്കുന്നതും തലച്ചോറിലേക്ക് ചില സന്ദേശങ്ങൾ അയക്കുന്നതും ഈ കേന്ദ്രമാണ്. ഇത് മനുഷ്യന്റെ ഗ്രാഹ്യശക്തിയിൽ വലിയ സ്വാധീനം ചെലുത്തുന്നുമുണ്ട്.**

മുണ്ട്. നമ്മൾ ഒരു വ്യക്തിയുടെ അടുത്ത് ചെല്ലുകയോ സ്പർശിക്കുകയോ സംസാരിക്കുയൊ ചെയ്യുമ്പോൾ അയാളുടെ ഹൃദയമിടിപ്പിൽ അത് മാറ്റമുണ്ടാക്കുകയും അത് അയാളുടെ തലച്ചോറിന്റെ പ്രവർത്തനത്തിൽ പ്രതിഫലിക്കുകയും ചെയ്യാറുണ്ട്.

ഹൃദയത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയ പഠനങ്ങൾ ഖുർആൻ പ്രഖ്യാപിച്ച പല കാര്യങ്ങളുമായി യോജിക്കുന്നുണ്ട്.

1. ഏകദേശം നാൽപതിനായിരം നാഡീ കോശങ്ങൾ ഉൾക്കൊ ള്ളുന്ന ഒരു മസ്തിഷ്കം ഹൃദയത്തിനകത്തുണ്ടെന്നാണ് ശാസ്ത്രജ്ഞാർ പറയുന്നത്. ഇക്കാര്യം സൂചിപ്പിക്കുന്ന ഒരു ഖുർആൻ വചനം നമുക്ക് കാണാൻ കഴിയും: 'ഇവർ ഭൂമിയിലൂടെ സഞ്ചരിക്കുന്നില്ലേ? എങ്കിൽ ചിന്തിച്ചു മനസ്സിലാക്കാനുതകുന്ന ഹൃദയങ്ങളോ കേട്ടറിയാനുതകുന്ന കാതുകളോ അവർക്കുണ്ടാകുമായിരുന്നു' (ഹജ്ജ്: 46).

2. മനുഷ്യന്റെ ഗ്രാഹ്യശക്തിയിൽ ഹൃദയത്തിന്റ പ്രവർത്തനം സ്വാധീനം ചെലുത്തുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്: 'അവർക്ക് മനസ്സുകളുണ്ട്. അതുപയോഗിച്ച് അവർ കാര്യം ഗ്രഹിക്കുകയില്ല' (അഅ്റാഫ് :179) എന്ന വചനം ഇതാണ് സൂചിപ്പിക്കുന്നത്.

3. കൃത്രിമ ഹൃദയം വെച്ചവർക്ക് അവരുടെ ഹൃദയ നൈർമല്യവും സ്നേഹവും നഷ്ടപ്പെടുകുയും ഹൃദയം കല്ലായിത്തീരുന്ന ഒരു അവസ്ഥ സംജാതമാകുകയും ചെയ്യുന്നുണ്ട്. ഇക്കാര്യം സൂചിപ്പിക്കുന്ന ഒരു വചനം നമുക്ക് അൽബഖറ 74 ൽ കാണാം: 'പിന്നീട് അതിന് ശേഷവും നിങ്ങളുടെ മനസ്സുകൾ കടുത്തുപോയി; അവ പാറപോലെയോ അതിനെക്കാൾ കടുത്തതോ ആയി ഭവിച്ചു.'

4. മനുഷ്യന്റെ ജീവിതത്തിലെ സംഭവവികാസങ്ങളുടെ ഒരു ലഘു ചിത്രം ഹൃദയങ്ങളിൽ ശേഖരിക്കപ്പെടുന്നുണ്ട്. ഇക്കാര്യം പ്രതിപാദിക്കുന്ന ഒരു വചനം ആലുഇംറാൻ 154 ൽ കാണാം: 'നിങ്ങളുടെ മനസ്സുകളിലുള്ളത് അല്ലാഹു പരീക്ഷിച്ചറിയുവാൻ വേണ്ടിയും നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് ശുദ്ധീകരിച്ചെടുക്കുവാൻ വേണ്ടിയുമാണിതെല്ലാം. മനസ്സുകളിലുള്ളത് അറിയുന്നവനാകുന്നു അല്ലാഹു.'

5. ഹൃദയത്തിന്റെ സുസ്ഥിതിക്ക് വലിയ തകരാറ് സംഭവിച്ചാൽ അത് കേൾവിയെയും ബാധിക്കാറുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ വിഷയം പരാമർശിക്കുന്ന ഒരു വചനം നമുക്ക് അഅ്റാഫ് 100ാം വചനത്തിൽ കാണാം: 'നാം അവരുടെ ഹൃദയങ്ങളിൽ മുദ്രവെക്കുകയും ചെയ്യും. അപ്പോൾ അവർ ഒന്നും കേട്ടുമനസ്സിലാക്കാത്തവരായിത്തീരും.'

6. തലച്ചോറിന്റെ പ്രവർത്തനത്തെ ഹൃദയം സ്വാധീനിക്കുന്നതുകൊണ്ട് അറിവ് നേടുന്ന രംഗത്ത് ഹൃദയത്തിന് വലിയ പങ്കുണ്ട്. ഇക്കാര്യം തൗബ 93ൽ വിശദീകരിക്കുന്നുണ്ട്: 'അവരുടെ ഹൃദയങ്ങളിൽ അല്ലാഹു മുദ്രവെക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ അവർ കാര്യം മനസിലാക്കുന്നില്ല.'

7. കൃത്രിമഹൃദയം വെച്ചവർക്ക് അവരുടെ മാനസിക വികാരങ്ങളും വിശ്വാസവും നഷ്ടപ്പെടുന്നതായി കണ്ടിട്ടുണ്ട്. വിശ്വാസത്തിന്റെ കേന്ദ്രം ഹൃദയമാണന്ന് സൂചിപ്പിക്കുന്ന ഒരു വചനം മാഇദ 41 ൽ കാണാം: 'അവർ മനസ്സിൽ വിശ്വാസം കടക്കാതെ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നുവെന്ന് നാവുകൊണ്ട് പറയുന്നവരാണ്.'

ഹൃദയത്തിന് തലച്ചോറുമായും ശരീരത്തിന്റെ ഇതര ഭാഗങ്ങളുമായും ബന്ധമുണ്ടെന്നും അത് മാറ്റി വെച്ചാൽ വികാരങ്ങളെയും പ്രവർത്തനങ്ങളെയും അത് സ്വാധീനിക്കുമെന്നും ശാസ്ത്രം കണ്ടെത്തുന്നതിനുമുമ്പ് തന്നെ പ്രവാചക വചനങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

നബി(സ്വ) പറഞ്ഞു: 'അറിയുക, ശരീരത്തിൽ ഒരു മാംസക്കഷണമുണ്ട്. അത് നന്നായാൽ ശരീരം മുഴുവൻ നന്നായി. അത് ചീത്തയായാൽ ശരീരം മുഴുവൻ ചീത്തയായി. അറിയുക; അതാണ് ഹൃദയം.'




# സ്വവർഗരതി:
## വിശുദ്ധ ക്വുർആനിലെ പ്രയോഗങ്ങൾ

സലീം പട്‌ല

സ്വവർഗരതി ഇസ്‌ലാം വിരോധിച്ച മഹാപാപമാണ്; പ്രകൃതി വിരുദ്ധവും മാനവികവിരുദ്ധവുമായ രതിവൈകൃതമാണ്. ഒരു നാടും സമൂഹവും നാഗരികതയും നശിപ്പിക്കപ്പെടാനും തുടച്ചുനീക്കപ്പെടാനും കാരണമായ കുറ്റകൃത്യം. ഈ നീചവൃത്തി പല രാജ്യങ്ങളിലുമിന്ന് നിയമവിധേയമാണ്. ലൈംഗിക സ്വാതന്ത്ര്യത്തിന്റെ പേരിൽ അതിനെ പുരോഗമനത്തിന്റെ അടയാളമായി കാണുകയാണ്.

ലൂത് വ് നബി(അ)യുടെ സമുദായമാണ് സ്വവർഗരതിയെ ലൈംഗികാസ്വാദനത്തിന് ഉപയോഗിച്ച ആദ്യത്തെ സമുദായമെന്നാണ് ക്വുർആൻ വ്യക്തമാക്കുന്നത്.

സ്വവർഗരതിക്കാരെയും സ്വവർഗഭോഗത്തെയും കുറിച്ചുള്ള ക്വുർആനിന്റെ പ്രയോഗങ്ങൾ ശ്രദ്ധേയവും ചിന്താർഹവുമാണ്. ഈ വിഷയത്തിൽ ക്വുർആനിൽ വന്ന ഏതാനും പ്രയോഗങ്ങൾ കാണാം:

*അതിരുവിട്ട് പ്രവർത്തിക്കുന്നവർ:* "സ്ത്രീകളെ വിട്ട് പുരുഷൻമാരുടെ അടുത്ത് തന്നെ നിങ്ങൾ കാമവികാരത്തോടെ ചെല്ലുന്നു. അല്ല, നിങ്ങൾ അതിരുവിട്ട് പ്രവർത്തിക്കുന്ന ഒരു ജനതയാകുന്നു" (7/81)

*കുഴപ്പക്കാരായ ജനങ്ങൾ*: "അദ്ദേഹം(ലൂത്ത്) പറഞ്ഞു: എന്റെ രക്ഷിതാവേ, കുഴപ്പക്കാരായ ഈ ജനതക്കെതിരിൽ എന്നെ നീ സഹായിക്കണമേ" (29/30)

*അതിക്രമകാരികൾ:* ''നിങ്ങളുടെ രക്ഷിതാവ് നിങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചു തന്നിട്ടുള്ള നിങ്ങളുടെ ഇണകളെ വിട്ടുകളയുകയുമാണോ? അല്ല, നിങ്ങൾ അതിക്രമകാരികളായ ഒരു ജനത തന്നെ''(26/166)

*ധിക്കാരികളും ദുഷിച്ചവരും:* "ലൂത്വിന് നാം വിധികർതൃത്വവും വിജ്ഞാനവും നൽകുകയുണ്ടായി. ദുർവൃത്തികൾ ചെയ്തുകൊണ്ടിരുന്ന ആ നാട്ടിൽനിന്ന് അദ്ദേഹത്തെ നാം രക്ഷപ്പെടുത്തുകയും ചെയ്തു. തീർച്ചയായും അവർ (നാട്ടുകാർ) ധിക്കാരികളായ ഒരു ദുഷിച്ച ജനതയായിരുന്നു"(21/74).

*അവിവേകികൾ:* "നിങ്ങൾ കാമനിവൃത്തിക്കായി സ്ത്രീകളെ വിട്ട് പുരുഷൻമാരുടെ അടുക്കൽ ചെല്ലുകയാണോ? അല്ല. നിങ്ങൾ അവിവേകം കാണിക്കുന്ന ഒരു ജനതയാകുന്നു" (27/55).

*അധർമം:* "ഈ നാട്ടുകാരുടെ മേൽ അവർ ചെയ്തുകൊണ്ടിരുന്ന അധർമത്തിന്റെ ഫലമായി ആകാശത്തുനിന്ന് ഞങ്ങൾ ഒരു ശിക്ഷ ഇറക്കുന്നതാണ്"(29/34).

*അക്രമികൾ:* ''നമ്മുടെ ദൂതൻമാർ ഇബ്റാഹീമിന്റെ അടുത്ത് സന്തോഷവാർത്തയും കൊണ്ട് ചെന്നപ്പോൾ അവർ പറഞ്ഞു: തീർച്ചയായും ഞങ്ങൾ ഈ നാട്ടുകാരെ നശിപ്പിക്കാൻ പോകുന്നവരാകുന്നു. തീർച്ചയായും ഈ നാട്ടുകാർ അക്രമികളായിരിക്കുന്നു" (29/31).

*കുറ്റവാളികൾ:* "നാം അവരുടെ മേൽ ഒരുതരം മഴ വർഷിപ്പിക്കുകയും ചെയ്തു. അപ്പോൾ ആ കുറ്റവാളികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുക" (7/84).

*ലഹരിയിൽ മതിമറന്ന് അലഞ്ഞ് നടക്കുന്നവർ:* 'നിന്റെ ജീവിതം തന്നെയാണെ സത്യം! തീർച്ചയായും അവർ അവരുടെ ലഹരിയിൽ വിഹരിക്കുകയായിരുന്നു" (15/72)

*ദുർനടപ്പുകാർ:* "ലൂത്വിന്റെ ജനങ്ങൾ അദ്ദേഹത്തിന്റെ അടുത്തേക്ക് ഓടിവന്നു. മുമ്പു തന്നെ അവർ ദുർനടപ്പുകാരായിരുന്നു..." (11:78).

**ഇസ്രായീലിനും ജോർദാനിനുമിടയിലുള്ള ചാവുകടൽ എന്നറിയപ്പെടുന്ന തടാകം സ്വവർഗരതിക്കെതിരായ ദൈവികദൃഷ്ടാന്തമായി ഇന്നും നിലനിൽക്കുന്നു. സമുദ്രനിരപ്പിൽ നിന്നും 422 മീറ്റർ താഴ്ചയിലുള്ള ചാവുകടൽതീരമാണ് കരയിലെ ഏറ്റവും താഴ്ചയുള്ള ഭൂപ്രദേശം. 378 മീറ്റർ ആഴവും 67 കിലോമീറ്റർ നീളവും 18 കിലോമീറ്റർ വീതിയുമുള്ള ചാവുകടലാണ് ലോകത്തിലെ ഏറ്റവും ആഴമുള്ള മഹാലവണ താടാകമായി അറിയപ്പെടുന്നത്. സമുദ്രജലത്തിന്റെ 8.6 ഇരട്ടിയാണ് ഇതിലെ ജലത്തിന്റെ ലവണത്വം. അതുകൊണ്ടുതന്നെ ജീവന്റെ യാതൊരു ബാഹ്യലക്ഷണവും പ്രസ്തുത ജലത്തിലില്ല.**

*നീചവൃത്തി:* ''ലൂത്വിനെയും (ദൂതനായി അയച്ചു) തന്റെ ജനതയോട് അദ്ദേഹം ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) തീർച്ചയായും നിങ്ങൾ നീചകൃത്യമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങൾക്കുമുമ്പ് ലോകരിൽ ഒരാളും അതുചെയ്യുകയുണ്ടായിട്ടില്ല" (29:28).

''ലൂത്വിനെയും (നാം അയച്ചു). അദ്ദേഹം തന്റെ ജനതയോട്, നിങ്ങൾക്ക് മുമ്പ് ലോകരിൽ ഒരാളും തന്നെ ചെയ്തിട്ടില്ലാത്ത ഈ നീചവൃത്തിക്ക് നിങ്ങൾ ചെല്ലുകയോ എന്ന് പറഞ്ഞ സന്ദർഭം (ഓർക്കുക)''(7/80).

''ലൂത്വിനെയും (ഓർക്കുക.) അദ്ദേഹം തന്റെ ജനതയോട് പറഞ്ഞ സന്ദർഭം: നിങ്ങൾ കണ്ടറിഞ്ഞു കൊണ്ട് നീചവൃത്തി ചെയ്യുകയാണോ?'' (27/54)

ഈ നീചമായ പ്രവർത്തനം ചെയ്യുന്നരോട് ലൂത് നബി(അ) പറഞ്ഞ മറുപടിയാണ് ഇന്നും വിശ്വാസികൾക്ക് പറയാനുള്ളത്: "അദ്ദേഹം (ലൂത്) പറഞ്ഞു: നിശ്ചയമായും ഞാൻ നിങ്ങളുടെ (ഈ) പ്രവൃത്തിയെ കഠിനമായി വെറുക്കുന്നവരിൽ പെട്ടവനാണ്" (26/168).

ആ ദുഷിച്ച ജനതയെ അല്ലാഹു വേരോടെ പിഴുതെറിയുകയാണുണ്ടായത്. അല്ലാഹു പറയുന്നു: "അങ്ങനെ സൂര്യോദയത്തോടെ ആ ഘോരശബ്ദം അവരെ പിടികൂടി. അങ്ങനെ ആ രാജ്യത്തെ നാം തലകീഴായി മറിക്കുകയും, ചുട്ടുപഴുത്ത ഇഷ്ടികക്കല്ലുകൾ അവരുടെ മേൽ നാം വർഷിക്കുകയും ചെയ്തു. നിരീക്ഷിച്ച് മനസ്സിലാക്കുന്നവർക്ക് തീർച്ചയായും അതിൽ പല ദൃഷ്ടാന്തങ്ങളുണ്ട്. തീർച്ചയായും അത് (ആ രാജ്യം) (ഇന്നും) നിലനിന്ന് വരുന്ന ഒരു പാതയിലാണ് സ്ഥിതിചെയ്യുന്നത്. തീർച്ചയായും അതിൽ വിശ്വാസികൾക്ക് ഒരു ദൃഷ്ടാന്തമുണ്ട്" (15:73-77)

ഇസ്രായീലിനും ജോർദാനിനുമിടയിലുള്ള ചാവുകടൽ എന്നറിയപ്പെടുന്ന തടാകം സ്വവർഗരതിക്കെതിരായ ദൈവികദൃഷ്ടാന്തമായി ഇന്നും നിലനിൽക്കുന്നു. സമുദ്രനിരപ്പിൽ നിന്നും 422 മീറ്റർ താഴ്ചയിലുള്ള ചാവുകടൽതീരമാണ് കരയിലെ ഏറ്റവും താഴ്ചയുള്ള ഭൂപ്രദേശം. 378 മീറ്റർ ആഴവും 67 കിലോമീറ്റർ നീളവും 18 കിലോമീറ്റർ വീതിയുമുള്ള ചാവുകടലാണ് ലോകത്തിലെ ഏറ്റവും ആഴമുള്ള മഹാലവണ താടാകമായി അറിയപ്പെടുന്നത്. സമുദ്രജലത്തിന്റെ 8.6 ഇരട്ടിയാണ് ഇതിലെ ജലത്തിന്റെ ലവണത്വം. അതുകൊണ്ടുതന്നെ ജീവന്റെ യാതൊരു ബാഹ്യലക്ഷണവും പ്രസ്തുത ജലത്തിലില്ല.

ഉയർന്ന ലവണത്വമുള്ള ജലത്തിൽ നിലനിൽക്കുന്ന ചിലതരം ബാക്ടീരിയകളും ഫംഗസുകളും വളരെ ചെറിയ തോതിൽ ഈ ജലത്തിലുണ്ടെന്ന് കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടെങ്കിലും ചെടികളോ മൽസ്യങ്ങളോ പായൽപോലുള്ള കാണാവുന്ന ജൈവികവസ്തുക്കളോ ഒന്നും തന്നെ ഇതിലില്ല; അതുകൊണ്ടുതന്നെയാണ് ഇതിനു ചാവുകടൽ എന്ന പേരുണ്ടായത്. ■




# നമുക്കായ് ജനിച്ചവർ

ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര
: 99460 42525

മൂത്തമകളുടെ വിവാഹത്തിന് ക്ഷണിക്കാനാണ് അയാൾ വന്നിരിക്കുന്നത്.

“കുടുംബത്തിലെ ആദ്യവിവാഹമാണ്. അൽപം വലുതായിത്തന്നെ നടത്താമെന്ന് കരുതി. നിങ്ങളെല്ലാവരും തലേദിവസം തന്നെ വരണം.”

അയാൾ പറഞ്ഞുനിർത്തി നേരെ നോക്കിയത് വീട്ടുകാരിയുടെ കൂടെ നിൽക്കുന്ന ബുദ്ധിമാന്ദ്യമുള്ള കുട്ടിയിലേക്കാണ്. അയാളുടെ മനസ്സ് വല്ലാതായി. സാരിത്തലപ്പുകൊണ്ട് പുറത്തേക്കു ചാടാനിരുന്ന കണ്ണുനീർതുള്ളികൾ തുടക്കാനായി വൃഥാ ഒരു ശ്രമം നടത്തി വീട്ടുകാരി പറഞ്ഞു: “ഞങ്ങളെല്ലാരും വന്നോളാം ഇക്കാക്കാ.” അതിന്റെ അർഥം അദ്ദേഹത്തിനും മനസ്സിലായിരുന്നു.

അന്ന് രാത്രി ഭക്ഷണം കഴിച്ചിരിക്കുമ്പോൾ ആ സ്ത്രീ തന്റെ ഭർത്താവിനോട് രാവിലെ നടന്ന കാര്യങ്ങൾ വിശദമായി പങ്കുവച്ചു. അവർ രണ്ടുപേരും ആലോചനയിലാണ്ടു. മൂന്നാമത്തെ കുട്ടിയാണിവൻ. ആദ്യത്തെ രണ്ടു മക്കളുമായി എവിടെയെല്ലാം പോയിരുന്നതാണ്. ഒരു ആഴ്ചയും ഷോപ്പിംഗില്ലാതെ കടന്നുപോയിരുന്നില്ല. കേരളത്തിനകത്തും പുറത്തും തങ്ങൾ പോകാത്ത വിനോദസഞ്ചാര കേന്ദ്രങ്ങളുണ്ടോ എന്ന് സംശയമാണ്.

ഇപ്പോൾ പതിനഞ്ച് വർഷമായി; ഒന്നിച്ച് പുറത്ത് പോവുക എന്നത് അത്യപൂർവമാണ്. മകന് പതിനഞ്ച് വയസ്സായെങ്കിലും കഷ്ടി ആറുവയസ്സിന്റെ ബുദ്ധിവളർച്ച മാത്രം. ശരീരമോ ഇരുപതുകാരന്റെതും. ആൾക്കൂട്ടത്തെ അവന് പേടിയാണെന്ന് തോന്നുന്നു. ആൾക്കൂട്ടത്തിനിടയിൽ അവൻ പലപ്പോഴും അക്രമാസക്തി കാണിക്കുന്നു. അതാണ് തങ്ങളുടെ യാത്രക്ക് ഏറ്റവും വലിയ തടസ്സവും.


പിതാവ് സങ്കടത്തോടുകൂടി ഭാര്യയെ നോക്കിയപ്പോൾ അവർ പറഞ്ഞ ഒരു മറുപടിയുണ്ട്; ഒരു മാതാവിനു മാത്രം പറയാനാകുന്ന മറുപടി!

“നോക്കൂ, നമ്മളെന്തിനാണ് വിഷമിക്കുന്നത്? അല്ലാഹു നമ്മുടെ മോനെ സൃഷ്ടിക്കാനുദ്ദേശിച്ചപ്പോൾ അവന് ഏറ്റവും ഇഷ്ടമുള്ളവനായും അവന്റെ സ്വർഗത്തിൽ നിർബന്ധമായും ഇടം നേടുന്നവനായും തീരുമാനിച്ചിട്ടുണ്ടാകുമല്ലേ? അവനെ നോക്കാൻ നമ്മെയാണ് അല്ലാഹു തെരഞ്ഞെടുത്തത്. നമ്മുടെ മോനെ തത്ക്കാലത്തേക്ക് നമ്മെ ഏൽപിച്ചിരിക്കയല്ലേ അവൻ! നമ്മൾ അവനെ നല്ലപോലെ പരിചരിച്ച് റബ്ബിന് തിരികെ നൽകിയാൽ നാളെ നമ്മെ കാത്ത് അവൻ സ്വർഗ കവാടത്തിലുണ്ടാകും, തീർച്ച!”

ആ ഉമ്മയുടെ ചിന്ത, ഭിന്നശേഷിക്കാരായി സൃഷ്ടിക്കപ്പെട്ട മുഴുവൻ കുഞ്ഞുങ്ങളുടെയും മാതാപിതാക്കൾക്കുണ്ടായാൽ ഈ ലോകം എത്ര സുന്ദരമായിരിക്കും! അത്തരം പരീക്ഷണങ്ങളിൽ പെട്ട കുടുംബങ്ങൾക്ക് അവ നൽകുന്ന ആശ്വാസമെത്രയായിരിക്കും!

“എന്നാൽ തീർച്ചയായും ഞെരുക്കത്തിന്റെ കൂടെ ഒരു എളുപ്പമുണ്ടായിരിക്കും. തീർച്ചയായും ഞെരുക്കത്തിന്റെ കൂടെ ഒരു എളുപ്പമുണ്ടായിരിക്കും” (ക്വുർആൻ 94:5,6).

# പുറത്തിറങ്ങി...




**WISDOM BOOKS**

**PUBLISHING || DISTRIBUTION**


Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244


## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 APRIL 30

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

# തർജുമാനുൽ ഖുർആൻ

പരിഭാഷയും വ്യാഖ്യാനവും
കെ. ഉമർ മൗലവി

## പ്രകാശനവും ഖുർആൻ സെമിനാറും

2022 മെയ് 8 ഞായർ

### 9.30 AM: സെമിനാർ

സ്പാൻ ഓഡിറ്റോറിയം, കോഴിക്കോട്

ഖുർആനിന്റെ ഭാഷ:
അനുകരിക്കാനാവാത്ത അദ്വിതീയത
ജമാലുദ്ദീൻ ഫാറൂഖി

ഉപമാലങ്കാരങ്ങളുടെ സൗന്ദര്യശാസ്ത്രം:
ഖുർആനിന്റെ മാതൃക
മുഹമ്മദ് അഹ്മദ് ഫാറൂഖി

ചരിത്രകഥനങ്ങൾ:
ഖുർആനിന്റെ അത്ഭുതകരമായ കൃത്യത
സജ്ജാദ് ബിൻ അബ്ദുർറസാഖ്

പ്രപഞ്ചവിസ്മയങ്ങൾ: ഖുർആൻ നൽകുന്ന പാഠം
ഡോ. ടി.കെ. യൂസുഫ്

ഇണകളുടെ പ്രപഞ്ചം:
ഖുർആനിലും ക്വാണ്ടം ഭൗതികത്തിലും
എം.എം. അക്ബർ

മഹാവിസ്ഫോടനം:
പ്രപഞ്ചശാസ്ത്രത്തിന് ഖുർആനിന്റെ കൈയൊപ്പ്
പി.ഒ. ഉമർ ഫാറൂഖ്

ഭ്രൂണശാസ്ത്രവും ഖുർആനും
ഡോ. കെ. മുഹമ്മദ് പാണ്ടിക്കാട്

ക്ഷേമസാമ്പത്തികശാസ്ത്രം:
ഖുർആനിന്റെ പാഠങ്ങൾ
പ്രൊഫ. പി.പി. അബ്ദുർറശീദ്

ഇമ്പമുള്ള കുടുംബം:
സംതൃപ്തി പകരുന്ന ഖുർആനികപാഠങ്ങൾ
ഹാരിസ് ബ്നു സലീം

വ്യക്തിത്വ-നേതൃത്വ ഗുണവികാസങ്ങൾ:
ഖുർആനിന്റെ മാർഗദർശനം
കെ.സി. മുഹമ്മദ് നജീബ്

മനസ്സും ഖുർആനും
സുബൈർ മുസ്‌ലിയാരകത്ത്

വാർത്താവിനിമയം:
ഖുർആനിന്റെ വീക്ഷണത്തിൽ
ഷമീർ മദീനി, ആലുവ

കണ്ടെത്താത്തതും
ഖുർആൻ പ്രസ്താവിച്ചതും ശാസ്ത്രം
ഡോ. പി.കെ. അബ്ദുർറസാഖ് സുല്ലമി

യുഗാന്തശാസ്ത്രവും ഖുർആനും
ഹബീബ് ബ്നു ഉമർ

ഖുർആൻ പരിഭാഷകളുടെ സ്വാധീനം
കേരളീയ സമൂഹത്തിൽ
സുഫ്‌യാൻ അബ്ദുസ്സലാം

ഖുർആനിലെ ആവർത്തിത വചനങ്ങൾ:
ഒരു പഠനം
ബഷീർ സലഫി പൂളപ്പൊയിൽ

### 7.15 PM: തർജുമാനുൽ ഖുർആൻ പ്രകാശനം

പങ്കെടുക്കുന്നവർ:

- അഹമദ് ദേവർകോവിൽ (തുറമുഖ, മ്യൂസിയം മന്ത്രി)
- ശൈഖ് അബ്ദുല്ലത്തീഫ് അബ്ദുസ്സമദ് അൽകാതിബ്
- സി.പി. ഉമർ സുല്ലമി
- ടി.പി. അബ്ദുല്ലക്കോയ മദനി
- കുഞ്ഞി മുഹമ്മദ് പറപ്പൂർ

-സൽസബീൽ ബുക്സ്